KNANAYADEEPAM

# ക്നാനായദീപം

Vol: 35 / Issue: 10 October 2024 ₹:10/-



## 4th Death Anniversary

16-10-2024

# P.S. Abraham

(Kunjumon)

Puthenveetil, Chingavanam



*"I am the resurrection and the life. He who believes in me will live, even though he dies"*

John 11:25



## 2nd Death Anniversary

28-10-2024

# T.C. Chacko

(Chackochen)

Koithra, Kurichy

*"I have fought the good fight, I have finished the race, I have kept the faith"*

2 Timothy 4:7

Advt - G

# ക്നാനായ ദീപം

2024 ഒക്ടോബർ | പുസ്തകം 35 | ലക്കം 10

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

22-ാം ശ്രാദ്ധപ്പെരുന്നാൾ 07

സ്വയമറിയുക പരസ്പരവും 08
റ്റി. സി. തോമസ് തോപ്പിൽ

അനശ്വരമായ ആത്മാവ് 09
ഫാ. ആൺഡ്രൂസ് കടപ്പനങ്ങാട്ട്

സവിശേഷമായത് എന്ത് നാം... 10
റ്റി.കെ. തോമസ് തൈക്കുറിഞ്ഞിയിൽ

സൺഡേ സ്കൂൾ... 19
സുനിൽ ഡി. കുരുവിള

തായ്‌വേരളിഞ്ഞുപോയാൽ... 21
അമ്മാൾ രാജൻ പുളിമൂട്ടിൽ

പ്രൊഫ. ഡോ. മറിയാമ്മ കുരുവിള... 22
പ്രൊഫ. ഡോ. അന്നമ്മ ജേക്കബ് മള്ളൂശ്ശേരിൽ

മനുഷ്യരോട് മത്സരിച്ച്.... 24
സീമ ഷിന്റോ കന്നിയേൽ

ഏവൻഗേലിയോൻ ദീപം 25
നെൽസൺ സ്കറിയ ഇളവൻകളം

Five Corwns in Bible 27
മിനി റെജി പടിയറ

മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ് 29

30 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

39 നിത്യ സത്യങ്ങളെക്കുറിച്ചുള്ള....
പ്രൊഫ. എം. എ. ഏബ്രഹാം, മണിമലേത്ത്

41 A Summary of the Gospel...
Meekhal Rachel Thomas

43 ഇങ്ങനെ സാത്താന്റെ ഭരണം...
ജയ്നമ്മ മർക്കോസ് നടുവിലേപ്പറമ്പിൽ

44 1679-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം
അനീഷ് റ്റി.സി. തകിടിയിൽ

46 മല്പാനോട് ചോദിക്കാം

47 കാൽപ്പാടുകൾ - എബി

48 മാട്രിമോണിയൽ


SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Abraham Mathew (Roy Achan)**
**Cor Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby)
Komarathumparambil
Mathew Abraham (Wailskutty),
Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary


Visit www.
knanayadeepam.in


**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**


ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




**കർത്താവിൽ പ്രിയ ക്നാനായദീപം വായന ക്കാർക്ക് ക്രിസ്തുയേശുവിന്റെ നാമത്തിലുള്ള സ്നേഹവന്ദനം.**

കർത്താവിൽ പ്രിയരെ,

മനുഷ്യൻ പല കാരണങ്ങളാൽ വേദനിക്കുന്നവരാണ്. ശാരീരിക വേദന, മാനസിക വേദന രോഗങ്ങളാലുള്ള വേദ ന, അവഗണനകളാലും കയ്പേറിയ അനുഭവങ്ങളാലും മറ്റും ഉള്ള വേദനകൾ പലതരത്തിലുണ്ട്. സമസൃഷ്ടങ്ങളോടുള്ള മനുഷ്യന്റെ ക്രൂരപ്രവർത്തികൾ, കൊടും വഞ്ചനകൾ, അപ കടങ്ങൾ, മാരക രോഗങ്ങൾ എന്നിവ മനുഷ്യരുടെ വേദന കളെ വർദ്ധിപ്പിക്കുന്ന ഘടകങ്ങളായി മാറിയിരിക്കുന്നു. ഇങ്ങനെ വേദനകളിൽ നീറിപ്പിടയുന്ന വരുടെ അടുക്കൽ കരു തലോടെ കടന്നുചെന്ന് വേദന ദുരീകരിക്കുകയോ ലഘൂക രിക്കുകയോ ചെയ്യുന്ന ആത്മാർത്ഥമായ ജീവകാരുണ്യ പരി ശ്രമമാണ് ഇന്ന് ആവശ്യം. വേദന നിവാരണ ശുശ്രൂഷ ചെയ്യേണ്ട സഭ ഇന്ന് കക്ഷികൾ തിരിഞ്ഞ് കേസുകൾ നടത്തി വിജയം നേടാൻ ശ്രമിക്കുകയാണ്. ആര് ജയിച്ചാലും സഭ പരാജയപ്പെടുകയാണ്. എന്റെ ജനത്തെ ആശ്വസിപ്പീൻ എന്ന് നിങ്ങളുടെ ദൈവം അരുളി ചെയ്യുന്നു (യശയ്യ. 40:1). ക്രിസ്തുവിലുള്ള സ്നേഹവും തിരുവചനങ്ങളുമാണ് ആവ ശ്യം. അത്മഭാരത്തോടെ പ്രാർത്ഥിക്കുന്ന, ധനം, സമയം എന്നിവ ചെലവിടാനും മനസ്സുള്ളവർക്ക് ഈ ശുശ്രൂഷയിൽ പങ്കുചേരുവാനും സ്വന്തം ജീവിതത്തെ അർത്ഥവും ധന്യ വുമാക്കാനും സാധിക്കണം (2.കോരി. 1:4). ദൈവം ഞങ്ങളെ ആശ്വസിപ്പിക്കുന്ന ആശ്വാസംകൊണ്ട് ഞങ്ങൾ യാതൊരു കഷ്ടത്തിലുള്ളവരെ ആശ്വസിപ്പിപ്പാൻ ശക്തരാകേണ്ടതിനു ഞങ്ങൾക്കുള്ള കഷ്ടതയിൽ ഒക്കെയും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു. ജനമേ എല്ലാ കാലത്തും ദൈവത്തിൽ ആശ്രയിക്കുവീൻ. നിങ്ങളുടെ ഹൃദയം അവിടുത്തെ മുമ്പിൽ പകരുവീൻ ദൈവം നമുക്ക് സങ്കേതമാകുന്നു (സങ്കീ.62:8). ഇത് ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊള്ളുവീൻ. ബുദ്ധിഹീനരാകാത കർത്താവിന്റെ ഇഷ്ടം ഇന്നതെന്നു ഗ്രഹിച്ചുകൊള്ളുവീൻ. ആത്മാവ് നിറഞ്ഞവ രായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയ ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയ ത്തിൽ കർത്താവിന് പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവനു എല്ലായ്പ്പോഴും എല്ലാത്തിനുവേണ്ടിയും സ്തോത്രം ചെയ്തു കൊൾവീൻ (എഫേ. 5:16-20).

ഈ യാഥാർത്ഥ്യത്തിന്റെ അഭാവമാണ് സഭയുടെ പരാ ജയത്തിന്റെ കാരണം. വിശ്വാസം വളരെ കുറവുള്ള ഒരു തല മുറയാണ് ഇന്നത്തേത്. സഭയിലും സമുദായത്തിലും അവർ കാണുന്ന പലതരത്തിലുള്ള അനീതിയും ആത്മാർത്ഥതയി ല്ലായ്മയും കേസുകളും വഴക്കുകളും സഭാ നേതാക്കന്മാർ തമ്മിലുള്ള പോരുകളും അവരെ അസ്വസ്ഥരാക്കുന്നു. പ്രസം ഗവും വിശ്വാസവും ആചാരങ്ങളും എല്ലാം ഒരു വശത്ത്, അവ

**വിശ്വാസം വളരെ കുറവുള്ള ഒരു തലമുറയാണ് ഇന്നത്തേത്. സഭയിലും സമുദായത്തിലും അവർ കാണുന്ന പലതരത്തിലുള്ള അനീതിയും ആത്മാർത്ഥതയില്ലായ്മയും കേസുകളും വഴക്കുകളും സഭാ നേതാക്കന്മാർ തമ്മിലുള്ള പോരുകളും അവരെ അസ്വസ്ഥരാക്കുന്നു. പ്രസംഗവും വിശ്വാസവും ആചാരങ്ങളും എല്ലാം ഒരു വശത്ത്, അവയോട് പൊരുത്തമില്ലാത്ത ജീവിതവും പ്രവർത്തിയും മറുവശത്ത്. ഈ വിരോധാഭാസമാണ് സഭയുടെ പരാജയ കാരണം.**

യോട് പൊരുത്തമില്ലാത്ത ജീവിതവും പ്രവർത്തിയും മറുവ ശത്ത്. ഈ വിരോധാഭാസമാണ് സഭയുടെ പരാജയ കാര ണം. ഭക്തിയുടെ ചേഷ്ടകളും വേഷങ്ങളും കൊണ്ട് ആത്മീയ തൃപ്തിയടയാൻ പാടില്ല. ആത്മീയത സ്വഭാവ ത്തേയും പ്രവർത്തികളേയും വ്യക്തിയേയും സ്വാധീനിക്കു കയും രൂപാന്തരപ്പെടുത്തുകയും വേണം. ലൗകീക കാര്യ ങ്ങൾക്കൊപ്പം നിത്യജീവൻ നഷ്ടമാകാൻ ഇടയാകാത്ത വിധം ജീവിതത്തെ സൂക്ഷിക്കുന്നവരും ആയിരിക്കണം. ആത്മാവുള്ള ഏക ജീവി മനുഷ്യനാകയാൽ അവൻ ആത്മാ വിനെ നഷ്ടമാക്കരുത്. ഈ ഭൂമിയിലെ ജീവിതത്തിൽ ആത്മീയ വളർച്ചയും ഉണർവ്വും സന്തോഷവും ഉള്ളവരായി രിക്കേണ്ടതാണ്. ഏതു കാലഘട്ടത്ത് ജീവിക്കുന്നവരായാലും ദൈവത്തിൽ ആശ്രയിക്കുകയും ഹൃദയം ദൈവസന്നിധിയിൽ പകരുകയും ദൈവത്തിൽ ശരണപ്പെടുകയും ചെയ്യണം. അതായത് ദൈവസന്നിധിയിൽ അനുതപിച്ച് മാനസാന്തര പ്പെട്ട് ആത്മ രക്ഷ പ്രാപിക്കുകയും ദൈവത്തെ മാത്രം ആരാ ധിക്കുകയും പ്രാർത്ഥനക്ക് പ്രാധാന്യം നൽകുകയും ചെയ്യ ണം. കഷ്ടങ്ങളും പ്രതികൂലങ്ങളും അനുഭവപ്പെടുമ്പോൾ കഷ്ടം സഹിക്കുകയും മരണത്തെ ജയിച്ച് ഉയിർത്തെഴു ന്നേറ്റ യേശുക്രിസ്തുവിലുള്ള അടിയുറച്ച വിശ്വാസം ഉള്ള വരായിരിക്കണം. ദൈവത്തിൽ വിശ്വസിച്ച അബ്രഹാം മുതൽ പ്രവാചകന്മാർ അപ്പോസ്തലന്മാർ എല്ലാവർക്കും പ്രതിസ ന്ധികളും കഷ്ടപ്പാടുകളും ഉണ്ടായിട്ടുണ്ട്. ദൈവം അവരെ യെല്ലാം അനശ്വരന്മാരാക്കി നിർത്തിട്ടുണ്ട്. അതിനാൽ മാന സാന്തരപ്പെട്ട് നിത്യജീവന് അർഹരായിത്തീരാൻ എല്ലാവരുടെ ഹൃദയങ്ങളിലും ആഗ്രഹവും തീരുമാനവും ഉണ്ടായെങ്കിൽ എത്ര നന്നായിരുന്നു എന്ന് ഓർപ്പിച്ചുകൊണ്ട് നിർത്തുന്നു.

**എന്ന്**

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



പ്രിയരെ,

1679-ാമത് ക്നാനായ സിറിയൻ കുടിയേറ്റ വാർഷികം റാന്നി സെന്റ്തോമസ് വലിയപള്ളിയിൽ ക്നാനായ കോൺഗ്രസിന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. മെയ് മാസത്തിൽ നടത്തുവാൻ നിശ്ചയിരുന്നതാണെങ്കിലും ചില കാരണങ്ങളാൽ അത് മാറ്റി വയ്ക്കുകയും സെപ്റ്റംബർ 21, 22 തീയതികളിൽ നടത്തുകയും ചെയ്തു. മീറ്റിംഗുകളും, കലാപരിപാടികളും ഏറെ ആകർഷകമായി. ഇത് സംഘടിപ്പിച്ച ക്നാനായ കോൺഗ്രസ് പ്രസിഡന്റ് അച്ചൻ, വൈസ് പ്രസിഡന്റുമാർ, സെക്രട്ടറി, ട്രസ്റ്റി ഉൾപ്പെടെ കേന്ദ്ര കമ്മറ്റിയെ മുക്തകണ്ഠം പ്രശംസിക്കുന്നു. ഇത് അനുഗ്രഹപ്രദമായി നടത്തുവാൻ മുൻകൈ എടുത്തു പ്രവർത്തിച്ച റാന്നി സെന്റ്തോമസ് വലിയപള്ളി വികാരി അച്ചൻ, ട്രസ്റ്റി, സെക്രട്ടറി, കമ്മറ്റി അംഗങ്ങൾ, ക്നാനായ കോൺഗ്രസ് റാന്നി മേഖലാ ഭാരവാഹികൾ ഉൾപ്പെടെയുള്ളവരെ അനുമോദിക്കുന്നു. സമാജം ഈ വർഷവും മുടങ്ങാതെ നടത്തുവാൻ സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു.

ക്നാനായ സമുദായത്തെ 52 വർഷം ശുശ്രൂഷിച്ച് ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയ കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ കൂബർ നീത്തി ഹാക്കിമോ പുണ്യശ്ലോകനായ ഏബ്രഹാം മോർ ക്ലീമീസ് മെത്രാപ്പോലീത്തായുടെ 22-ാമത് ശ്രാദ്ധപ്പെരുന്നാൾ വളരെ ശ്രേഷ്ഠമായ രീതിയിൽ ആചരിക്കുവാൻ സാധിച്ചു. അഭി. പിതാവ് കബറടങ്ങിയിരിക്കുന്ന ചിങ്ങവനം സെന്റ്ജോൺസ് ദയറാപള്ളിയുടെ നേതൃത്വത്തിൽ പുണ്യപിതാവിനെ സ്മരിക്കുവാനും, പ്രാർത്ഥിക്കുവാനും ഇടയായി. ഇതിനെല്ലാം നേതൃത്വം നല്കിയ ചിങ്ങവനം ദയറാപള്ളി വികാരി, ട്രസ്റ്റി, സെക്രട്ടറി, കമ്മറ്റി അംഗങ്ങൾ, ശ്രാദ്ധപ്പെരുന്നാൾ കമ്മിറ്റി കൺവീനർ, ഉൾപ്പെടെ വിശ്വാസ സമൂഹത്തെ മുക്തകണ്ഠം പ്രശംസിക്കട്ടെ. നമ്മെ നയിച്ച പിതാക്കന്മാരെ സ്മരിക്കുമ്പോൾ അവരുടെ നല്ല മാതൃകകൾ സ്വീകരിക്കുവാനും, അവ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കാനും നമുക്ക് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സഭാ കലണ്ടറിൽ നവവർഷം കുറിക്കുന്ന കൂദേശ് ഈത്തോ നവംബർ മൂന്ന് ഞായറാഴ്ചയാണല്ലോ. സഭയുടെ വിശുദ്ധീകരണം ആകയാൽ നാമാകുന്ന ഓരോ വിശ്വാസിയും വിശുദ്ധീകരിക്കപ്പെട്ട്, കൂദോശ് ഈത്തോയെ തുടർന്നുള്ള ക്രിസ്തുമസ്സിന്റെ ഒരുക്കകാലത്തും, ക്രിസ്തുമസ്സിലും വിശുദ്ധീകരിക്കപ്പെട്ട വിശ്വാസസമൂഹമായി തീർന്ന് ദൈവപുത്രനായ യേശുവിന്റെ മനുഷ്യാവതാരത്തെ അനുസ്മരിക്കുവാൻ ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഈ വർഷത്തെ കൂദോശ് ഈത്തോ അനുസ്മരണം ദൈവസന്നിധിയിൽ നമ്മെ സമർപ്പിച്ച് ജീവിതത്തെ പുതിയ തലങ്ങളിലേക്ക് നയിക്കുവാൻ ശ്രമിക്കാം.

ഒക്ടോബർ 2 ഗാന്ധി ജയന്തി ദിനമായിരുന്നുവല്ലോ. ഭാരതത്തിന് മാത്രമല്ല ലോകത്തിനാകമാനം ഒരു പുതിയ ദിശാബോധവും, മാതൃകയും അവശേഷിപ്പിച്ചതിൽ മഹാത്മാഗാന്ധിയുടെ പങ്ക് ശ്രേഷ്ഠമാണ്. ആ ലാളിത്യവും, പാവപ്പെട്ടവരോടുള്ള ഐക്യദാർഢ്യവുമെല്ലാം എന്നും മാതൃകയാണ്. വിദ്വേഷത്തിന്റെ മാർഗ്ഗമല്ല മഹാത്മാവ് കാണിച്ചുതരുന്നത്, സമാധാനത്തിന്റെ മാർഗ്ഗമായിരുന്നുവല്ലോ. അത് നമ്മെയും നയിക്കുവാൻ ഇടയാകട്ടെ. ഗാന്ധിജിയുടെ ജീവിത സന്ദേശം നമ്മെ നയിക്കുവാൻ ഇടയാകട്ടെ.

ഒക്ടോബർ 1 വയോജന ദിവസമായി ആചരിച്ചു. മുതിർന്ന തലമുറയുടെ അധ്വാനമാണ് നമ്മെ നടത്തുന്നത്. അവർ നമുക്കുവേണ്ടി പ്രവർത്തിച്ചതിനെയും അവരുടെ ജീവിതമാതൃകയും ഉൾക്കൊണ്ട് അവരെ കരുതുവാനും, അവർക്ക് തുണയായിത്തീരാനും ശ്രമിക്കാം. മറ്റുള്ളവരാൽ അവഗണിക്കപ്പെടാതെ അവരുടെ പ്രാധാന്യത്തെ ഉൾക്കൊണ്ട് അവർക്ക് ആശ്വാസമാകാൻ നമ്മുക്ക് സാധിക്കണം.

ഇന്ന് നാം അധിവസിക്കുന്ന ലോകത്ത് എവിടെയും അധാർമ്മികതയുടെ വിത്തുകൾ മുളച്ച് വലുതാകുന്ന ചിത്രമാണ് കാണാൻ സാധിക്കുന്നത്. അധാർമ്മികത നമ്മെ തന്നെ ഇല്ലാതാക്കും മാത്രമല്ല അവ പ്രവർത്തിച്ചാൽ ഒരു ദിവസം അതെല്ലാം പുറത്ത് വരുമെന്നത് നിശ്ചയമാണ്. ധാർമ്മികതയുടെ പ്രചാരകരായും, പ്രവർത്തകരായും തീർന്ന് പ്രവർത്തിക്കുവാൻ ശ്രമിക്കേണ്ടതുണ്ട്.

2024 വർഷത്തെ പത്താം മാസത്തിലും നമ്മെ പരിപാലിക്കുന്ന ദൈവസന്നിധിയിൽ സ്തുതി കരേറ്റിക്കൊണ്ട്, എല്ലാ അനുഗ്രഹങ്ങളും ഏവർക്കും നേരുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ
**സേവേറിയോസ് കുറിയാക്കോസ്**
**(സമുദായ മെത്രാപ്പോലീത്ത)**

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ,

ക്നാനായ സമുദായത്തിലെ പ്രതിസന്ധികൾ തീർക്കുന്നതിനുവേണ്ടി ക്നാനായ അസോസിയേഷന്റെ തീരുമാനപ്രകാരം ക്നാനായ കമ്മറ്റിയും വൈദിക കൗൺസിലും യോഗം ചേരുകയും, അവരുടെ ആവശ്യപ്രകാരം ക്നാനായ സമുദായമെത്രാപ്പോലീത്ത 2024 സെപ്റ്റംബർ മാസം 13–ാം തീയതി സമുദായത്തിലെ മൂന്ന് സഹായമെത്രാൻമാർക്കും കത്ത് അയക്കുകയും ഒക്ടോബർ മാസം 1–ാം തീയതി 10.30 ന് അപ്രേം സെമിനാരിയിൽ സമുദായമെത്രാപ്പോലീത്തായുടെ സാന്നിധ്യത്തിൽ ക്നാനായ സമുദായ മാനേജിംഗ് കമ്മറ്റിയും, വൈദിക കൗൺസിലും സംയുക്തമായി സഹായമെത്രാൻമാരുമായി അനുരഞ്ജന ചർച്ച നടത്തുകയാണെന്നും ആയതിൽ വന്ന് സംബന്ധിക്കണമെന്നും കത്ത് അയക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ക്നാനായ കമ്മറ്റിയും, വൈദിക കൗൺസിലും സമുദായ മെത്രാപ്പോലീത്തായുടെ സാന്നിധ്യത്തിൽ രാവിലെ 10.30 മുതൽ ഒരു മണിവരെയും അവരെ കാത്തിരുന്നു എങ്കിലും അവർ അനുരഞ്ജന മീറ്റിംഗിൽ വന്നില്ല എന്ന് മാത്രമല്ല വരികയില്ല എന്ന് അറിയിക്കുകപോലും ചെയ്തില്ല.

ആയതിനാൽ സംയുക്തമായ ആ മീറ്റിംഗിൽ എടുത്ത തീരുമാനം ഇനിയും ക്നാനായ സമുദായം മുൻകൈയെടുത്ത് അനുരഞ്ജനത്തിന് തുനിയുകയില്ല എന്നും, സഹായമെത്രാൻമാർക്ക് എന്നെങ്കിലും അനുരഞ്ജന മീറ്റിംഗ് നടത്തണമെന്ന് ആവശ്യപ്പെട്ടാൽ മാത്രം മീറ്റിംഗ് കൂടിയാൽ മതിയെന്നും തീരുമാനിച്ചു പിരിയുകയാണ് ഉണ്ടായത്.

സമുദായ മെത്രാപ്പോലീത്തായുടെ മേൽ പാത്രിയർക്കീസ് ബാവ എടുത്ത നടപടിക്ക് എതിരെ സമുദായ സ്നേഹികൾ കൊടുത്ത കേസിൽ കോട്ടയം കോടതി പാത്രിയർക്കീസ് ബാവായുടെ നടപടികൾ സ്റ്റേ ചെയ്യുക ഉണ്ടായല്ലോ. ആ കേസ് കോട്ടയം ജില്ലാകോടതിയിൽ പാത്രിയർക്കീസ് ബാവ തന്നെ അപ്പീൽ കൊടുത്തിരിക്കുകയാണ്. ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു പാത്രിയർക്കീസ് ക്നാനായ സമുദായത്തെയും സമുദായ മെത്രാപ്പോലീത്തായെയും ഒന്നും രണ്ടും പ്രതികളാക്കി ക്നാനായ സമുദായത്തിനെതിരെ കേസ് കൊടുത്തിരിക്കുന്നത്. ഇതിനുതക്ക എന്ത് പാതകമാണ് ക്നാനായ സമുദായം അന്ത്യോഖ്യാ പാത്രിയർക്കീസിനോട് ചെയ്തത് എന്ന് ക്നാനായ ജനത്തിന് മനസ്സിലാകുന്നില്ല.

യാക്കോബായ ഓർത്തഡോക്സ് സഭാ കേസിൽപോലും പാത്രിയർക്കീസ് ബാവ നേരിട്ട് കോടതിയിൽ കേസ് കൊടുത്തിട്ടില്ല എന്ന് നാം വിസ്മരിക്കരുത്. സുപ്രീംകോടതി അനുവദിച്ചു തന്ന ക്നാനായഭരണഘടന അനുസരിച്ച് സമുദായം പ്രവർത്തിക്കുന്നത് കൊണ്ടാണ് ബാവ സമുദായത്തെ കോടതിയിൽ വ്യവഹാരത്തിലേയ്ക്ക് വലിച്ച് ഇടുന്നത് എന്ന് മനസ്സിലാക്കുന്നു. ഒക്ടോബർ 3–ാം തീയതി മുതൽ കോട്ടയം ജില്ലാ കോടതിയിൽ കേസ് തുടങ്ങി കഴിഞ്ഞു. ക്നാനായ സമുദായത്തിന്റെ നിലനിൽപ്പിനു വേണ്ടിയുള്ള ഈ നിയമയുദ്ധത്തിൽ സമുദായത്തിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണമേ എന്ന് അപേക്ഷിക്കുന്നു.

കുറിച്ചി മോർ ഇഗ്നാത്തിയോസ് ദൈവാലയത്തിൽ അവരുടെ ക്ഷണം അനുസരിച്ച് ആ ദൈവാലയത്തിൽ വി. കുർബ്ബാന അർപ്പിക്കുന്നതിനുവേണ്ടി സമുദായ മെത്രാപ്പോലീത്താ അവിടെ പോയപ്പോൾ കരുതിക്കൂട്ടി അദ്ദേഹത്തെ ഉപദ്രവിക്കുന്നതിനുവേണ്ടി ശ്രമിച്ച റിജോ കരിമ്പന്നൂർ എന്ന വ്യക്തി ഇപ്പോൾ സോഷ്യൽ മീഡിയായിൽ മെത്രാപ്പോലീത്തായെ അപകീർത്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നത് വളരെ ഗൗരവത്തോടെയാണ് സമുദായം നോക്കിക്കാണുന്നത്. അദ്ദേഹം അതിൽ നിന്ന് പിന്മാറിയില്ലെങ്കിൽ അദ്ദേഹത്തിന് എതിരെ നിയമനടപടികളുമായി സമുദായം മുന്നോട്ട് പോകുന്നതായിരിക്കും.

ഒരേ സമുദായക്കാരായ ക്നാനായ കത്തോലിക്ക സമുദായവും ക്നാനായ സുറിയാനി സമുദായവും പണ്ടുമുതലേ വിവാഹബന്ധത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നവരാണ്. ഈ കാലയളവിൽ അതിന്റെ വ്യാപ്തി വളരെ വർദ്ധിച്ചിട്ടുണ്ട്. ഈ രണ്ട് സമുദായങ്ങൾക്കും മാത്രമേ അവരവരുടെ എൻഡോഗമി നിലനിർത്തി മുന്നോട്ടു പോകുവാൻ സാധിക്കുകയുള്ളൂ.

ഈ കഴിഞ്ഞ മാസം ഒരു ക്നാനായ കത്തോലിക്ക കുടുംബം സുറിയാനി വിഭാഗത്തിലേയ്ക്ക് അവരുടെ കുഞ്ഞിനെ മാമോദീസ മുക്കി ചേർക്കുകയുണ്ടായി. ഇതിന് യാതൊരു നിയമതടസ്സവുമില്ല. ചിലയാളുകൾ ഇതിനെതിരെ സോഷ്യൽ മീഡിയായിൽ സമുദായത്തെ അപകീർത്തിപ്പെടുത്തുന്നുണ്ട്. ക്നാനായക്കാർ ആണെന്ന് ശരിയായ രേഖകളുമായി വന്നാൽ ക്നാനായ കത്തോലിക്കാവിഭാഗത്തിലെ കുടുംബങ്ങളുമായി വിവാഹബന്ധത്തിൽ ഏർപ്പെടുന്നതിനും, കുഞ്ഞുങ്ങളെ മാമോദീസ മുക്കുന്നതിനും യാതൊരു നിയമതടസ്സവും ഇല്ല എന്ന് അറിയിക്കുന്നു.

സമുദായ മെത്രാപ്പോലീത്തായും, സമുദായ സെക്രട്ടറിയും അമേരിക്കൻ പര്യടനത്തിൽ സമുദായത്തിന് സംഭാവന തന്നവരുടെ ലിസ്റ്റ് പള്ളി അടിസ്ഥാനത്തിൽ കഴിഞ്ഞ ലക്കം ക്നാനായ ദീപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓരോ വ്യക്തികളുടെയും പേര് എഴുതി രസീത് കൊടുത്തിട്ടുണ്ട്. ഇതിനെ വിമർശിച്ചുകൊണ്ട് ചിലർ സോഷ്യൽ മീഡിയായിൽ പ്രതികരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. ആരുടെയെങ്കിലും പണം വരവ് വെക്കാതിരിക്കുകയോ മറ്റ് എന്ത് സംശയവും നിവർത്തിക്കണമെങ്കിൽ എന്നെ നേരിട്ട് ബന്ധപ്പെടണം എന്ന് അഭ്യർത്ഥിക്കുന്നു.

2024 നവംബർ 17–ാം തീയതി ഈ വർഷത്തെ മെരിറ്റ് അവാർഡ് ദാനം നടക്കുകയാണ്. ഉയർന്ന മാർക്ക് വാങ്ങി ജയിച്ച വിദേശത്തും സ്വദേശത്തുമുള്ള ക്നാനായ സമുദായത്തിലെ കുട്ടികൾ ഇതിന് അർഹരാണ്. അവരുടെ മാർക്ക്ലിസ്റ്റിന്റെ കോപ്പി വികാരിയുടെ സാക്ഷ്യപത്രവുമായി ഒക്ടോബർ 31 ന് മുമ്പായി സമുദായ ഓഫീസിൽ എത്തിക്കേണ്ടതാണ്. മന്ത്രിമാരുടെയും സിവിൽ സർവീസ് ഉദ്യോഗസ്ഥന്മാരുടെയും സാന്നിദ്ധ്യത്തിൽ അവർക്ക് ക്നാനായ സമുദായ അവാർഡുകൾ സമ്മാനിക്കുന്നതാണ്.

റാന്നി മോതിരവയലിൽ സമുദായത്തിലെ നിർദ്ധനരായ ഭവനരഹിതർക്ക് വേണ്ടി നിർമ്മിച്ചുകൊണ്ടിരിക്കുന്ന സേവേ

റിയോസ് ഹൗസിംഗ് പ്രോജക്ടിന്റെ ആദ്യത്തെ ഭവനത്തിന്റെ നിർമ്മാണം ഏതാണ്ട് പൂർത്തീകരിക്കുകയാണ്. അടുത്ത വീടുകൾ നിർമ്മിക്കുന്നതിനുവേണ്ടി വിദേശത്തും സ്വദേശത്തും ഉള്ള ദൈവാലയങ്ങളും, അതുപോലെ സ്ഥാപനങ്ങളും, വ്യക്തികളും മുൻകൈയെടുത്ത് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ക്നാനായ സമുദായ മെത്രാപ്പോലീത്തായുടെ കല്പനകൾ ചില ദൈവാലയങ്ങളിൽ ചുരുക്കം വൈദികർ വായിക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടു. ഇത് യാതൊരു രീതിയിലും അനുവദിച്ച് കൊടുക്കുകയില്ല. അങ്ങനെയുള്ളവരുടെ ദൈവാലയങ്ങളിലെ വൈദികരുടെ പേര് വിവരം സമുദായത്തിൽ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ക്നാനായ സമുദായത്തിന്റെ പേര് മിസ് യൂസ് ചെയ്ത് ക്നാനായ സമുദായ ചാരിറ്റബിൾ ട്രസ്റ്റ് എന്നൊരു സംഘടന ആരോ രൂപീകരിച്ചതായി അറിയുവാൻ കഴിഞ്ഞു. ഈ സംഘടനയ്ക്ക് ക്നാനായ സമുദായവുമായി യാതൊരു ബന്ധവുമില്ല എന്ന് ക്നാനായ സമുദായത്തിലെ ജനങ്ങളെ അറിയിക്കുന്നു. ഇതിന്റെ ഓഹരിയെടുത്ത് ക്നാനായ സമുദായഅംഗങ്ങൾ വഞ്ചിതരാകരുത് എന്ന് അറിയിക്കുന്നു.

ക്നാനായ സമുദായ ബുക്ക് സെന്റർ ചിങ്ങവനത്ത് പ്രവർത്തിക്കുന്നുണ്ട്. സമുദായത്തിലെ ദൈവാലയങ്ങൾക്ക് ആവശ്യമുള്ള എല്ലാ സാധനങ്ങളും അവിടെ നിന്നും ലഭിക്കുന്നതാണ്. എല്ലാ ദൈവാലയങ്ങളും സാധനങ്ങൾ വാങ്ങുമ്പോൾ അവിടെനിന്ന് വാങ്ങണം എന്ന് അഭ്യർത്ഥിക്കുന്നു.

ക്നാനായ സമുദായ സെക്രട്ടറി
**റ്റി. ഒ. ഏബ്രഹാം, തോട്ടത്തിൽ**

---

# ഏബ്രഹാം മോർ ക്ലീമീസ് തിരുമേനിയുടെ 22-ാമത് ശ്രാദ്ധപ്പെരുന്നാൾ



പുണ്യശ്ലോകനായ ഏബ്രഹാം മോർ ക്ലീമീസ് വലിയ മെത്രാപ്പോലീത്തായുടെ 22-ാം മത് ശ്രാദ്ധപ്പെരുന്നാൾ 2024 സെപ്റ്റംബർ 29, 30 തീയതികളിൽ പുണ്യപിതാവ് കബറടങ്ങിയിരിക്കുന്ന ചിങ്ങവനം സെന്റ്ജോൺസ് ദയറാപള്ളിയിൽവെച്ച് നടത്തപ്പെട്ടു. 29-ാം തീയതി ഞായറാഴ്ച രാവിലെ വെരി.റവ. റോയി മാത്യു മുളമൂട്ടിൽ കോർ-എപ്പിസ്കോപ്പായുടെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബ്ബാനയും തുടർന്ന് വികാരി റവ.ഫാ. മാത്യു കുരുവിള എരുത്തിപ്പാട്ടിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ശ്രാദ്ധപ്പെരുന്നാളിന്റെ അനുസ്മരണ പ്രാരംഭ സമ്മേളനത്തിൽ ട്രസ്റ്റി ശ്രീ. രെഞ്ചു ചാക്കോ കോഴിമറ്റം സ്വാഗതം പറയുകയും ബഹു. കോട്ടയം എം.പി. അഡ്വ. ശ്രീ. ഫ്രാൻസീസ് ജോർജ് ഉദ്ഘാടനം ചെയ്യുകയും ചങ്ങനാശ്ശേരി എം.എൽ.എ. അഡ്വ.ശ്രീ. ജോബ് മൈക്കിൾ അനുസ്മരണ പ്രസംഗം നടത്തുകയും സെക്രട്ടറി ശ്രീ. ഏലിയാസ് പി.തോമസ് പാട്ടാശ്ശേരിൽ കൃതജ്ഞത അർപ്പിക്കുകയും ചെയ്തു. തുടർന്ന് റവ. ഫാ. ഡോ. മാർട്ടിൻ ശങ്കുരിക്കൽ നയിച്ച അഖില ക്നാനായ ബൈബിൾ ക്വിസ് മത്സരവും നടത്തപ്പെട്ടു. വൈകുന്നേരം സന്ധ്യാപ്രാർത്ഥനയും തുടർന്ന് കബറിങ്കലേക്ക് വന്ന തീർത്ഥാടകർക്ക് സ്വീകരണവും ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ അനുസ്മരണ സമ്മേളനവും നടത്തപ്പെട്ടു. വികാരി റവ.ഫാ. മാത്യു കുരുവിള എരുത്തിപ്പാട്ട് സ്വാഗതം അർപ്പിക്കുകയും ആദരണീയനായ ഗോവ ഗവർണർ അഡ്വ. പി.എസ്. ശ്രീധരൻപിള്ള ഉദ്ഘാടനം ചെയ്യുകയും അതിനോടനുബന്ധിച്ച് മോർ ക്ലീമീസ് ചാരിറ്റബിൾ പെയ്ൻ ആൻഡ് പാലിയേറ്റീവ് കെയർ പ്രോജക്ട് ബഹു. സഹകരണ രജിസ്ട്രേഷൻ തുറമുഖവകുപ്പ് മന്ത്രി ശ്രീ.വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്യുകയും ചങ്ങനാശ്ശേരി അതിരൂപത നിയുക്ത ആർച്ച് ബിഷപ്പ് അഭി. തോമസ് തറയിൽ മെത്രാപ്പോലീത്ത മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. എം.എൽ.എ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, സമുദായ സെക്രട്ടറി ശ്രീ.റ്റി. ഒ. ഏബ്രഹാം, തോട്ടത്തിൽ ക്നാനായ കമ്മറ്റി അംഗം ശ്രീ. തോമസുകുട്ടി തേവരുമുറിയിൽ, ദയറാപള്ളി ട്രസ്റ്റി ശ്രീ. രെഞ്ചു ചാക്കോ കോഴിമറ്റം എന്നിവർ അനുസ്മരണ പ്രഭാഷണം നടത്തുകയും ദയറാപള്ളി സെക്രട്ടറി ശ്രീ. ഏലിയാസ് പി. തോമസ് പാട്ടാശ്ശേരിൽ കൃതജ്ഞത അർപ്പിക്കുകയും ചെയ്തു. 30-ാം തീയതി രാവിലെ സമുദായ വലിയ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ വി.അഞ്ചിന്മേൽ കുർബ്ബാനയും കബറിങ്കൽ ധൂപപ്രാർത്ഥനയും തുടർന്ന് നേർച്ച വിളമ്പുമായി ശ്രാദ്ധപ്പെരുന്നാൾ സമംഗളം പര്യവസാനിച്ചു.

# സ്വയമറിയുക പരസ്പരവും

റ്റി. സി. തോമസ് തോപ്പിൽ, (ക്നാനായ സമുദായ ട്രസ്റ്റി)

ഈ ഭൂഗോളത്തിൽ അനന്തതയെ മുട്ടി നിൽക്കുന്ന ആകാശത്തിനു കീഴിൽ ഒരു കഴിവുപോലുമില്ലാത്ത ഒരു മനുഷ്യനുമില്ല. പ്രതിഭയുടെ സ്പുരണങ്ങൾ എല്ലാ മനുഷ്യന്റെയും ഹൃദയതാളങ്ങളിൽ ഉണ്ട്. തുരപ്പനെലി ദൈവത്തോടു പറഞ്ഞു ദൈവമേ എനിക്കു പാട്ടുപാടുവാൻ അറിയാമായിരുന്നെങ്കിൽ അങ്ങയുടെ മഹത്വം ഞാൻ പാടിഘോഷിക്കുമായിരുന്നു. ദൈവം പറഞ്ഞു കൊച്ചു ജീവി, നീ ഗായകനല്ലാത്തതുകൊണ്ട് വിഷാദിക്കേണ്ട നിന്നെ ഞാനാണു സൃഷ്ടിച്ചത്. ഭൂമിതുരന്നു പോകാനുള്ള നിന്റെ അത്ഭുതകരമായ കഴിവുകൊണ്ട് മനുഷ്യരിലെ വിദഗ്ദരായ എൻജിനീയർപോലും വിസ്മയിച്ചുപോകുന്നു. സൂക്ഷ്മമമായ ഉപകരണങ്ങൾകൊണ്ടുമാത്രം ചെയ്യാവുന്ന കാര്യങ്ങൾ ഉപകരണം കൂടാതെ ചെയ്യുന്നു. നിന്നെ നോക്കി മനുഷ്യർ വിസ്മയിക്കുമ്പോൾ എന്റെ മഹത്വമാണ് പ്രകീർത്തിക്കപ്പെടുന്നത്. കാരണം നിന്നെ സൃഷ്ടിച്ചതു ഞാനാണ്. മത്സ്യം പറഞ്ഞു ദൈവമേ എനിക്കു ചിറകു ലഭിച്ചിരുന്നെങ്കിൽ അങ്ങയെ സ്തുതി ചെയ്തുകൊണ്ട് അന്തരീക്ഷത്തിൽ ഞാൻ പറന്നു നടക്കുമായിരുന്നു. ദൈവം പറഞ്ഞു അല്ലയോ ജലജീവി നീ വിഷാദിക്കേണ്ട. ആഴിയുടെ അഗാധത്തിലെ സൂഷ്മരഹസ്യങ്ങൾ മനുഷ്യരേക്കാൾ അധികമറിയുന്നത് നീയാണ്. എന്റെ സൃഷ്ടിയായ നിന്റെ കഴിവുകൾ എനിക്കുള്ള മഹത്വമാണ്. നിനക്കു ജന്മം നൽകിയതിൽ ഞാൻ സന്തോഷിക്കുന്നു.

നമ്മുടെ ജോലികൾ നിസ്സാരമാണെന്നോ, നമ്മുടെ സ്ഥാനമാനങ്ങൾ ഗണനീയമല്ലെന്നോ അന്യരുടെ ശ്രദ്ധ പിടിച്ചു പറ്റത്തക്ക കഴിവുകൾ ഇല്ലെന്നോ, ചിന്തിച്ചു നിരാശപ്പെടരുത്. ദൈവം നമ്മെ ഓരോരുത്തരെയും സവിശേഷമായ താലന്തുകൾ നൽകിയാണ് സൃഷ്ടിച്ചിരിക്കുന്നത്. ലഭിച്ച താലന്തുകൾ തിരിച്ചറിഞ്ഞ് പരമാവധി പ്രയോജനപ്പെടുത്തണം. പരാതിപ്പെടുന്ന മനസ്സുള്ളവർ ഒരിക്കലും സന്തുഷ്ടരോ സന്തോഷം നിറഞ്ഞവരോ ആവുകയില്ല. ദൈനംദിന ജീവിതത്തിൽ നമ്മൾ ഏറ്റവും കൂടുതൽ കേട്ടുവരുന്ന അല്ലെങ്കിൽ ചോദിച്ചുകൊണ്ടിരിക്കുന്ന ഒരു ചോദ്യമാണ് "നിങ്ങൾ ആരാണ്" എന്നത്. വളരെ നിസ്സാരമായ ഒരു ചോദ്യമാണ് അതെന്ന് കരുതിയാണ് ഒരുവൻ മറ്റൊരുവനോട് ഈ ചോദ്യം ചോദിക്കുന്നത്. അതുകൊണ്ടുതന്നെ യാതൊരു സംശയവും കൂടാതെയാണ് ഒരാൾ ഈ ചോദ്യത്തിനുത്തരം നൽകുന്നതും. ചിലപ്പോൾ ഒരു പേര് അല്ലെങ്കിൽ തൊഴിലോ സ്ഥാനമാനങ്ങളോ ഒക്കെ ഇതിനുള്ള ഉത്തരമാകാം. ഇത്രയും കേട്ടാൽ ചോദ്യം ഉന്നയിച്ചവന് നിങ്ങൾ ആരാണെന്നു മനസ്സിലായതുപോലെയാണു തോന്നുക. വാസ്തവത്തിൽ ഈ ഒരു ചോദ്യത്തിനു ഒരാൾ എന്തു തന്നെ ഉത്തരം പറഞ്ഞാലും ഈ ഉത്തരത്തിന് അയാളുമായി എത്ര ബന്ധമുണ്ടെന്ന് സത്യസന്ധമായി ചിന്തിച്ചു നോക്കിയാൽ വലിയ ബന്ധമൊന്നുമില്ലെന്നു ഒരറിവിലെത്തിച്ചേരും.

സ്വയമറിയുകയും പരസ്പരം അറിയുകയും ചെയ്യാതെയുള്ള ജീവിത യാത്രയാണ് നമ്മുടേത്. ഒരിക്കൽ ഒരു ബിഷപ്പ് കപ്പലിൽ യാത്ര ചെയ്യുകയായിരുന്നു. രണ്ടുപേർക്കു താമസ്സിക്കുന്നതിനുള്ള ഒരു മുറിയാണ് അദ്ദേഹത്തിനു ലഭിച്ചത്. തന്റെ കൂടെ യാത്ര ചെയ്യുന്ന ആളിനെ കണ്ടപ്പോൾ ബിഷപ്പിനു ഒരു മുൻവിധി ഉണ്ടായി. ഇയാൾ കാഴ്ചയിൽ ഒരു നല്ല മനുഷ്യനാണെന്നു തോന്നുന്നില്ല. തന്റെ പക്കലുള്ള വിലപിടിപ്പുള്ള സാധനങ്ങൾ ഇയാൾ രാത്രിയിൽ മോഷ്ടിച്ചാൽ കുഴപ്പമാകും. ഇതേ തുടർന്ന് ബിഷപ്പ് വിലകൂടിയ വാച്ചും സ്വർണ്ണമോതിരവും കൈയ്യിലുണ്ടായിരുന്ന പണവും എവിടെയെങ്കിലും ഭദ്രമായി സൂക്ഷിക്കണമെന്നു കരുതി. തുടർന്ന് അദ്ദേഹം കൈയ്യിലുണ്ടായിരുന്ന സാധനങ്ങളെല്ലാം കപ്പലിലെ ചുമതലക്കാരനായ ഒരു വലിയ ഉദ്യോഗസ്ഥനെ ഏല്പിക്കുകയും ചെയ്തു. അപ്പോൾ ഉദ്യോഗസ്ഥൻ ചോദിച്ചു. ഇപ്പോൾ ഇതെല്ലാം എന്നെ ഏല്പിക്കുന്നതെന്തിനാണ്? ബിഷപ്പ് പറഞ്ഞു. എന്റെ കൂടെ യാത്ര ചെയ്യുന്ന ആൾ അത്ര പരമാർത്ഥിയാണെന്നു തോന്നുന്നില്ല. അപ്പോൾ ആ ഉദ്യോഗസ്ഥൻ പറഞ്ഞു താങ്കളുടെ സഹയാത്രികനും അങ്ങയെ സംശയിച്ചിട്ട് അദ്ദേഹത്തിന്റെ വിലപിടിപ്പുള്ള സാധനങ്ങൾ എന്നെ ഏല്പിച്ചിരിക്കയാണ്. ബിഷപ്പ് ഒന്നു ഞെട്ടി. നിങ്ങൾ ആരാണെന്നു സ്വയം തിരിച്ചറിയുകയും മറ്റുള്ളവരെ മനസ്സിലാക്കുകയും ചെയ്യുക എന്നുള്ളത് വളരെ പ്രധാനമാണ്. സ്വയമറിഞ്ഞ ഒരാൾക്ക് തന്റെ മുന്നിൽ വരുന്ന എന്തിനേയും ഉചിതമായി കൈകാര്യം ചെയ്യാനുള്ള കഴിവുണ്ടാകും.

നമുക്കു നമ്മുടെ വില മനസ്സിലാക്കാൻ കഴിഞ്ഞാൽ ജീവിതത്തിന്റെ ഓരോ ദിനങ്ങളും വസന്തംപോലെ സുന്ദരമായിത്തീരും. ജീവിതം തിരഞ്ഞെടുപ്പുകളുടേതാണ്. ജീവിതത്തിൽ എന്തുവേണമെങ്കിലും നമുക്കു തിരഞ്ഞെടുക്കാം. നിങ്ങളുടെ കഴിവുകളേക്കാൾ ചെറിയ ലക്ഷ്യം വേണമെങ്കിൽ നിങ്ങൾക്കു തിരഞ്ഞെടുക്കാം. അല്ലെങ്കിൽ ദിനം പ്രതി നിങ്ങളുടെ കഴിവുകൾ വർദ്ധിപ്പിച്ചുകൊണ്ട് ഉയർന്ന ലക്ഷ്യങ്ങളുടെതായ ലോകം നിങ്ങൾക്കു തിരഞ്ഞെടുക്കാം. ജീവിതത്തിന്റെ ഓരോ നിമിഷങ്ങളും പാഴാക്കാതെ അർത്ഥപൂർണ്ണമാക്കുവാനും അലസമാക്കിക്കളയുവാനുമുള്ള അവസരം നമ്മുടെ മുൻപിലുണ്ട്. ജീവിതത്തിൽ നമുക്കു മുൻപിലുള്ള ഏറ്റവും വലിയ വെല്ലുവിളി മണ്ണിൽനിന്ന് ജലവും ലവണങ്ങളും വലിച്ചെടുത്ത് ഒരു വിത്ത് വൻവൃക്ഷമായി വളരുന്നതുപോലെ നാം ആയിരിക്കുന്ന സാഹചര്യങ്ങളുടെ സാദ്ധ്യത പരമാവധി വിനിയോഗിച്ച് ജീവിതത്തെ പുരോഗതിയിലേക്കു നയിക്കുക എന്നുള്ളതാണ്. അപൂർണ്ണതയിൽനിന്ന് പൂർണ്ണതയിലേക്കുള്ള പ്രയാണമാണ് ജീവിതം വിഖ്യാതനായ ജോർജ്ജ് ബർണാഡ്ഷാ ഒരിക്കൽ ഇങ്ങനെ പറഞ്ഞു. ജീവിതം എനിക്ക് ചെറിയൊരു മെഴുകുതിരിയല്ല. അനുസ്യതം പ്രകാശം ചൊരിയുന്ന ഒരു ദീപശിഖയാണ്. എന്റെ കൈയ്യിലുള്ള ഈ ദീപശിഖ കൂടുതൽ ജ്വലിപ്പിച്ചു വേണം ഞാൻ അടുത്ത തലമുറയിലേക്ക് കൈമാറേണ്ടത്. ഇത്തരത്തിൽ ഉത്തരവാദിത്വങ്ങളെ തിരിച്ചറിഞ്ഞ് ജീവിതത്തെ കൂടുതൽ അർത്ഥവത്താക്കിക്കൊണ്ട് സ്വന്തം കടമകൾ മനസ്സിലാക്കി പ്രവർത്തിക്കുക. പരാജയത്തിന്റെ കാർമേഘങ്ങളെ തള്ളിമാറ്റിക്കൊണ്ട് വിജയത്തിന്റെ സൂര്യൻ നമ്മുടെ ജീവിതത്തിലും ഉദിച്ചുയരും. ഒരു മരത്തിന്റെ ശിഖരത്തിലിരിക്കുന്ന പക്ഷി മരം കുലുങ്ങിയാലും ശിഖരം ഒടിഞ്ഞാലും ഒരിക്കലും ഭയക്കില്ല. കാരണം പക്ഷിവിശ്വാസമർപ്പിച്ചിരിക്കുന്നത് മരത്തിന്റെ ശിഖരത്തിലല്ല മറിച്ച് സ്വന്തം ചിറകിലാണെന്ന് തിരിച്ചറിവിലാണ്. ഈ തിരിച്ചറിവ് നമുക്ക് ജീവിതത്തിൽ അനിവാര്യമാണ്.

# അനശ്വരമായ ആത്മാവ്

ഫാ. ആൺഡ്രൂസ്, കടപ്പനങ്ങാട്ട്

ശരീരാത്മമനസ്സുകളുടെ സംയുക്ത സമ്മേളനമാണ് മനുഷ്യൻ. ശരീരവും, മനസ്സും മാറ്റത്തിനു വിധയപ്പെടുന്നു. അവ നശ്വരമാണ്. അവയ്ക്ക് സ്ഥിരമായ ഉണ്മയില്ല. എന്നാൽ ആത്മാവ് അനശ്വരമാണ്. അവയ്ക്ക് ആരംഭമുണ്ടെങ്കിലും എന്നേക്കുമുള്ള ഉണ്മയാണ് കൈവരിച്ചിരിക്കുന്നത്. ആത്മാവിന്റെ അമർത്വത ദൈവവചനം വ്യക്തമാക്കുന്നു. (വി.മത്താ.10:28). "ആത്മാവിനെ കൊല്ലുവാൻ കഴിയാതെ ശരീരത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട; ആത്മാവിനെയും ശരീരത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നെ ഭയപ്പെടുവീൻ" (വി. മത്താ. 22:32). "ഞാൻ അബ്രഹാമിന്റെ ദൈവവും, യിസഹാക്കിന്റെ ദൈവവും, യാക്കോബിന്റെ ദൈവവും ആകുന്നു; എന്നു അവൻ അരുളിച്ചെയ്യുന്നു; എന്നാൽ, അവൻ മരിച്ചവരുടെ ദൈവമല്ലേ, ജീവനുള്ളവരുടെ ദൈവമത്രേ" (വി.ലൂക്കോ.23:43) "യേശു അവനോടു ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു എന്നു പറഞ്ഞു."

ബുദ്ധിയുടെ പ്രവർത്തനങ്ങൾ ആത്മീയമാണ് (സദ്യ.1:7). "യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു" (സദ്യ. 2:6). "യഹോവയല്ലോ, ജ്ഞാനം നല്കുന്നത് അവന്റെ വായിൽനിന്നും പരിജ്ഞാനവും, വിവേകവും വരുന്നു." ആത്മീയതയുടെ അഭാവം അജ്ഞതയും, ഭോഷത്ത്വവും നിറഞ്ഞ ബുദ്ധിരഹിതമായ പ്രവർത്തിക്കും പെരുമാറ്റത്തിനും വഴിതുറക്കുന്നു. മനുഷ്യാത്മാവ് യഹോവഭക്തിയിൽ നിറഞ്ഞ് ബുദ്ധിയുടെ പ്രവർത്തനങ്ങൾ പ്രസരിപ്പിക്കുന്നു. മനുഷ്യാത്മാവ് പദാർത്ഥാധിഷ്ടിതമല്ലാത്ത ഒരു സത്തയാണ്. അതിനാൽ അത് നാശത്തിനും, മരണത്തിനും അതീതമാണ്. പദാർത്ഥ അംശങ്ങൾ രൂപപ്പെടുത്താമെന്നല്ലാതെ നശിപ്പിക്കുവാൻ സാധ്യമല്ലെങ്കിൽ, അതിനേക്കാൾ ഉന്നത സൃഷ്ടിയായ മനുഷ്യാത്മാവിനു മരണമുണ്ടെന്നു വിശ്വസിക്കുവാൻ സാധ്യമല്ല. മനുഷ്യാത്മാവ് ഭൗതികേതരമാണെന്നതിനാലാണ് മനുഷ്യനു ചിന്തിക്കുവാനും, യുക്തിവാദം നടത്തുവാനും, ഭാവിയെപ്പറ്റി ആസൂത്രണം ചെയ്യുവാനും, വിധി കല്പിക്കുവാനും, ഓർമ്മിക്കുവാനും കഴിയുന്നത്. ഈ അദൃശ്യമായ ആത്മാവ് ശരീരത്തെപ്പോലെ മരണമടയുന്നില്ല.

ഏതു മനുഷ്യനും പരിപൂർണ്ണ സൗഭാഗ്യത്തിനുവേണ്ടി ദാഹിക്കുന്നവനാണ്. ഈ ദാഹം ദൈവമാണ് മനുഷ്യാത്മാവിൽ നിറച്ചിരിക്കുന്നത്. ദൈവത്തോടുള്ള അനുരഞ്ജനത്തിൽ മാത്രമേ അതു ശമിക്കുകയുള്ളു. (സങ്കീ.42:1). "നിത്യനായ ദൈവത്തോടു ചേരുവാൻ കാംക്ഷിക്കുന്ന ആത്മാവ് മരണമില്ലാത്ത നിത്യാത്മാവാണ്. വിശുദ്ധനായ അഗസ്തിനോസ് പറയുന്നു. "കർത്താവ് വലിയവനാകുന്നു. സർവ്വത നീ സ്തുതിയ്ക്ക് യോഗ്യനായിരിക്കുന്നു. നിനക്കായി നീ ഞങ്ങളെ സൃഷ്ടിച്ചു. നിന്നിൽ സമാശ്വസിക്കുന്നതുവരെ ഞങ്ങളുടെ ഹൃദയം അസ്വസ്ഥമായിരിക്കും" മനുഷ്യാത്മാവിന്റെ അനശ്വരതയാണ് ഇത് വ്യക്തമാക്കുന്നത്.

മനുഷ്യാത്മാവിന്റെ അമർത്യതയും, മരണാനന്തര ജീവിതത്തിലുമുള്ള വിശ്വാസം സാർവ്വത്രികമാണ്. യഹൂദന്മാരും, ഗ്രീക്കുകാരും, റോമാക്കാരും മറ്റു പല ജാതികളും മരണാനന്തര ജീവിതത്തിൽ വിശ്വസിച്ചിരുന്നു. ഇഹലോക ജീവിതത്തെ അർത്ഥവത്താക്കുന്നത് മരണാനന്തര ജീവിതത്തിലുള്ള വിശ്വാസമാണ്. വി. സഭ ഈ വിശ്വാസത്തിലേക്ക് വി. മാമോദീസായിലൂടെ വിളിക്കുകയും വേർതിരിക്കുകയും വിശുദ്ധീകരിക്കുകയും വി. കുർബ്ബാന അനുഭവത്തിലൂടെ വളർത്തുകയും മറ്റു കൂദാശകളിലൂടെ പരിപാലിക്കുകയും ചെയ്തു വരുന്നു. വി. കൂദാശാനുഷ്ടാനത്തിനായി ആത്മാഭിഷേകം ആചാര്യന്മാർക്ക് അനിവാര്യമാണ്. ആത്മാഭിഷേകം അന്യമായ ആചാര്യത്വവും, ആത്മാവില്ലാത്ത ആരാധനയും, ആഡംബരമാർന്ന ആചാരാനുഷ്ഠാനങ്ങളും ആത്മാക്കളെ അപായപ്പെടുത്തുന്ന ആഘോഷങ്ങളിലേക്കും, അനീതിയിലേക്കും, അനാചാരങ്ങളിലേക്കും, അസൂയയിലേക്കും അഹങ്കാരത്തിലേക്കും, അധർമ്മത്തിലേക്കും, അനുദിനം ആനയിയ്ക്കും. അത് ഒരുവനിൽ അവന്റെ ആത്മാവിന്റെ അമരത്വം ഇല്ലാതാക്കും.

ആധുനിക ലോകത്തിലെ നേട്ടങ്ങൾക്കുവേണ്ടിയുള്ള അദ്ധ്വാനവും, അന്വേഷണവും അമർത്യമായ ആത്മാവിനെ നഷ്ടപ്പെടുത്തിക്കൊണ്ട് നേടിയാൽ നേടുന്നതെല്ലാം വ്യർത്ഥമാണ്. ആത്മാവിനെ നഷ്ടപ്പെടുത്തുന്ന ജീവിതത്തിലെ ഏതു നീക്കവും, നടപടികളും ആത്മഹത്യാപരമാണ്. അതിനായി അറിഞ്ഞോ അറിയാതെയോ പ്രേരിപ്പിക്കുകയോ, പ്രോൽസാഹിപ്പിക്കുകയോ ചെയ്യുന്നവരും സ്വന്തം ആത്മാവിനെ നശിപ്പിക്കുന്നവരാണ്.

സൃഷ്ടിയുടെ മകുടമാകുന്ന മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ഭൗതിക യാതനകൾക്ക് എത്തിപിടിക്കാൻ പറ്റാത്ത പരമാനന്ദം അനുഭവിക്കുന്നതിനുവേണ്ടിയാണ്. ആ അക്ഷയമായ ദിവ്യജീവനിലേക്ക് പറ്റിച്ചേരുവാൻ ദൈവം മനുഷ്യനെ പരിശുദ്ധാത്മാവിലൂടെ വിളിക്കുന്നു. യേശുക്രിസ്തുവിന്റെ പുനരുത്ഥാനം മരണത്തിന്മേലുള്ള വിജയമായിരുന്നു. ക്രിസ്തുയേശുവിന്റെ മരണത്താൽ മർത്യനായ മനുഷ്യൻ മരണത്തിൽനിന്നും മോചിക്കപ്പെട്ടു. മരണത്തെ മായിച്ച് നിത്യമായ ജീവൻ ആർജ്ജിക്കുന്നതു ആത്മാവിന്റെ അമരത്വമാണ് വ്യക്തമാക്കുന്നത്. ഈ വിശ്വാസം മന്നിലെ മനുഷ്യന്റെ ഭാവിയെക്കുറിച്ചുള്ള ആശങ്കയും, ഉൽക്കണ്ഠയും പരിഹരിക്കപ്പെടുവാൻ സഹായിക്കുന്നു. ആത്മാവിന്റെ അനശ്വരത ക്രിസ്തുയേശുവിൽ ഏകീഭവിക്കുവാനും, ദൈവത്തിൽ യഥാർത്ഥ ജീവൻ കണ്ടെത്തുവാനുമുള്ള പ്രതീക്ഷ ഉണർത്തുന്നു. അതു സത്യയേക പിതാവിലും, പുത്രനിലും, പരിശുദ്ധാത്മാവിലുമുള്ള നിത്യ വിശ്വാസത്തെ സുസ്ഥിരമാക്കുന്നു.

# "സവിശേഷമായത് എന്തു നാം ചെയ്യുന്നുവോ, അതാണ് സുവിശേഷം"

റ്റി. കെ. തോമസ്, തൈക്കുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ

ഒരു ക്രിസ്ത്യാനി, തന്റെ ജീവിതത്തിൽ ചെയ്യുന്ന സൽപ്രവർത്തികളാണ് യഥാർത്ഥ സുവിശേഷം. വിശുദ്ധ മത്തായി ശ്ലീഹ തന്റെ സുവിശേഷത്തിൽ ഇപ്രകാരം പറയുന്നു. വി. മത്താ. 25:31–46– മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധ ദൂതന്മാരുമായി വരുമ്പോൾ, അവൻ തന്റെ തേജസിന്റെ സിംഹാസനത്തിൽ ഇരിക്കും സകല ജാതികളെയും അവന്റെ മുമ്പിൽ കൂട്ടും. അവൻ അവരെ, ഇടയൻ ചെമ്മരിയാടുകളെയും, കോലാടുകളെയും, തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിച്ച്, ചെമ്മരിയാടുകളെ തന്റെ വലത്തും, കോലാടുകളെ തന്റെ ഇടത്തും നിർത്തും. രാജാവ് തന്റെ വലത്തുള്ളവരോട് അരുളിചെയ്യും, എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ. എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു. ദാഹിച്ചു, നിങ്ങൾ കുടിപ്പാൻതന്നു, ഞാൻ അതിഥിയായിരുന്നു നിങ്ങൾ എന്നെ ചേർത്തുകൊണ്ടു, നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചു, രോഗിയായിരുന്നു നിങ്ങൾ എന്നെ വന്നുകണ്ടു, തടവിലായിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു. അതിനു നീതിമാന്മാർ അവനോട്, കർത്താവേ: ഞങ്ങൾ എപ്പോൾ നിന്നെ വിശന്നു കണ്ടിട്ട് ഭക്ഷിപ്പാൻ തരികയോ, ദാഹിച്ചു കണ്ടിട്ട് കുടിപ്പാൻ തരികയോ ചെയ്തു? ഞങ്ങൾ എപ്പോൾ നിന്നെ അതിഥിയായി കണ്ടിട്ട് ചേർത്തുകൊള്ളുകയോ നഗ്നനായി കണ്ടിട്ട് ഉടുപ്പിക്കുകയോ ചെയ്തു? നിന്നെ രോഗിയായിട്ടോ, തടവിലോ എപ്പോൾ കണ്ടിട്ട് ഞങ്ങൾ നിന്റെ അടുക്കൽ വന്നു എന്ന് ഉത്തരം പറയും. രാജാവ് അവരോട്, എന്റെ ഏറ്റവും ചെറിയ ഈ സഹോദരന്മാരിൽ ഒരുത്തന് നിങ്ങൾ ചെയ്തടത്തോളം എല്ലാം എനിക്ക് ചെയ്തു എന്നു ഞാൻ സത്യമായിട്ടും നിങ്ങളോടു പറയുന്നു എന്ന് അരുളി ചെയ്യും. പിന്നെ അവൻ ഇടത്തുള്ളവരോട് ശപിക്കപ്പെട്ടവരേ, എന്നെ വിട്ടു പിശാചിനും, അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ. എനിക്ക് വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നില്ല. ദാഹിച്ചു നിങ്ങൾ കുടിപ്പാൻ തന്നില്ല, അതിഥിയായിരുന്നു നിങ്ങൾ എന്നെ ചേർത്തു കൊണ്ടില്ല, നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല, രോഗിയും, തടവിലുമായിരുന്നു നിങ്ങൾ എന്നെ കാണ്മാൻ വന്നില്ല എന്ന് അരുളി ചെയ്യും. അതിന് അവർ കർത്താവേ നിന്നെ ഞങ്ങൾ വിശക്കുന്നവനോ, ദാഹിക്കുന്നവനോ, അതിഥിയോ, നഗ്നനോ, രോഗിയോ, തടവിലോ ആയി എപ്പോൾ കണ്ടു നിനക്കു ശുശ്രൂഷ ചെയ്യാതിരുന്നു എന്ന് ഉത്തരം പറയും. അവൻ അവരോട് ഈ ഏറ്റവും ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്യാത്തടത്തോളമെല്ലാം എനിക്ക് ആകുന്നു ചെയ്യാഞ്ഞത് എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോടു പറയുന്നു എന്ന് ഉത്തരം അരുളും, ഇവർ നിത്യദണ്ഡനങ്ങളിലേക്കും, നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും. സുവിശേഷം എന്നത് നൂറോ, ആയിരമോ, പതിനായിരമോ പേരെ മുന്നിൽ നിർത്തി



പ്രസംഗിക്കുന്നതല്ല, മറിച്ച് വിശക്കുന്നവന്റെ മുമ്പിൽ അപ്പമായും, ദാഹിക്കുന്നവന്റെ മുമ്പിൽ തീർത്ഥമായും, നഗ്നന്റെ മുമ്പിൽ ചേലയായും, രോഗിയുടെ മുമ്പിൽ ആശ്വാസമായും നമുക്ക് അവതരിക്കാൻ കഴിയുമ്പോൾ മാത്രമാണ് അത് സുവിശേഷമാകുന്നത്. ക്രിസ്തു കാണിച്ച മാതൃകയായ പ്രതിഫലം പ്രതീക്ഷിക്കാത്ത സ്നേഹത്തിന്റെ അപരനാമമാണ് സുവിശേഷം. ഒരു കരണത്തടിക്കുമ്പോൾ മറ്റേതുകൂടി കാണിച്ചു കൊടുക്കുന്ന ക്ഷമയുടെ മനോഭാവമാണ് സുവിശേഷം. കുരിശിൽ കിടന്നുകൊണ്ട് വേദനയാൽ പുളയുമ്പോൾതന്നെ ഉപദ്രവിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ച ദൈവസ്നേഹമാണ് സുവിശേഷം, കരുണ കാംക്ഷിക്കുന്നവനോടു കരുണ കാട്ടുന്നതാണ് സുവിശേഷം. പത്തു കല്പനകളെ ക്രോഡീകരിച്ച് സ്നേഹം എന്ന ഏക കല്പനയാൽ ലോകത്തിലേക്കു വെളിച്ചം കൊണ്ടുവന്ന ക്രിസ്തു എന്ന ഏക രക്ഷകനിൽ വിശ്വസിക്കുന്ന നമുക്ക് അവിടുന്ന് ഒരുക്കിയിരിക്കുന്ന നിത്യ സൗഭാഗ്യത്തിൽ പങ്കാളികളാകാൻ നമുക്ക് നമ്മുടെ ജീവിതം സുവിശേഷത്തിൽ അധിഷ്ഠിതമായി ക്രമീകരിക്കാം.

## അറിയിപ്പ്

സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയെ എന്തെങ്കിലും ആവശ്യത്തിന് ഫോണിൽ വിളിക്കുന്നവർ ദയവായി ഈ നമ്പറിൽ വിളിക്കുക.

**+91 94960 71311**


തോട്ടുപുറത്ത് വന്ദ്യ റ്റി.റ്റി. എബ്രഹാം കശ്ശീശായുടെ
പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷം
50
2024
ഒക്ടോബർ
6 ഞായറാഴ്ച
പ്രാർത്ഥനകളോടും ആശംസകളോടും
സെന്റ് ജോർജ് ക്നാനായപള്ളി, വെൺപാല


ST. GREGORIOS KNANAYA CHURCH
KINGDOM OF BAHRAIN
MANAGING COMMITTEE 2024 -2025
VICAR
FR.GEORGE SUNNY
Chandanappalil
TRUSTEE
ROBY ABRAHAM
ASSOCIATION MEMBER
Pattathanathu
St. Kuriakose Church Aythala
SECRETARY
STEPHEN JACOB
ASSOCIATION MEMBER
Kandathil Parambil
St.Thomas Valiyapally Ranny
COMMITTEE MEMBERS
NOBY MATHEW
Thekkeparambil
St.John's Puthenpally
Chingavanam.
BYJU THOMAS
Nyppallyuzhathil
St.Peter's Church
Thottappuzha.
SHINU JOSEPH
ASSOCIATION MEMBER
Kalloorthundiyil
St.Mary's Valiyapally
Kottayam
ABIN KURIAKOSE
Plathodathil
St.Mary's Church
Eraviperoor
SHOBI JOSE
Kodinjoor Kunnumpurathu
St.Mary's Church
Eraviperoor
LITTO THOMAS
Thekkemuriyil
St.Thomas Valiyapally
Ranny
EMIL MUNNA
Cherumadakala
St.Mary's Church
Kattode
SHONA MATHEW
Kodinjoor Kunnumpurathu
St.Marys Church Eraviperoor
AUDITOR
Advt - O

# വിവാഹിതരായി




കോട്ടയം സെന്റ് മേരീസ് വലിയപള്ളി ഇടവകയിൽ കമ്പക്കാലുങ്കൽ ഷാജു കുര്യന്റെയും സേബാ കുര്യന്റെയും മകൻ **സാമുവലും** റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവകയിൽ കണ്ണന്താനം മനേഷ് തോമസിന്റെയും റെനി മനേഷിന്റെയും മകൾ **കെസിയയും** തമ്മിലുള്ള വിവാഹം ചിങ്ങവനം സെന്റ് ജോൺസ് ദയറ പള്ളിയിൽ 24/08/2024 ൽ **ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ** മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

*Happy Wedding Anniversary Sam and Elishba*
*May God Bless you Dear Children*

19-10-2024



*Best wishes from*
*Kannathumuriyil and Thodathil Families*

Advt -O





## KYA & KC അണ്ടർ 30 ഫുട്ബോൾ ടൂർണമെന്റ്



നീലംപേരൂർ സെന്റ് ജോർജ് ക്നാനായ വലിയ പള്ളിയുടെ KYA & KC അണ്ടർ 30 ഫുട്ബോൾ ടൂർണമെന്റിൽ വിജയിച്ച് ട്രോഫി കരസ്ഥമാക്കിയ ഇരവിപേരൂർ സെന്റ് മേരിസ് ക്നാനായ പള്ളിയുടെ ഫുട്ബോൾ ടീമും വിശിഷ്ട അതിഥികളായ സമുദായ മെത്രാപ്പോലിത്താ, സമുദായ സെക്രട്ടറി എന്നിവരുടെ സാന്നിധ്യത്തിൽ വിജയാഘോഷം നടത്തുന്നു.





Celebrating 70th
Birthday
17/10/2024
K.E. THAMPI
Konnakkal Thekkethil
Thuruthicadu
With lots of love
Kids:
Priya, Prakash, Dipali
Grandkids:
Niya, Noyal & Noble
Celebrating 40th
Wedding Anniversary
29/10/2024
K.E. Thampi
&
Gigi Thampi
Konnakkal Thekkethil
Thuruthicadu
Best Wishes from
Kids:
Priya, Prakash, Dipali
Grandkids:
Niya, Noyal & Noble
Advt - R

# 1679–ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം

ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ

റാന്നി സെന്റ് തോമസ് വലിയപള്ളിയിൽ (മാർ ക്ലീമിസ് നഗർ)



1679–ാമത് സിറിയൻ ക്നാനായ വാർഷികസംഗമ സമാപന സമ്മേളനം ബഹു. സംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ ഉദ്ഘാടനം ചെയ്യുന്നു.



ക്നാനായ കോൺഗ്രസിന്റെ വാർഷികവും കലാസംഗമവും ബഹു. സഹകരണ തുറമുഖ വകുപ്പ് മന്ത്രി ശ്രീ. വി. എൻ വാസവൻ ഉദ്ഘാടനം ചെയ്യുന്നു.





1679–ാമത് സിറിയൻ ക്നാനായ വാർഷികസംഗമ ഉദ്ഘാടന സമ്മേളനം മുൻ കേന്ദ്ര മന്ത്രിയും എം. പി. യുമായ ശ്രീ. കൊടിക്കുന്നിൽ സുരേഷ് ഉദ്ഘാടനം ചെയ്യുന്നു.





മെഗാ സ്പോൺസർ ശ്രീ. കെ.ജെ. തോമസുകുട്ടി [illegible] ക്നായിത്തൊമ്മൻ [illegible] അവാർഡ് റൈറ്റ്. റവ. ഡോ. [illegible] കോശി ചെറിയാൻ നല്കുന്നു.



ചാരിറ്റിഫണ്ടിന്റെ ഉദ്ഘാടനം - അഭി. സാമുവൽ മോർ തെയോഫിലോസ് തിരുമേനി ശ്രീ. തോമസുകുട്ടി തേവരുമുറിയിൽ നിന്ന് ആദ്യ സംഭാവന സ്വീകരിക്കുന്നു.

ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ

# 1679 - ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം

കലാസന്ധ്യ ഉദ്ഘാടനം
സിനിമാതാരം ഗിന്നസ് പക്രു

ഓവറോൾ ചാംപ്യൻ റാന്നി സെന്റ് തോമസ് വലിയപള്ളി



വെരി. റവ. റോയി മാത്യൂസ് കോർ-എപ്പിസ്കോപ്പ മുളമൂട്ടിലിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷം ശ്രീ. വി.എൻ വാസവൻ (സഹകരണ തുറമുഖ വകുപ്പ് മന്ത്രി) റാന്നി സെന്റ് തോമസ് വലിയപള്ളിയിൽ ഉദ്ഘാടനം ചെയ്യുന്നു.



ബഹു. ആരോഗ്യ വകുപ്പ് മന്ത്രി ശ്രീമതി വീണ ജോർജ് ആശംസകളർപ്പിക്കുന്നു.

## നസ്രേത്ത് ആശ്രമം ഓണാഘോഷം



ഓതറ നസ്രേത്ത് ആശ്രമത്തിൽ നടന്ന ഓണാഘോഷ പരിപാടികൾ ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. എബ്രഹാം തോട്ടത്തിൽ ഉദ്ഘാടനം ചെയ്തു.

## ക്നാനായ ദീപം & ക്ലിമിസ് പ്രസ്സ് ഓണാഘോഷം



ക്നാനായ ദീപം & ക്ലിമിസ് പ്രസ്സ് ആഭിമുഖ്യത്തിൽ ക്നാനായ അതിഭദ്രാസന ആസ്ഥാനത്ത് നടന്ന ഓണാഘോഷം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു. റോയി മാത്യൂസ് കോർ–എപ്പിസ്കോപ്പ മുളമൂട്ടിൽ, ഫാ. ജേക്കബ് കല്ലുകുളം, ഫാ. ഷെറിൻ കൊല്ലംപറമ്പിൽ, കെ.കെ. ചാക്കോ കൂർക്കകാലായിൽ, ബെന്നി കരിയിൽ, വെയിൽസ്കുട്ടി പാറുമലയിൽ, രാജു മരങ്ങാട്ട്, കെ.എ. മാത്യു കൊമർത്തുംപറമ്പിൽ എന്നിവർ സമീപം.

# സൺഡേ സ്കൂൾ Child Centered ആകണം!



സുനിൽ ഡി. കുരുവിള

"കുട്ടികൾക്ക് സൺഡേ സ്കൂളിൽ വാരാൻ താല്പര്യമില്ല... എല്ലാരും ട്യൂഷനും കോച്ചിങ്ങുമായി നടക്കുവാ...

കഴിഞ്ഞ ഏതാനും വർഷങ്ങളായി പള്ളികളിൽനിന്ന് സ്ഥിരമായി കേൾക്കുന്നതാണ് ഈ പരാതി!

ഇവിടെ നമ്മൾ വിശകലനം ചെയ്യേണ്ട ഒരു കാര്യം ഈ വിഷയത്തിൽ ആരാണ് നേതാവെന്നുള്ളതാണ്. നേതൃത്വം പള്ളിയാണ്... അതിനെ നയിക്കുന്നവരാണ്. പള്ളിയാണ് നേതാവെങ്കിൽ ഇതിനു പരിഹാരം ഉണ്ടാവേണ്ടത് പള്ളിയിൽനിന്ന് തന്നെയാണ്. എങ്കിൽ നമുക്ക് പരാതിപറയാനും കുറ്റപ്പെടുത്താനും അവകാശമില്ല. നേതൃത്വം എന്നത് ഉത്തരവാദിത്വമാണ്. പരിഹാരമാണ് സ്വാധീനമാണ്! പരസ്പരം കുറ്റം പറഞ്ഞാൽ സൺഡേസ്കൂൾ മെച്ചപ്പെടുമോ? കുട്ടികൾ കൂടുമോ? ഇല്ല.

എങ്ങനെ സൺഡേ സ്കൂളിലേക്ക് ജനങ്ങളെ ആകർഷിക്കാം! എങ്ങനെ മാതാപിതാക്കളുടെ വിശ്വാസം നേടിയെടുക്കാം? കുട്ടികളുടെ കാര്യത്തിൽ വളരെ ആകുലതയുള്ളവരാണ് മാതാപിതാക്കൾ.. അവരുടെ സ്വഭാവം മൂല്യബോധം സംസ്ക്കാരം കാഴ്ചപ്പാട് എന്നിവ എങ്ങനെ സ്വാധീനിക്കണം എന്ന് യാതൊരു Idea യും പലർക്കുമില്ല.

സൺഡേ സ്കൂൾ പലപ്പോഴും ഒരു syllabus ന്റെ പുറകെയുള്ള ഓട്ടമാണ്. ഉള്ള സമയംകൊണ്ട് എങ്ങനെ syllabus പഠിപ്പിച്ചു തീർത്തു പരീക്ഷ നടത്താം? കുട്ടികൾ യാന്ത്രികമായി വചനം കാണാതെ പഠിക്കുന്നു. എന്താണ് അതിന്റെ അർത്ഥമെന്നോ ഗുണപാഠമെന്നോ മനസ്സിലാക്കുന്നില്ല. കുട്ടികൾ എന്ത് മനസ്സിലാക്കി. അവർക്ക് എന്ത് തിരിച്ചറിവ് ഉണ്ടായി ആരും അന്വേഷിക്കുന്നില്ല. പരീക്ഷ ജയിക്കാൻ വേണ്ടി കോപ്പിയടിക്കാൻപോലും മടിയില്ലാത്ത കുട്ടികൾ. സ്വന്തം മക്കളെ വിജയിപ്പിക്കാനും prize വാങ്ങിപ്പിക്കാനും ഒരു ഉളുപ്പുമില്ലാത്ത നേതാക്കന്മാർ!

അനാവശ്യമായ മത്സരങ്ങൾ; കഴിവ് കുറഞ്ഞ കുട്ടികളെ മാറ്റിനിർത്തൽ... അനാവശ്യ താരതമ്യം... കഴിവ് കുറഞ്ഞ കുട്ടികൾ ദുഃഖിതനായി മടങ്ങുന്നു! ഇതാണോ ദൈവത്തിന്റെ ഇടം? ഇതാണോ സൺഡേ സ്കൂൾ?

സമൂഹത്തിലെ മാറ്റങ്ങൾ വായിച്ചെടുക്കണം. ഇന്ന് കുടുംബങ്ങൾ സമ്പത്തുകൊണ്ടു ഉയർന്നപ്പോൾ സംസ്കാരം മൂല്യബോധം ആത്മീയത എല്ലാം താഴോട്ടാണ് വളർച്ച. അമിതമായ മെറ്റീരിയലിസം ക്രിസ്ത്യൻ വീടുകളെ എന്തും പണത്തിനുവേണ്ടി 'exchange' ചെയ്യുന്ന സ്ഥിതിയിലേക്ക് എത്തിച്ചു കഴിഞ്ഞു! നിന്റെ നിക്ഷേപം ഉള്ളടത്തു നിന്റെ ഹൃദയവും ഇരിക്കും" (മത്താ. 6:21).

പണവും സുഖവും അധികാരവും ഒക്കെ നേടിയാൽ ജീവിതം ധന്യവും സുരക്ഷിതവും വിജയവുമായി എന്ന് ചിന്തിക്കുന്ന ഒരു സമൂഹത്തിൽ ദൈവം ഒരു option മാത്രമാണ്.

അവരുടെ മക്കൾക്ക് സൺഡേസ്കൂൾ ഒരു മുൻഗണനയായിരിക്കില്ല. എന്നാൽ സമൂഹത്തിൽ വളർന്നു വരുന്ന അരാജകത്വവും മൂല്യച്യൂതിയും ദുരന്തങ്ങളും പണംകൊണ്ട് പരിഹരിക്കാൻ കഴിയില്ലെന്ന് തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു. പലതിനും കാരണം വിയർക്കാതെ നേടിയ പണമാണെന്നും സമാധാനം മാളിൽ വാങ്ങാൻ കിട്ടില്ലെന്നും തിരിച്ചറിഞ്ഞു തുടങ്ങി. പണം കൊണ്ട് കുട്ടികളെ മിടുക്കരാക്കാനോ വിജയിപ്പിക്കാനോ കഴിയില്ലെന്നും പണം കൂടിയിടത്താണ് പ്രശ്നങ്ങളും കൂടുതൽ എന്നും തിരിച്ചറിഞ്ഞു തുടങ്ങി.

കുട്ടികൾക്ക് പഠിക്കാൻ താല്പര്യം കുറയുന്നു. സ്വഭാവം തീരെയില്ല. അച്ചടക്കം സംസ്കാരം മൂല്യബോധം എല്ലാം പുതുതലമുറയിൽ deficiency ആണ്! കുട്ടികളെ ഭയന്ന് ജീവിക്കുന്ന മാതാപിതാക്കൾ കുറവല്ല. അവരെ എന്ത് പഠിപ്പിക്കും. ആരാകും: എന്തായി തീരും ഒരു എത്തും പിടിയുമില്ല. കുറഞ്ഞു പോകുന്ന വീണു പോകുന്ന തെറ്റിപ്പോകുന്ന ഉൾവലിയുന്ന യുവത. ഇന്നത്തെ യുവതയുടെ നിലവാരമാണ് നാളത്തെ സഭയുടെ – സമൂഹത്തിന്റെ നിലവാരം എന്നത് മറക്കരുത്. കുട്ടികളെ ഒരുക്കാൻ ആദ്യം മാതാപിതാക്കളെ ഒരുക്കണം! അതിനു ശക്തമായ പരിശീലനം വേണ്ടിവരും.

എങ്ങനെ സൺഡേ സ്കൂളിനെ കൂടുതൽ മെച്ചപ്പെടുത്താം കൂടുതൽ ആകർഷകമാക്കാം?

ചില ഇടങ്ങളിൽ കുട്ടികൾ ബോർ അടിച്ചും മുഷിഞ്ഞും സമയം കഴിച്ചുകൂട്ടുന്നു. പഠിപ്പിക്കുന്നവരും പഠിക്കുന്നവരും ഒരു വികാരവുമില്ലാത്ത അവസ്ഥയിൽ... മറ്റു ചില ഇടങ്ങളിൽ കുട്ടികളെ സന്തോഷിപ്പിക്കാനായി ആവശ്യത്തിൽ കൂടുതൽ entertainment ഉം refreshment ഉം ഒക്കെയായി എല്ലാ ഉദ്ദേശ ലക്ഷ്യങ്ങളും അട്ടിമറിക്കുന്നു... രണ്ടും തെറ്റായ വഴികളാണ്. കുട്ടികളിൽ സന്തോഷം സൃഷ്ടിക്കാനും ആവേശം നിറയ്ക്കാനും അതിലേറെ അഭിമാനവും ധൈര്യവും പകരാനും ഈ പ്രവർത്തനത്തിന് കഴിയണം. അതിനു കുട്ടിയെ അറിയണം മനസ്സിലാക്കണം അവന്റെ ഭവനത്തെ അറിയണം ചേർത്ത് പിടിക്കണം! സ്നേഹമാവണം ഭാവം! കുഞ്ഞുങ്ങൾ ആകണം സൺഡേസ്ക്കൂളിന്റെ ലക്ഷ്യം. അവരെ സ്വാധിനിക്കാനും രൂപാന്തരപ്പെടുത്താനും നമുക്ക് കഴിയണം സിലബസ് ഒക്കെ മാറ്റിവെച്ചു അവരുടെ കണ്ണുകളിൽ സിലബസ് കാണാൻ കഴിയുന്ന മാറ്റമാണ് ആദ്യം ഉണ്ടാകേണ്ടത്. അവരെ ബഹുമാനിക്കണം. മനസ്സിലാക്കണം... വരാൻ കഴിയാത്തവരെ അന്വേഷിച്ചറിയണം. താരതമ്യവും മത്സരവും വേണ്ട പകരം പ്രോത്സാഹനവും അംഗീകാരവും വരട്ടെ! മിടുക്കിയെയും മണ്ടിയേയും കണ്ടുപിടിക്കേ



ണ്ട, എല്ലാവരേയും സ്നേഹിക്കാം കരുതാം. ചേർത്തു നിർത്താം. എല്ലാവർക്കും സമ്മാനങ്ങൾ നൽകാം. ഇതാണ് inclusive സൺഡേ സ്ക്കൂൾ. അത്തരം സൺഡേ സ്കൂളുകൾ മാതാപിതാക്കളെ പ്രോത്സാഹിപ്പിക്കും കുട്ടികളെ സ്വാധീനിക്കും അത്ഭുതങ്ങൾ സൃഷ്ടിക്കും!

കുട്ടികൾക്ക് ദൈവത്തെ പരിചയപ്പെടുത്താം. ദൈവീകമായ ജീവിതം പരിചയപ്പെടുത്താം. പരീക്ഷയും മത്സരവും അല്ല ആവശ്യം! വചനം മനസ്സിലാക്കണം! ദാവീദിന്റേയും ഗോലിയാത്തിന്റേയും കഥയിൽ നിന്ന് അവർക്കെന്താണ് മനസ്സിലായത്? നല്ല ശമര്യക്കാരന്റെ കഥയിൽ കുട്ടികൾക്കുണ്ടായ തിരിച്ചറിവ് എന്താണ്? സൺഡേസ്ക്കൂളിലെ കുട്ടികൾ സമൂഹത്തിൽ എങ്ങനെയായിരിക്കണം. എങ്ങനെ വ്യത്യസ്തരാവണം? എങ്ങനെ കൂടുതൽ നന്മ ചെയ്യാം.. കൂടുതൽ സന്തോഷമുള്ളവരും സംതൃപ്തിയുള്ളവരും ആകാം... ഇതല്ലേ സൺഡേസ്ക്കൂൾ? കുട്ടികളിൽ വിശ്വാസവും ദൈവസ്നേഹവും ഉണ്ടാകണമെങ്കിൽ അവർ കാണുന്ന മുതിർന്നവരിൽ ദൈവഭാവം ഉണ്ടായിരിക്കണം. ഇവിടെയാണ് ഏറ്റവും വലിയ വെല്ലുവിളി!! നമ്മുടെ ജീവിതത്തിൽനിന്ന് ദൈവത്തെ അനുഭവിക്കാൻ കുട്ടികൾക്ക് കഴിയുന്നുണ്ടോ? ഉപദേശങ്ങളല്ല കുട്ടികൾക്ക് ഇന്ന് വേണ്ടത്. What they feel... experience is more important! ഇവിടെയാണ് മാതാപിതാക്കളേയും സൺഡേസ്കൂൾ അധ്യാപകരെയും നിരന്തരമായി ഒരുക്കേണ്ടതിന്റെ ആവശ്യകത. തികഞ്ഞ ഒരുക്കത്തോടും സന്തോഷത്തോടുമാണോ കുട്ടികളെ കൈകാര്യം ചെയ്യുന്നത്? സൺഡേസ്കൂൾ അദ്ധ്യാപകരുടെ സംസാരം ജീവിതം– പ്രവർത്തി കുട്ടികൾക്ക് മാതൃകയും inspiration ഉം ആണോ? ഇല്ലെങ്കിൽ നമ്മൾ വൃഥാ അധ്വാനിക്കുന്നു! കുഞ്ഞുങ്ങളുടെ മനസ്സുതൊട്ടറിയാനും അവരുടെ ഭവനങ്ങളെ അറിയാനും അവർക്കുവേണ്ട രൂപാന്തരത്തെ തിരിച്ചറിയാനും നമുക്ക് സാധിക്കുന്നുണ്ടോ? ഇന്ന് കുഞ്ഞുങ്ങളുടെ വിഷയങ്ങളിൽ നമ്മൾ നിന്നാൽ നാളെ സമൂഹത്തിന്റെ വിഷയങ്ങളിൽ അവർ ഉണ്ടാകും! അവരുടെ ഓർമ്മകളിലേക്ക് – ഹൃദയത്തിലേക്ക് ഇന്ന് നമ്മൾ നിക്ഷേപിച്ചാൽ നാളെ അവർ എവിടെയായിരുന്നാലും നമ്മളെ തേടി വരും.. സൺഡേ സ്കൂൾ വെറുമൊരു സാങ്കേതിക പ്രവർത്തനമാവരുത്.. പാപമാണ്! ഹൃദയ പ്രവർത്തനമാവണം. ജൈവമായ ജീവിതഗന്ധിയായ പ്രവർത്തനമായി ഉയരണം!

അതിനു കഴിവും ആഗ്രഹവും മാതൃകയുമില്ലാത്തവർ മാറിനിൽക്കണം! ഒരു പ്രായം കഴിഞ്ഞാൽ മാറിനിൽക്കണം. ചിലരൊക്കെ മാറി നിൽക്കുന്നതുതന്നെ വലിയ നന്മയാണ്! ഓർക്കാം! ആരാന്റെ തടി തേവരുടെ ആന വലിയടാ വലി എന്ന തരത്തിൽ സഭയുടെ ഏറ്റവും വലിയ ഈ പ്രവർനത്തെ നിസ്സാരവൽക്കരിക്കരുത്.

അദ്ധ്യാപകർക്ക് ആത്മീയമായ പരിശീലനത്തോടൊപ്പം മന:ശാസ്ത്രപരമായി പരിശീലനവും ഈ കാലഘട്ടത്തിൽ അനിവാര്യമാണ്.

മരാമത്ത് പണി അൽപ്പം കുറയ്ക്കാം. ഇനി പ്രവർത്തനം കുട്ടികളിലേക്ക് വരട്ടെ! അവരെ പണിയാം! ഇന്ന് നിലവാരമുള്ള കുട്ടികളെ – യുവതയെ രൂപപ്പെടുത്താൻ കഴിയാതെ പോയാൽ നാളെ സഭക്കോ സമൂഹത്തിനോ ഭാവിയില്ല എന്ന കാര്യം ആരും മറക്കരുത്! ഇന്ന് പാശ്ചാത്യ രാജ്യങ്ങളിൽ പള്ളികളൊക്കെ ബാറും ഹോട്ടലും സിനിമ തീയേറ്ററും ഒക്കെ ആയി മാറിക്കൊണ്ടിരിക്കുന്നത് ശ്രദ്ധിക്കാം!

ഇന്നത്തെ കുട്ടികളെ ദൈവത്തിലേക്ക് ആകർഷിക്കാൻ വെറും ആചാരങ്ങളും അനുഷ്ഠാനങ്ങളും മാത്രം മതിയാകില്ല. എതിർവശത്തു അവരെ റാഞ്ചിയെടുക്കാൻ വളരെ സംഘടിതരായി ആൾക്കാർ കെണികൾ ഒരുക്കി നിൽക്കുന്നുണ്ട് എന്ന് ഓർക്കണം.

സഭയുടെ resourse നന്നായി അതിനായി ഉപയോഗിക്കണം. സഭയുടെ ഏറ്റവും പ്രാധാന്യവും പരിഗണനയും അംഗീകാരവും പ്രോത്സാഹനവും ഈ രംഗത്തേക്ക് വരണം. വലിയ ചർച്ചയും ആസൂത്രണവും പരിശീലനവും പഠനവും ഈ പ്രവർത്തനത്തിന്റെ അടിസ്ഥാനമായി മാറണം!

നല്ല മനുഷ്യൻ ആകണം സൺഡേസ്കൂളിന്റെ ലക്ഷ്യം. ക്രിസ്തുവിനെ ലോകത്തു കാട്ടിക്കൊടുക്കാൻ നമ്മുടെ കുട്ടികളുടെ ജീവിതത്തിലൂടെ സാധിക്കട്ടെ.

ഉന്നതമായ വിദ്യാഭ്യാസം തൊഴിൽ അർത്ഥവത്തായ ജീവിതം വിവാഹം കുടുംബം ഒക്കെ അവർക്കു സാധ്യമാകട്ടെ! സ്വന്തം നാട്ടിൽ അവസരങ്ങൾ ഉണ്ടാക്കാനും ജീവിക്കാനും അവർക്കു കഴിയട്ടെ. മാതാപിതാക്കളെ സംരക്ഷിക്കട്ടെ. സാമൂഹിക തിന്മകൾക്കെതിരെ പോരാടാൻ അവർക്കു ധൈര്യം ലഭിക്കട്ടെ!

അതിനുവേണ്ട ദൈവീകമായ വിശ്വാസവും കരുത്തും പ്രാർത്ഥനയും പ്രത്യാശയും അവരുടെ അടിസ്ഥാനമാക്കാൻ സൺഡേസ്ക്കൂളുകൾക്ക് കഴിയണം! ഉറച്ച വിശ്വാസത്തിലും മൂല്യബോധത്തിലും സംസ്കാരത്തിലും നമ്മുടെ കുഞ്ഞുങ്ങൾ സമൂഹത്തിൽ വേരിട്ടു നിൽക്കട്ടെ...

എല്ലാം ദൈവത്താൽ സാധ്യം!

ദൈവം ഏവരേയും സമൃദ്ധിയായി അനുഗ്രഹിക്കട്ടെ സ്നേഹാശംസകൾ.

(Sunil D. Kuruvilla പ്രമുഖ മാനവശേഷി വികസന പരിശീലകനും കരിയർ കൗൺസിലറുമാണ്.
ഇൻസൈറ്റ് മിഷന്റെ സ്ഥാപകൻ.
He can be contacted @sunil kuruvilla@rediffmail.com
Cell: +91 9847400712 Yutuber: Sunil Kuruvilla)

# തായ്‌വേരളിഞ്ഞുപോയാൽ ചുറ്റും നിൽക്കുന്ന തൈകളുടെ അവസ്ഥ

അമ്മാൾ രാജൻ, പുളിമൂട്ടിൽ, സീതത്തോട്

ധനസുഖമാനങ്ങളെല്ലാം താല്കാലികമല്ലേ; വർഷങ്ങൾകൊണ്ട് നാം നേടിയെടുക്കുന്നതൊക്കെ നിമിഷനേരം കൊണ്ടുപോയികിട്ടും. തന്നെയുമല്ല നമ്മളും ദിവസങ്ങൾകൊണ്ട് പുഴുവിന്റെ ആഹാരവുമാകും. പിന്നെ എന്തിനാണ് ഈ സ്ഥാനമാനങ്ങൾക്കുവേണ്ടിയുള്ള ഈ പോരാട്ടം – ജീവിതമാണ് ബലിപീഠം. നമ്മുടെ ഇടയിലുള്ള ഈ പ്രശ്നങ്ങളൊന്നും നമ്മുടെ കുറ്റമല്ല കർത്താവിന്റെ വചനം നിറവേറിക്കൊണ്ടിരിക്കയാണ്. "മനുഷ്യന്റെ ശത്രുക്കൾ അവന്റെ വീട്ടുകാർതന്നെ" (മത്താ. 10:36). ഭൂമിയിൽ സമാധാനം വരുത്തുവാൻ ഞാൻ വന്നിരിക്കുന്നു. എന്നു നിങ്ങൾ വിചാരിക്കരുത്.... ഭിന്നിപ്പിക്കാനാണ് ഞാൻ വന്നത് (മത്താ. 10:34). അന്യോന്യം കടിപിടി കൂട്ടുന്നത് ഒരു രക്തംതന്നെയല്ലേ, എല്ലാവരും ഒരു മരത്തിന്റെ ശിഖരങ്ങൾ തന്നെയല്ലേ. ചേട്ടൻ അനിയൻ അനിന്തരവൻ അളിയൻ അപ്പൻ മരുമകൻ ബന്ധുക്കാരൻ ചുരുക്കം പറഞ്ഞാൽ ഒന്നുതന്നെ. ഒന്നോർക്കണം കൊച്ചുമക്കളും മക്കളുമൊക്കെ എന്തുകണ്ടാണ് പഠിയ്ക്കേണ്ടത്, തലതല്ലികീറാനോ കുത്തികീറാനോ ചീത്തവിളിക്കാനോ എന്താണ് നിങ്ങളിൽനിന്ന് കിട്ടുന്ന പാഠം. പണവും സ്വത്തും ബാങ്ക്ബാലൻസുമല്ലാ ഇന്നത്തെ ഭാവിതലമുറയുടെ ജീവിതം സുരക്ഷിതമാക്കുന്നത്. ഇതൊക്കെ ഏതു രീതിയിൽ വേണമെങ്കിലും ഇല്ലാതാകാം. അടുത്ത തലമുറയ്ക്കു നമ്മൾ വിലമതിക്കാത്ത ഒരു പാഠമാകണം. ഒരിക്കൽ ഒരു സുവിശേഷ പ്രസംഗികനായ ഒരു അച്ചന്റെ വീട്ടിൽ ഒരു സാധുവായ മനുഷ്യൻ കയറിചെന്നു കുറെ സംസാരിച്ചിരുന്നിട്ട് ഒടുവിൽ പോകാൻനേരം പറഞ്ഞു ഞാനൊന്നു പ്രാർത്ഥിച്ചോട്ടേന്ന്. അച്ചൻ പറഞ്ഞു പ്രാർത്ഥിച്ചോളാൻ ആ മനുഷ്യൻ പ്രാർത്ഥിച്ചു നിർത്തിയത് ഞാൻ ഈ വീട്ടിൽനിന്നുപോകയാണ് അടിയന്റെ പ്രാർത്ഥന ഈ ഭവനത്തിൽ ഒരു മുതലായി കിടക്കണമേ എന്ന്. അച്ചൻ ആ പ്രാർത്ഥനകേട്ട് അതിശയിച്ചുപോയി. കേവലം ഒരു പാവപ്പെട്ട മനുഷ്യന്റെ പ്രാർത്ഥന. നമ്മളോ എങ്ങനെയാണ് എന്റെ ആട്ടിൻ കൂട്ടത്തിലെ ആടുകളെ നശിപ്പിക്കുകയും ചിതറിക്കുകയും ചെയ്യുന്ന ഇടയന്മാർക്ക് ഹാ കഷ്ടം. എന്റെ ജനത്തെ മേയിക്കുന്ന ഇടയന്മാരെ നിങ്ങൾ എന്റെ ആടുകളെ ചിതറിച്ച് അവരെ വഴിതെറ്റിച്ച് അവർക്കു നിങ്ങൾ ഉപദ്രേശം കൊടുത്തില്ല...(യെറമിയാ 23:1-3). അപ്പന്മാരെ കണ്ടുവേണ്ടേ ഈ കുഞ്ഞുമക്കൾ പഠിയ്ക്കാൻ. അപ്പന്മാരുടെ വഴക്കും സ്ഥാനമാനങ്ങളോടുള്ള പോരും കണ്ട് വലിയ ഒരു പോരിന് അവരും തയ്യാറെടുക്കുകയാണ്. അസോസിയേഷനൊക്കെ വായ്കൊണ്ടു ദൈവത്തേ അകറ്റി നിർത്തി സാത്താന് കസേര നീക്കിയിട്ടു കൊടുത്തു മുൻമ്പിൽ ഇരുത്തുകയാണ്. ക്നാനായക്കാരായ സഹോദരങ്ങളെ നിങ്ങൾ കൈകോർത്ത് ഒരുമയോടെ നിന്ന് അടുത്ത തലമുറയ്ക്ക് മാർഗദീപം ആകുവിൻ, അതല്ലേ സുവിശേഷവും ഉപദേശവുമൊക്കെ. സമയമാകുന്ന രഥത്തിൽ കയറി മരണമാകുന്ന ഊഞ്ഞാലിൽ ഇരുന്നു സ്വർഗ്ഗയാത്ര ചെയ്യുന്നവരാണ് നാം ഈ യാത്രയിൽ കണ്ടക്ടറും ഡ്രൈവറും, കിളിയും ഒന്നുമില്ല. സമയമാകുമ്പോൾ നമ്മളെ ഇറക്കേണ്ടിയിടത്തു ഇറക്കിവിടും ആർത്തിയോടെ പൊരുതി നേടിയെടുത്ത സ്ഥാനമാങ്ങൾ കൊണ്ടുപോകുമോ കൂടെ. നമ്മുടെ വീടെന്നു പറയുന്നത് വിടാനുള്ളതാണ്. ചെറിയ കാലതാമസമാണ്. വെറുപ്പുകൾ ഒഴിവാക്കുക, ക്ഷമിക്കുക നാളെ ഉണ്ടോ അറിയില്ല. തമ്മിൽ തമ്മിൽ സ്നേഹിക്കുക. കുർബ്ബാനയിൽ അന്യോന്യം ശ്ലോമോ നല്കീൻ എന്നുള്ളത് പാട്ടിൽ ഒതുക്കി തീർക്കാതെ പ്രവർത്തിയിൽ ചെയ്യുക. സ്വന്തം കണ്ണിലെ കോലു കാണാതെ സഹോദരന്റെ കണ്ണിലെ കരടു നോക്കുന്നതെന്ത് (മത്താ.7:3). നമ്മളെക്കുറിച്ചുള്ള ഫയലുകൾ ദൈവത്തിന്റെ കയ്യിലുണ്ട്. ഭരണകൂടം കയ്യിൽ കിട്ടുന്നതുകൊണ്ട് കുറെ അച്ചായന്മാർക്ക് മുമ്പിൽ കസേര കിട്ടും. എല്ലാം നമ്മുടെ കൈയ്യിൽ കിട്ടിയിട്ട് നമ്മുടെ പിള്ളാരു താന്തോന്നികളാണെങ്കിൽ ഈ അച്ചായന്മാരുടെ അവസ്ഥ എന്താണ്. നമ്മളിവിടെ ഒരു വിനോദയാത്രയ്ക്ക് വന്നവരാണ്. ഓരോരുത്തർക്കും സ്വന്തം ഇഷ്ടത്തിനു തിന്നുകയും കുടിക്കുകയും ഒക്കെ ചെയ്യാവുന്നതല്ലാതെ ഇത്ര ദിവസം കഴിഞ്ഞേ ഇവിടെ നിന്നു പോകുന്നുള്ളു എന്നു തീരുമാനമെടുക്കാൻ നമുക്ക് അനുവാദമില്ലല്ലോ. ഈ ഭൂമിയിൽ നമുക്ക് P.R.-ഇല്ല. ഇന്ന് ഒപ്പം ഉള്ളവരൊക്കെ എന്നും ഒപ്പം ഉണ്ടാകും എന്നു ധാരണ തിരുത്തിയാൽ തീരാവുന്നതേ ഉള്ളു എല്ലാ അഹംബോധ കർമ്മങ്ങളും. രണ്ടുപേരിൽ ആരെങ്കിലും ഒരാൾ നാളെ അവസാനിക്കും എന്നുറപ്പായാൽ ഇന്നുതന്നെ അവസാനിയ്ക്കും വെറുപ്പുകളും പരിഭവങ്ങളും– കോവിഡും വെള്ളപൊക്കവുമൊക്കെ വന്നിട്ടും യാതൊരു മാറ്റവും ആത്മീയ തലങ്ങളിൽ പോലും ഉണ്ടായില്ല, പിന്നെ സാധാരണക്കാരുടെ കാര്യം പറയണമോ. മൃത്യുവിൻ രൂപം നമ്മളിൽ നിഴലായി ഉണ്ടെന്ന് നാം ഓരോരുത്തരും ചിന്തിക്കണം. ഇന്നലെ മിന്നിതിളങ്ങി നടന്നവർ എത്രയോ പേർ നേരത്തോടുനേരം ആകുന്നതിനു മുമ്പ് തണുത്ത് വിറച്ച് മോർച്ചറിയിൽ ഇരിക്കുന്നു. സ്ഥാനമാനങ്ങൾ കണ്ട് മരണം മാറി നില്ക്കുകയില്ല.

യജമാനൻ തന്റെ തോട്ടത്തിൽ (മേൽനോട്ടക്കാർ) സൂക്ഷിപ്പുകാരേയും പണിക്കാരേയും ഒക്കെ ഏല്പിച്ചിട്ടു പോയതാ വിശ്വസ്തതയോടെ വേല ചെയ്യാൻ. പക്ഷേ മേൽനോട്ടക്കാർ ശരിയല്ലാത്തതുകൊണ്ട് പണിക്കാരെല്ലാം തോന്നിയതുപോലെ– യജമാനൻ വരുമ്പോൾ മേൽ നോട്ടക്കാരനോടാണ് ആദ്യ ചോദ്യം ഉണ്ടാവുക. മേൽ നോട്ടക്കാർക്കുവേണ്ടി യജമാനൻ കരുതികൊണ്ടുവന്ന ആ വലിയ സമ്മാനം അവരുടെ പ്രവർത്തി കണ്ടു നഷ്ടപ്പെട്ടുപോകരുത്. കമ്പനിയുടെ മാനേജരുടെ കഴിവനുസരിച്ചാണ് ആ കമ്പനിയുടെ ഉയർച്ച എന്നുള്ള ബോധം ക്നാനായക്കാരായ നമ്മളിൽ ഓരോരുത്തർക്കും ഉണ്ടാവട്ടെ. മകനെ വിനയംകൊണ്ടു മഹത്വം ആർജിക്കുക (പ്രഭാ.10:28). പൊടിയും ചാരവുമായ മനുഷ്യന് അഹങ്കരിയ്ക്കാൻ എന്തുള്ളു. ഇന്നു രാജാവ് നാളെ ജഡം (പ്രഭ.10:9-10).

# പ്രൊഫ. ഡോ മറിയാമ്മ കുരുവിള വലിയപറമ്പിൽ

## ഒരു അനുസ്മരണം

പ്രൊഫ. ഡോ. അന്നമ്മ ജേക്കബ് മള്ളൂശ്ശേരിൽ

ഒരു കണ്ടുമുട്ടലും അപ്രതീക്ഷിതമല്ല. എവിടെയോ ഒരു നിയോഗം ഒളിഞ്ഞിരിപ്പുണ്ടാകും. ആകസ്മികമായി കണ്ടുമുട്ടുന്നവരുടെ ഇടയിൽ പ്രവാചകനും രക്ഷകനും ഉണ്ടാകും. അതെ. അതൊരു പരമമായ സത്യമാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ ജീവിതത്തിൽ ഞാൻ കേട്ടറിഞ്ഞ ഒരു വ്യക്തി, ആ കേട്ടറിവിൽ നിന്നും പ്രചോദനം ലഭിച്ച ഞാൻ, എന്റെ ഒരു വലിയ സ്വപ്നം നെയ്തെടുക്കാൻ തുടക്കം കുറിച്ചു. അതിനുവേണ്ടി ഞാൻ അക്ഷീണം പോരാടി. സകല പ്രതിബന്ധങ്ങളെയും സഹനത്തോടെ ധൈര്യമായി കീഴടക്കി. എന്റെ വിജയത്തിനു പിന്നിൽ ഞാൻ കേട്ടറിഞ്ഞ വ്യക്തി ഡോ. മറിയാമ്മ കുരുവിള എന്ന പ്രതിഭാസമ്പന്നയായ പ്രൊഫസർ ആയിരുന്നു. ടീച്ചറിന്റെ അദൃശ്യമായ പ്രേരണ, എന്റെ ഇച്ഛാശക്തിക്കു മാറ്റു കൂട്ടി. അതൊരു സത്യമാണ്. അതിന്റെ ഒരു പ്രതിഫലനമാണ് ഈ കുറിപ്പ്; ഒരു കടപ്പാടിന്റെ കുറിപ്പ്. ഒരു നന്ദിയുടെ കുറിപ്പ്.

ടീച്ചറിനെ ഞാൻ ആദ്യം കണ്ടതും അറിഞ്ഞതും എന്റെ ഭർത്തൃ മാതാവ് മള്ളൂശ്ശേരിൽ അന്നമ്മ ജോൺ പരിചയപ്പെടുത്തിയപ്പോഴാണ്. "ക്നാനായ സമുദായത്തിലെ ആദ്യത്തെ ഡോക്ടറേറ്റ്" എന്ന വിശേഷണത്തോടുകൂടിയാണ് അമ്മച്ചി എനിക്ക് ടീച്ചറെ പരിചയപ്പെടുത്തിയത്. ഒരു ഡോക്ടറേറ്റ് ബിരുദം സ്വപ്നം കണ്ടുനടന്ന എനിക്ക് അതൊരു വലിയ അനുഭൂതിയായിരുന്നു. വിജ്ഞാന സോപാനം കണ്ട് ഭയന്നു നിൽക്കുകയല്ല വേണ്ടത്. സാവധാനം അതിന്റെ ഓരോ പടിയും ചവിട്ടിക്കയറി ഉന്നതിയിലെത്തിച്ചേരുകയാണ് അഭികാമ്യം എന്ന ബോധം എനിക്ക് വർദ്ധിച്ചു.

ഞാൻ അറിയാതെ പോയ എത്രയോ നന്മകൾ ആ ജീവിതത്തിൽ ഉണ്ടാവാം. എന്നെ ആകർഷിച്ചത് പഠന വൈദഗ്ധ്യവും ധിഷണാപാടവവും, വിശകലന സാമർത്ഥ്യവും, സർവ്വോപരി ലാളിത്യവും വിനയവും ചേർന്നൊഴുകിയ ഒരു മനോഹാരിതയും ദൈവകാരുണ്യത്തിന്റെ പരിവേഷവും അതൊക്കെത്തന്നെയാണ്.

വിദ്യാത്ഥികൾക്കൊരു മഹനീയ മാതൃകയായിരുന്നു ടീച്ചർ. ടീച്ചറുടെ ക്ലാസ്സുകൾ ആദ്യന്തം ഉന്മേഷവും ഉണർവ്വും പുതിയ ചിന്താശക്തിയും പകരുന്നതായിരുന്നു. പരിപൂർണ്ണ അച്ചടക്കം വിദ്യാർത്ഥികളിൽ നിഷ്കർഷിച്ചുകൊണ്ട് അവരുടെ മനസ്സിൽ അന്തർലീനമായിരിക്കുന്ന അഭിരുചികൾ വികസിപ്പിച്ചെടുക്കാൻ ടീച്ചർക്കു കഴിഞ്ഞു. വിദ്യാർത്ഥികൾക്ക് പ്രചോദനമായിരുന്നു ടീച്ചർ. അത് എനിക്കും അനുഭവപ്പെട്ടതാണല്ലോ.

ആത്മവിശ്വാസവും, ദൈവാശ്രയവും കൈമുതലായവർക്ക് ഭൗതികവും ആത്മീയവുമായ എല്ലാ അനുഗ്രഹങ്ങളും സമൃദ്ധമായി ലഭിച്ചുകൊണ്ടിരിക്കും എന്നതിന് ടീച്ചറിന്റെ ജീവിതം ഉത്തമ ഉദാഹരണമാണ്. അനിതരസാധാരണമായ അനേകം അപൂർവ്വതകളുടെ ഒരു സംഗമം വിവിധ ഭാവങ്ങളുടെ ഒരു സമഞ്ജസ സമ്മേളനം അതായിരുന്നു ടീച്ചറുടെ ജീവിതം എന്ന് ഞാൻ മനസ്സിലാക്കുന്നു.

The great and most respected lady passed away elegant, disciplined and efficient. A woman can be equal or more equal to a man. (According to a colleague.)

ടീച്ചറിന്റെ ശിഷ്യഗണത്തിൽപ്പെട്ടതോ. സഹപ്രവർത്തകരിൽപ്പെട്ടതോ ആയ ഏതോ ഒരു വ്യക്തിയുടെ ആരാധനയിൽപ്പൊതിഞ്ഞ ഏതാനും വാക്കുകളാണിത്. സ്വന്തം വിലയിരുത്തലല്ലാ, മറ്റുള്ളവരുടെ വിലയിരുത്തലാണ് ഒരു വ്യക്തിയെ ആദരവിന് അർഹമാക്കുന്നത്. ഇതൊരു സത്യമല്ലേ? ഈ ലേഖനം എഴുതാൻ പ്രസ്തുത അഭിപ്രായത്തിനും എന്നെ സ്വാധീനിക്കാൻ കഴിഞ്ഞു എന്നത് മറ്റൊരു വസ്തുതയാണ്.

മറിയാമ്മ ടീച്ചറുമായി ഞാൻ കൂടുതൽ ഇടപഴകുകയോ ബന്ധം സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. ജീവിതത്തിൽ രണ്ടേ രണ്ടു പ്രാവശ്യമേ നേരിൽ കണ്ടിട്ടുള്ളു. ഏതാനും നിമിഷങ്ങൾ മാത്രം നീണ്ടു നിന്ന സംസാരം. അതും പഠനത്തെപ്പറ്റി മാത്രം. പക്ഷെ ഒരു ബൗദ്ധീക ബന്ധം അറിയാതെ ഉടലെടുത്തുപോയി. എന്റെ ഒരു ആരാധനാപാത്രമായി ടീച്ചർ രൂപാന്തരപ്പെട്ടു. ടീച്ചർ അതറിഞ്ഞിട്ടുണ്ടാവില്ല. ചില ബന്ധങ്ങൾ അങ്ങനെയാണ്. നിയതമായ ഒരു മാനദണ്ഡം ഉണ്ടാവണമെന്നില്ല. പ്രകൃതിയിലെ ഒരു അനിവാര്യത എന്നപോലെ ഒരു ദൈവ നിയോഗം എന്നുപറഞ്ഞാൽ ഏറ്റവും ഉചിതമായ ഒരു നിർവ്വചനം. അതിനു ദിവസംതോറും കണ്ടു സംസാരിക്കണമെന്നോ, വസ്തുതകൾ ചർച്ച ചെയ്യണമെന്നോ എന്നൊന്നും ഇല്ല. സൂക്ഷ്മമായി വ്യക്തമായി സമയം സൂചിപ്പിക്കുന്ന ഒരു ഘടികാരം പോലെ അതിന്റെ സൂചികൾ ചില പ്പോൾ മാത്രമേ കണ്ടുമുട്ടുന്നുള്ളൂ. പക്ഷേ എന്നും ബന്ധപ്പെട്ടിരിക്കുകയാണ്. അതുപോലെ ആത്മാർത്ഥതയുടെ പൊൻ ചരടിൽ ബന്ധിപ്പിച്ചു കഴിഞ്ഞാൽ പിന്നെ അതൊരു ആത്മബന്ധമായി, ഒരു കറയറ്റ സുദൃഢ ബന്ധമായി രൂപാന്തരപ്പെടും.

1967–ൽ തളിപ്പറമ്പ് (കണ്ണൂർ) സർ സയ്ദ് കോളേജിന്റെ സുവോളജി വിഭാഗത്തിൽ അദ്ധ്യാപികയായി പ്രവേശിച്ചു. താമസിയാതെ വകുപ്പുമേധാവിയായി സ്ഥാനമേറ്റു. വിദ്യാർത്ഥികളോട് വാത്സല്യവും, അതോടൊപ്പം കർശന നിയന്ത്രണവും വെച്ചുപുലർത്തിയ ഒരു അദ്ധ്യാപിക. മികച്ച സംഘാടക, പ്രസംഗക, പാചകവിദഗ്ധ ഇങ്ങനെ വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ചു. 1990–ൽ ഉദ്യോഗത്തിൽ നിന്നും വിരമിച്ചു.

അതിനുശേഷം എറണാകുളത്തേക്ക് താമസം മാറ്റി. അപ്പോൾ മെഡിക്കൽ എൻട്രൻസ് കോച്ചിംഗ് ഫാക്കൽറ്റി ആയി സേവനം തുടർന്നു. അക്കാഡമിക് രംഗത്തുനിന്നും വിട്ടു നിൽക്കാൻ തന്റെ മനസ്സ് ഒരിക്കലും അനുവദിച്ചിരുന്നില്ല. അങ്ങനെ വലിയ ഒരു ശിഷ്യ സമ്പത്തിന്റെ ഉടമയായി.

പ്രസിഡന്റ് ഓഫ് ഗിരിനഗർ ലേഡീസ് റിക്രിയേഷൻ ക്ലബ്ബ്

ഫൗണ്ടഷൻ മെമ്പർ പനമ്പിള്ളി നഗർ, എൽഡേഴ്സ് ഫോറം, എറണാകുളം വൈ.ഡബ്ല്യു.സി.എ. മെമ്പർ, ലയൺസ് ക്ലബ്ബ്, വൈസ് മെൻസ് ക്ലബ്ബ് എന്നീ സംഘടനകളിൽ സജീവ സാന്നിദ്ധ്യം ഉണ്ടായിരുന്നു.

അടിയുറച്ച ദൈവ വിശ്വാസവും നിശ്ചയ ദാർഢ്യവും കൊണ്ട് കാൻസർ രോഗത്തെ അതിജീവിക്കാൻ കഴിഞ്ഞു. ക്രിസ്തുവിൽ അധിഷ്ഠിതമായ ജീവിതം നയിച്ചു. അനവധി ക്രിസ്ത്യൻ മിഷനറി സ്ഥാപനങ്ങൾക്ക് പിന്തുണ നൽകിയിരുന്നത് പ്രശംസനീയമാണ്. ഒപ്പം അനുകരണീയവും.

വിദ്യയും വിനയവും പെയ്തിറങ്ങിയ ആ വലിയ മനസ്സിന്റെ ഉടമ. ക്രിസ്തീയ സൗഭാഗ്യങ്ങൾ ആവോളം ആസ്വദിച്ച് 92-ാം വയസ്സിൽ ഈ ലോകത്തോട് യാത്ര പറഞ്ഞു. ഒത്തിരി ഒത്തിരി നല്ല ഓർമ്മകൾ ബാക്കി വച്ച്...

ഇനി ഒരു കാര്യ കൂടി പറഞ്ഞു കൊള്ളട്ടെ...

ഇത്ര നാൾ മറഞ്ഞിരുന്ന് എന്റെ ഗുരുനാഥയെ ഞാൻ ആരാധിച്ചിരുന്നു...

ഇനിയും തെളിഞ്ഞ വെളിച്ചത്തിൽ ആ ആത്മാവിന് നിത്യശാന്തി നേരട്ടെ...

നമ്രശിരസ്കയായി...

# ക്നാനായ മെരിറ്റ് അവാർഡ്

ക്നാനായ സമുദായത്തിലെ ഉന്നതവിജയം കൈവരിച്ച പ്രതിഭകളെ ആദരിക്കുന്ന ക്നാനായ മെരിറ്റ് അവാർഡ് 2024 നവംബർ 17-ാം തീയതി ഞായറാഴ്ച 2 മണിയ്ക്ക് ചിങ്ങവനം മോർ അപ്രേം സെമ്മിനാരിയിൽ വച്ച് നടത്തുവാൻ ക്നാനായ കമ്മറ്റി തീരുമാനിച്ചു. S.S.L.C, +2 പരീക്ഷകളിൽ 80% വും. ഡിഗ്രിയ്ക്ക് 60% വും പി. ജി. തലങ്ങളിലും മറ്റ് പ്രൊഫഷണൽ മേഖലകളിൽ പ്രശസ്ത വിജയം കൈവരിച്ചവർക്കും അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ ഒക്ടോബർ 30 ന് മുൻപായി വികാരിമാർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് കോപ്പികൾ പൂർണ്ണ മേൽവിലാസവും, മൊബൈൽ നമ്പരും, ഇടവകയുടെ പേരും രേഖപ്പെടുത്തി ചിങ്ങവനം മോർ അപ്രേം സെമ്മിനാരി ഓഫീസിൽ നൽകേണ്ടതാണ്. കലാകായിക രംഗങ്ങളിൽ മികവ് തെളിയിച്ചവർ, വിവിധ പുരസ്ക്കാര ജേതാക്കൾ, പൊതു പരീക്ഷകളിൽ മികവു തെളിയിച്ചവർ എന്നിവരെയും ഈ പരിപാടിയിൽ പ്രത്യേകമായി ആദരിക്കുന്നതാണ്. മന്ത്രിമാർ ഉൾപ്പെടെ സാമൂഹ്യ സാംസ്ക്കാരിക വിദ്യാഭ്യാസ മേഖലകളിലെ വിശിഷ്ഠാതിഥികൾ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നതാണ്.

എന്ന്,

**റ്റി. സി. തോമസ് തോപ്പിൽ**
(സമുദായ ട്രസ്റ്റി)
9847427709

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**
(സമുദായ സെക്രട്ടറി)
9447097450

**കൂടുതൽ വിവരങ്ങൾക്ക്**

**കൺവീനർ**
ജേക്കബ് തോമസ് മറ്റയ്ക്കാട്ട്
9447356050

**ജോ. കൺവീനേഴ്സ്**
രെഞ്ചു ചാക്കോ കോഴിമറ്റം 9847723225
ജോബി കാരിക്കോട്ട് 9447114211
ലിനു വരാത്ര 9446510257
സജി താന്നിയ്ക്കൽ 9447400723


# NAZARETH COLLEGE OF PHARMACY

OTHERA,THIRUVALLA- 689546 Ph:9496427212, 9495237292

**QUOTATION IS INVITED FOR THE FOLLOWING WORK.**

**1. The Elevation Fabrication Work & Signage of Severios Academic Block**

Quotations forms will be available at college office is on 08/10/2024.The last date for submission of tender 21/10/2024.

# മനുഷ്യരോട് മത്സരിച്ച് നീ തളർന്നു പോയാൽ കുതിരകളോട് എങ്ങനെ മത്സരിക്കും???

സീമ ഷിന്റോ, കന്നിയേൽ, റാന്നി

വി. ബൈബിളിൽ യിരമ്യാ പ്രവാചകന്റെ പുസ്തകം 12:5-ാം വാക്യത്തിൽ നാം ഇങ്ങനെ വായിക്കുന്നു. "മനുഷ്യരോട് മത്സരിച്ച് നീ തളർന്നുപോയാൽ കുതിരകളോട് എങ്ങനെ മത്സരിക്കും? സുരക്ഷിത സ്ഥാനത്ത് നിന്റെ കാലുകൾ ഇടറിയാൽ ജോർദ്ദാൻ വനങ്ങളിൽ നീ എന്ത് ചെയ്യും? (If you have raced with men on foot and they have worn you out, how can you compete with horses???)

തന്റെ മുന്നിലുള്ള പ്രതിസന്ധികളേയും ശത്രുക്കളേയും കുറിച്ച് യിരമ്യാപ്രവാചകൻ പരാതിപ്പെടുകയും വേദനിക്കുകയും ചെയ്യുന്ന അവസരത്തിൽ കർത്താവ് അദ്ദേഹത്തോട് പറയുന്ന മറുപടിയാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. ദുഷ്ടന്മാരുടെ വഴി ശുഭകരമായിരിക്കണമെന്നും ദ്രോഹം പ്രവർത്തിക്കുന്നവരൊക്കെയും നിർഭയമായിരിക്കുന്നുവെന്നും അദ്ദേഹം പരാതിപ്പെടുമ്പോൾ കർത്താവിന്റെ മറുപടിയാണിത്. സുരക്ഷിത സ്ഥാനത്ത് നിൽക്കുമ്പോൾപോലും നിന്റെ കാലുകൾ ഇടറിയാൽ ജോർദ്ദാന്റെ വനങ്ങളിൽ നീ എന്ത് ചെയ്യും? അതായത് പുഴുപോലെ നശിച്ചുപോകുന്ന മനുഷ്യരെ കണ്ടിട്ട് നീ പരാതിപ്പെടുന്നെങ്കിൽ കുതിരപ്പടയാളികളുടെ മുന്നിൽ നീ പിടിച്ചു നിൽക്കുന്നതെങ്ങനെ എന്ന് കർത്താവ് അദ്ദേഹത്തോട് ചോദിക്കുന്നു. ഇവിടെ 'മനുഷ്യരെ' നമ്മുടെ മുന്നിലുള്ള ചെറിയ പ്രശ്നങ്ങളോട് കർത്താവ് ഉപമിക്കുന്നു. ദൈവാശ്രയത്തിലും പ്രാർത്ഥനയിലും നമുക്ക് അതിജീവിക്കാവുന്ന ചെറിയ ചെറിയ പ്രശ്നങ്ങൾക്കു മുന്നിൽ പരാതിപ്പെടുന്നവർക്ക് കുതിരപ്പടയാളികളേപ്പോലെയുള്ള പ്രശ്നങ്ങൾക്ക് മുന്നിൽ എങ്ങനെ പിടിച്ചുനിൽക്കാനാകും? നിങ്ങൾ ചെറിയ ബുദ്ധിമുട്ടുകളിൽ മുങ്ങിപ്പോയെങ്കിൽ വലിയവ വരുമ്പോൾ നിങ്ങൾ എന്തു ചെയ്യും എന്ന് യഹോവ ചോദിക്കുന്നു. അതുകൊണ്ട് ജീവിതത്തിലുണ്ടാകുന്ന എന്തു പ്രതിസന്ധിയുടെ മുന്നിലും തളരാതെ തകരാതെ പിടിച്ചു നിൽക്കുക. നമ്മെ സംരക്ഷിക്കുവാൻ കർത്താവായ യേശുക്രിസ്തുവിന്റെ കരം കൂടെയുള്ളപ്പോൾ ചഞ്ചലപ്പെടേണ്ട ആവശ്യം ഏതുമില്ല. കാരണം "നരയ്ക്കുവോളം ഞാൻ നിന്നെ ചുമക്കാം" എന്ന് വാക്കു തന്ന പിതാവാണ് നമ്മുടെ ദൈവം. അവിടുന്ന് കലങ്ങി മറിയുന്ന പ്രതിസന്ധികൾക്ക് മുന്നിൽ നമ്മെ ഒറ്റയ്ക്കാക്കില്ല, പാതിവഴിയിൽ നമ്മെ ഉപേക്ഷിക്കുകയുമില്ല. ഈ വിശ്വാസം കൈമുതലായിട്ടുള്ള വിശ്വാസികൾ പ്രത്യാശയോടെ ജീവിതത്തിൽ മുന്നോട്ട് പോകുന്നു.

ശദ്രക്ക്, മേശക്ക്, അബേദ്നെഗൊ എന്നീ മൂന്നു ചെറുപ്പക്കാരെ എരിയുന്ന തീച്ചൂളയിലേക്ക് വലിച്ചെറിഞ്ഞപ്പോഴും ജോസഫ് സഹോദരന്മാരാൽ ചതിക്കപ്പെട്ട് പൊട്ടക്കിണറിൽ തള്ളപ്പെട്ടപ്പോഴും, പൗലോസ്, ശീലാസ് എന്നിവരെ കാരാഗൃഹത്തിൽ അടച്ചപ്പോഴും, ദാനിയേലിനെ സിംഹങ്ങൾക്ക് ഇരയായി കൊടുക്കാൻ ഗുഹയിൽ ഇട്ടുകളഞ്ഞപ്പോഴും അവരാരും ഭയപ്പെടുകയോ പരിഭ്രമിക്കുകയോ തോറ്റ് കൊടുക്കുകയോ ചെയ്തില്ല. ഞാൻ വിശ്വസിക്കുന്ന ദൈവം തന്നെ രക്ഷിക്കുമെന്ന് പൂർണ്ണബോധ്യം അവർക്കുണ്ടായിരുന്നു. അവരുടെ വിശ്വാസം അവരെ രക്ഷിച്ചു. കാരണം നാം ഇന്നനുഭവിക്കുന്ന തീച്ചൂളയെപ്പാലെ നീറുന്ന പ്രശ്നങ്ങളേക്കാൾ നമ്മെ വിഴുങ്ങുവാൻ വായ്പിളർത്തി നിൽക്കുന്ന സിംഹങ്ങളെപ്പോലെ ശക്തമായ പ്രതിസന്ധികളേക്കാൾ ഇന്ന് നാം അനുഭവിക്കുന്ന കാരാഗൃഹസമമായ വിഷയങ്ങളേക്കാൾ ശക്തിയുള്ളവനാണ് നമ്മുടെ ദൈവം. അവിടുന്ന് എല്ലാ പ്രതിസന്ധികളിൽ നിന്നും നമ്മെ വീണ്ടെടുക്കും. അവിടുത്തെ ചിറകിൻകീഴിൽ നാം ആശ്വാസം പ്രാപിക്കും. യെരുശലേമിനുവേണ്ടി യുദ്ധം ചെയ്യാൻ നമ്മുടെ ദൈവം സീയോൻ പർവ്വതത്തിൽ ഇറങ്ങി വരുകതന്നെ ചെയ്യും.

അതുകൊണ്ട് ചെറിയ പ്രശ്നങ്ങൾക്കു മുന്നിൽ കാലുകളിടറരുത്, കണ്ണുകൾ കലങ്ങരുത്. ഈ യുദ്ധം നയിക്കുന്നത് ദൈവമായ നമ്മുടെ കർത്താവാണ്. അറുതിയില്ലാത്ത ദുഃഖാനുഭവങ്ങളും ആശാഭംഗങ്ങളും നിറഞ്ഞ ജീവിത മരുഭൂമിയിൽ കുളിർമ നൽകുന്ന മരുപ്പച്ചയാണ് ദൈവവിശ്വാസം. അതുകൊണ്ട് നമുക്കും ഏറ്റുപറയാം. "ഞാൻ ജീവനുള്ളവരുടെ ദേശത്ത് യഹോവയുടെ നന്മ കാണുമെന്ന് വിശ്വസിച്ചില്ലെങ്കിൽ കഷ്ടം. ദൈവത്തിൽ പ്രത്യാശ വയ്ക്കുക, ധൈര്യമുള്ളവനായിരിക്കുക. നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ (സങ്കീ.27:13-14). ●

## ക്നാനായ വനിതാ സമാജം സ്നേഹ ഭവനം താക്കോൽദാനം

ക്നാനായ വനിതാ സമാജം കോട്ടയം, ആലപ്പുഴ, എറണാകുളം ജില്ലകളിലെ വനിതാ സമാജ അംഗങ്ങളുടെ സംയുക്ത സമ്മേളനത്തോട് അനുബന്ധിച്ച് 04/10/2024 വെള്ളി 10 എ.എം.ന് വെളിയനാട് മാർ സ്തേഫാനോസ് വലിയ പള്ളിയിൽ വച്ച് മേഖലാ പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളത്തിന്റെ അധ്യക്ഷതയിൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് സ്നേഹ ഭവനം പദ്ധതിയുടെ വെളിയനാട് പള്ളിയിൽ നിർമ്മിച്ചു കൊടുത്ത പ്രഥമ ഭവനത്തിന്റെ താക്കോൽ ദാനം നിർവഹിച്ചു. ഫാ. കൊച്ചുമോൻ തോമസ് ഐക്കാട്ട്മണ്ണിൽ മുഖ്യ പ്രഭാഷണം നടത്തി. ഫാ. പി.ഒ. ഏലിയാസ് പാറക്കുളം, ഫാ. മാത്യു ഉതുപ്പാൻ ചെറുകരേത്ത്, ഫാ. മോനായി കെ. ഫിലിപ്പ്, ഓമന സാബു മഠത്തിപറമ്പിൽ, സെലീമ ജോസഫ് പെരുമാച്ചേരി, ജെസ്സി ചാക്കോ കുന്നേൽ, സിനി സ്റ്റീഫൻ, സോമോൾ ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. സുറിയാനി ഭാഷാപഠന കോഴ്സിൽ ഉന്നതവിജയം നേടിയ ഷീബാ സൂസൻ തോമസിന് മൊമന്റോ നല്കി അനുമോദിച്ചു. സൺഡേ സ്കൂൾ 10-ാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ ഷെൽന ബിനു കരിമ്പിൽകളത്തിലിന് കാഷ് അവാർഡ് നല്കി. ●

# ഏവൻഗേലിയോൻ ദീപം



**നെൽസൺ സ്കറിയ ഇളവൻകളം, വിദ്യാർത്ഥി**
**എം.എസ്.ഒ.റ്റി സെമിനാരി, ഉദയഗിരി, മുളംന്തുരുത്തി**

### സ്ലീബാപെരുന്നാളിനുശേഷം 6 – ാം ഞായർ
### വി. ലൂക്കോസ് 18:18 – 27 (20 – 10 – 2024)

ഒരു പ്രമാണി കർത്താവിന്റെ അടുക്കൽ വന്ന് നിത്യജീവൻ അവകാശമാക്കുവാൻ എന്തുചെയ്യണമെന്നു ചോദിക്കുന്നതും കർത്താവ് അതിന് നൽകുന്ന മറുപടിയുമാണ് ഇന്നത്തെ ഈ ഏവൻഗേലിയോൻഭാഗം. ഒരു പ്രമാണി എന്നതിനുപകരം ഒരുത്തൻ (വി.മത്തായി 19:16) എന്നും, ഒരുവൻ ഓടിവന്ന് (വി. മർക്കോസ് 10:17) എന്നും മറ്റും സുവിശേഷങ്ങളിൽ കാണുന്നു.

നിത്യജീവൻ പ്രാപിക്കുക എന്നത് യഹൂദന്മാരുടെ ഇടയിൽ ഒരു പുതിയ ആത്മീയ ലക്ഷ്യം ആയിരുന്നില്ല. ഇവർ മരണാനന്തര ജീവിതത്തെക്കുറിച്ച് ആകാംക്ഷയുണ്ടായിട്ട് യേശുവിനെ സമീപിക്കുന്നു. ഈ കഷ്ടതകളിലും പ്രതിസന്ധിയിലും ധനവും സുഖസൗകര്യങ്ങൾക്കും വേണ്ടിയുള്ള ശ്രമമായി മുന്നോട്ട് നീങ്ങുന്നതല്ലാതെ പരലോകത്തിൽ നിത്യജീവൻ പ്രാപിക്കുന്നു എന്ന് ചിന്തിക്കുന്നവർ ഇന്ന് വളരെ കുറവാണ്. നിത്യജീവൻ എന്നാൽ നിത്യനായ ദൈവസന്നിധിയിൽ നിത്യമായി വസിക്കുന്നതിനെയാണ് നിത്യജീവൻ എന്ന് പറയുന്നത്. ഇത് പ്രാപിക്കുവാൻ രണ്ട് കാര്യങ്ങൾ ചെയ്യണമെന്നാണ് യേശു യഹൂദപ്രമാണിമാരോട് പറയുന്നത്.

1. കല്പനകൾ പാലിച്ച് ജീവിക്കുക.
2. സർവ്വതും വിട്ട് സർവ്വത്തിന്റെ നാഥനായ യേശുവിനെ അനുഗമിക്കുക.

നിത്യജീവനിലേയ്ക്കുള്ള സകല തടസ്സങ്ങളും ഇല്ലാതാക്കി, സകല മനുഷ്യരേയും ഈ വിഷയത്തേക്കുറിച്ച് പഠിപ്പിച്ച് നിത്യജീവൻ അർഹരാക്കുക എന്നതായിരുന്നു കർത്താവിന്റെയും ശിഷ്യന്മാരുടെയും ലക്ഷ്യം (റോമർ 6:22). പുതിയ നിയമത്തിൽ നിത്യജീവൻ എന്ന വാക്ക് ഏതാണ്ട് 50 പ്രാവശ്യം പരാമർശിച്ചിട്ടുണ്ട്. യേശുക്രിസ്തു എന്ന ദൈവത്തിൽ നിന്നുള്ള ദൈവം, മനുഷ്യനായി മനുഷ്യരുടെ പാപങ്ങൾക്ക് പരിഹാരമായി ദൈവസന്നിധിയിൽ മറുവില നൽകിയിരുക്കുകയാൽ അവനിൽ വിശ്വസിച്ച് നിത്യജീവൻ പ്രാപിക്കുക എന്നതാണ് ക്രിസ്തുമതത്തിന്റെ കാതലായ ആത്മീയ ഉപദേശം.

"നിനക്ക് ഒരു കുറവുണ്ട്. നിനക്കുള്ളതൊക്കെയും വിറ്റ് ദരിദ്രന്മാർക്ക് കൊടുക്കുക". എന്നാൽ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും, പിന്നെ വന്ന് എന്നെ അനുഗമിക്കുക എന്നു പറഞ്ഞു".

ഇന്ന് നമ്മുടെ ഇടയിലും ദൈവത്തെ കാണാൻ സാധിക്കാത്തവിധം നിരവധി കുറവുകളുണ്ട്. നമ്മുടെ അഹന്തവാശി എല്ലാം മാറ്റിവെച്ചാലെ ദൈവത്തിലേയ്ക്ക് അടുക്കുവാൻ സാധിക്കുള്ളൂ. മഹാനായ അലക്സാണ്ടർ ചക്രവർത്തി എല്ലാം വെട്ടി പിടിച്ചു, എന്നാൽ തന്റെ അന്ത്യയാത്രയിൽ ഇരുകൈകളും പുറത്തേക്ക് ഇട്ടുകൊണ്ട് കാണിച്ചുതന്നതാണ് ഞാൻ നേടിയതൊന്നും ഞാൻ കൊണ്ടുപോകുന്നില്ലായെന്ന്. അപ്രകാരം നമ്മുടെ ജീവിതത്തിലും വിട്ടുകൊടുക്കുന്ന മനോഭാവത്തോടെ ജീവിക്കുകയും സ്വർഗ്ഗരാജ്യത്തിലെ നിത്യജീവൻ പ്രാപിക്കുവാനും ഇടയായിത്തീരട്ടെ.

### സ്ലീബാപെരുന്നാളിനുശേഷം 7 – ാം ഞായർ
### വി. മത്തായി 5:21 – 26 (27 – 10 – 2024)

അനുതാപത്തിന്റെയും ക്ഷമയുടെയും അനുരജ്ഞനത്തിന്റെയും പ്രബോധനങ്ങളാണ് ഇന്നത്തെ ഏവൻഗേലിയോൻ. കർത്താവിന്റെ ഗിരിപ്രഭാഷണത്തിൽ ഉൾപ്പെട്ട ഇന്നത്തെ ഏവൻഗേലിയോൻ ഭാഗം ആരംഭിക്കുന്നത് "കൊല ചെയ്യരുത്" എന്ന ആറാം കല്പനയെപ്പറ്റി പറഞ്ഞുകൊണ്ടാണ്. കൊല ചെയ്യരുത് എന്നും ആരെങ്കിലും കൊലചെയ്താൽ ന്യായവിധിക്ക് യോഗ്യനാകും എന്നും പൂർവ്വികരോട് അരുളിചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. നിങ്ങൾ കേട്ടിട്ടുണ്ടല്ലോ എന്നതിൽ നിന്ന് യഹൂദനിയമം അറിയുന്നവരാണ് കേൾവിക്കാരെന്ന് മനസ്സിലാക്കാം. കൊലചെയ്യരുത് എന്ന കല്പന (പുറപ്പാട് 20:13, ആവർ. 5:17) യിലും കാണാമല്ലോ. കൊല ചെയ്യരുത് എന്നതിലൂടെ പഴയനിയമത്തിൽ കൊലപാതകത്തെ സംബന്ധിച്ചും, പുതിയ നിയമത്തിൽ കൊലപാതകത്തിനു പ്രേരണ ചെലുത്തുന്ന അഥവാ കോപംവച്ചു പുലർത്തുക എന്നിവ കാണിക്കുന്നു.

മറ്റുള്ളവരെ സമൂഹമദ്ധ്യേ താഴ്ത്തി കെട്ടുകയോ കരിതേച്ചു കാണിക്കുകയോ ചെയ്യുന്നത് കൊലപാതകംപോലെ തന്നെ പാപമാണെന്ന് കർത്താവ് പഠിപ്പിച്ചു. അതുപോലെ മനുഷ്യന്റെ പാപത്തിലേയ്ക്ക് നീങ്ങുവാനുള്ള ചിന്ത തന്നെ പാപം എന്നാണ് പറയുന്നത്. സഹോദരനോട് കോപിക്കുന്നവനെല്ലാം ന്യായവിധിക്ക് യോഗ്യനാകും, സഹോദരനോട് നിസ്സാര എന്ന് പറഞ്ഞാലോ ന്യായാധിപസഭയുടെ മുമ്പിൽ നിൽക്കേണ്ടി വരും. മൂഢാ എന്നു പറഞ്ഞാലോ അഗ്നിനരകത്തിന് യോഗ്യനാകും (വി. മത്തായി 5:21–22). സഹോദരങ്ങൾ തമ്മിലുള്ള വഴക്കുകൾക്ക് ഒരു പരിധിവരെ മാതാപിതാക്കൾക്ക് പങ്കുണ്ട്. റബേക്ക യാക്കോബിനോടും ഇസഹാക്ക് ഏശാവിനോടും പ്രദർശിപ്പിച്ച വിഭിന്ന നിലപാടുകൾ ഒരുവനിൽ പകയുടെയും വിദ്വേഷത്തിന്റെയും അപരനിൽ ഭയത്തിന്റെയും വിത്തുപാകാൻ ഉതകുന്നതാണ്.

നമ്മുടെ ഈ കൊച്ചു ജീവിതത്തിൽ എല്ലാവരേയും ക്രിസ്തുവിൽ സമന്മാരായി കാണുവാൻ കഴിയണം. അതുപോലെ മറ്റുള്ളവരുടെ വ്യക്തിത്വത്തെ മാനിച്ചുകൊണ്ട് ബഹുമാനിക്കേണ്ടവരെ ബഹുമാനിക്കണം.

### കൂദോശ് ഈത്തോ ഞായർ
### വി. മത്തായി 8:27 – 33 (03 – 11 – 2024)

സുറിയാനി പാരമ്പര്യമുള്ള സഭയുടെ ആരാധനാ കലണ്ടർ അനുസരിച്ച ആദ്യ ഞായറാഴ്ച. കൂദോശ് എന്നാൽ ശുദ്ധീകരണം എന്നും ഈത്തോ എന്നാൽ സഭ എന്നുമാണ്

**ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയത് കഴിഞ്ഞുപോയി. രക്ഷയുടെ അനുഭവത്തിൽ നിത്യവും ജീവിക്കുന്നതിന് ദിനംതോറും പുതുക്കം അനിവാര്യമാണ്.**

അർത്ഥമാക്കുന്നത്. സഭയുടെ ശുദ്ധീകരണമെന്നും അറിയപ്പെടുന്നു. വിശുദ്ധിയിലേയ്ക്ക് വളരുവാനുള്ള ആഹ്വാനമാണ് ദൈവവചനത്തിലൂടനീളം കാണുന്നത്. വിശുദ്ധിയിലേയ്ക്ക് ഉത്സാഹിക്കുന്നതിനും ഓടിയെത്തുന്നതിനും വി. പൗലോസ് ശ്ലീഹ പ്രബോധിപ്പിക്കുന്നുണ്ട്. (എബ്രായർ 12:14). ദൈവത്തെ കാണുന്നതിന് വിശുദ്ധിയിലേയ്ക്ക് നടന്നടുക്കേണ്ടത് അനിവാര്യമത്രേ. ദൈവത്തിന്റെ ഇഷ്ടം സഭാമക്കളുടെ ശുദ്ധീകരണമാണ് (1 തെസ.4:3).

വി. ഏവൻഗേലിയോൻ വായനയിൽ യേശു ഫിലിപ്പോസിന്റെ കൈസര്യായിലെ ഗ്രാമങ്ങളിലേക്ക് പോയതായി കാണാം. യേശുക്രിസ്തു ശിഷ്യന്മാരെ പരീക്ഷിക്കുവാനായി ഞാൻ ആരാണെന്നും ജനങ്ങൾ എന്നെക്കുറിച്ച് എന്ത് പറയുന്നുവെന്നു ചോദിച്ചു. യോഹന്നാൻ സ്നാപകനെന്നും ഏലിയാ പ്രവാചകനെന്നും പ്രവാചകന്മാരിൽ ഒരുത്തനെന്നും മറ്റ് ചിലർ പറയുന്നുണ്ട്. എന്നാൽ കർത്താവ് ശിഷ്യന്മാരോട് ചോദിക്കുന്നു. "നിങ്ങൾ എന്നെക്കുറിച്ച് ആര് എന്നാണ് പറയുന്നത്" ഇതിന് മറുപടിയായി പത്രോസ് ശ്ലീഹാ പറയുന്നു. "അങ്ങ് ജീവനുള്ള ദൈവത്തിന്റെ പുത്രനായ മ്ശിഹായാകുന്നു". വേദപണ്ഡിതന്മാരുടെ അഭിപ്രായത്തിൽ പത്രോസ് ശ്ലീഹയാണ് ആദ്യമായി യേശുക്രിസ്തുവിന്റെ ദൈവത്വം ഉറക്കെ പ്രഖ്യാപിക്കുകയും ഏറ്റു പറയുകയും ചെയ്യുന്നത്. അങ്ങ് ക്രിസ്തുവാണെന്ന് പത്രോസ് ശ്ലീഹായുടെ പ്രഖ്യാപനത്തെ വ്യാഖ്യാനിച്ചുകൊണ്ട് സഭാപിതാവായ അലക്സാന്ത്രിയായിലെ കൂറിലോസ് ഇപ്രകാരം പറയുന്നു. 'Jesus christ is the savior of all human being' അങ്ങ് മ്ശിഹായാകുന്നു എന്നതിലൂടെ അവിടുന്ന് എല്ലാ മനുഷ്യരുടെ രക്ഷകൻ എന്നാണ് അദ്ദേഹം വ്യാഖ്യാനിച്ചു പറയുന്നു. പത്രോസിന്റെ വിശ്വാസപ്രഖ്യാപനം സ്വർഗ്ഗസ്ഥനായ പിതാവിനാൽ വെളിപ്പെടുത്തിയതെന്ന് യേശു തന്നെ സാക്ഷ്യപ്പെടുത്തുന്നു. വി. മത്തായി ശ്ലീഹായുടെ സുവിശേഷത്തിൽ പത്രോസേ നീ പാറയാകുന്നു എന്നും പറയുന്നുണ്ട്. അത് കൂടാതെ സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ കൊടുക്കുകയും കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം നൽകുന്നുണ്ട്. എന്നാൽ വി. മർക്കോസിന്റെ സുവിശേഷത്തിൽ യേശുക്രിസ്തു തന്റെ ശിഷ്യന്മാരോട് ഈ കാര്യങ്ങൾ നിങ്ങൾ ആരോടും പറയരുത് എന്ന് പറയുന്നുണ്ട്. പിന്നീട് വിശ്വാസം ഏറ്റു പറഞ്ഞ പത്രോസിനെ കർത്താവ് ഉടൻ തന്നെ ശാസിക്കുന്നു. തിരിച്ചറിവിന്റെ ആഹ്വാനമാണ് ഇവിടെ നൽകുന്നത്. എന്നെ വിട്ടുപോ എന്ന് പറഞ്ഞ് പത്രോസിനെ ഉപേക്ഷിക്കുകയല്ല ശാസിച്ചും, ശിക്ഷിച്ചും, സന്തോഷിച്ചും തെറ്റിപ്പോയ പത്രോസിനെ സഭയുടെ കെട്ടുപണിക്ക് കൂട്ടാളിയാക്കുകയായിരുന്നു.

സ്വർഗ്ഗീയ പ്രബോധനങ്ങൾ മനുഷ്യന്റെ ബുദ്ധിയിൽ മൂഢതയാണ്. യേശുക്രിസ്തു ദൈവപുത്രനാണെന്ന് പറഞ്ഞ് പറയിപ്പിക്കുവാനല്ല കർത്താവ് ആഗ്രഹിച്ചത്; പ്രത്യുത വസ്തുക്കളെ അടിസ്ഥാനപ്പെടുത്തി കണ്ടെത്തുവാനാണ് ആഗ്രഹിച്ചത്. അതുകൊണ്ടാണ് ഇത് ആരോടും പറയരുത് എന്ന് പറഞ്ഞ് വിലക്കിയത്. സ്വയം ബോധ്യപ്പെടുകയും ആബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ജീവിക്കുവാനാണ്. തെറ്റിപ്പോകുക സ്വാഭാവികമാണ് എന്നാൽ അത് മനസ്സിലാക്കിക്കൊണ്ട് തിരിച്ചുവരവാണ് പ്രധാനം. നമ്മുടെ ആവശ്യങ്ങൾ അറിയുന്ന നമുക്കായി കരുതുന്ന ദൈവമാണ് ക്രിസ്തു. ഒരു തിരിച്ചുവരവിന്റെയും പുതുക്കത്തിന്റെയും ദിനമായി ഈ കൂദേശ് ഈത്തോ ഇടയായിതീരട്ടെ.

**ഹൂദോശ് ഈത്തോ ഞായർ**
**വി. ലൂക്കോസ് 19:47 – 20:8 (10–11–2024)**

സുറിയാനി സഭയുടെ പാരമ്പര്യം അനുസരിച്ച് ആരാധന വർഷത്തിലെ രണ്ടാമത്തെ ആഴ്ചയാണ് ഹൂദോസ് ഈത്തോ. സഭയുടെയും വ്യക്തികളുടെയും പുതുക്കവും പുനഃപ്രതിഷ്ഠയുമാണ് ഇതിന്റെ അത്യന്തിക ലക്ഷ്യം എന്നത്. പഴയ നിയമ പശ്ചാത്തലത്തിൽ കാളകുട്ടിയെ ആരാധിച്ചതിനാൽ വീണുപോയ ജനത്തിന്റെ പുനഃപ്രതിഷ്ഠയാണ് ഈ ദിവസത്തെ ചിന്താവിഷയം. 'ഹൂദോസോ' എന്ന വാക്കിന് പുതുക്കം, പുനഃപ്രതിഷ്ഠ എന്നീ അർത്ഥങ്ങളാണ് 'ഈത്തോ' എന്നാൽ സഭ എന്നുമാണ് അർത്ഥം. യൂദായും സഹോദരനും അതിവിശുദ്ധസ്ഥലം വൃത്തിയാക്കി പുനഃപ്രതിഷ്ഠിക്കുന്നതിന്റെ അനുസ്മരണവുമാണ് ഹൂദോസ് ഈത്തോ.

വിശുദ്ധിയിലേക്കുള്ള വളർച്ചയ്ക്ക് പുതുക്കം ആവശ്യമാണ്. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയത് കഴിഞ്ഞുപോയി. രക്ഷയുടെ അനുഭവത്തിൽ നിത്യവും ജീവിക്കുന്നതിന് ദിനംതോറും പുതുക്കം അനിവാര്യമാണ്. യേശുതമ്പുരാൻ സുവിശേഷമറിയിക്കുമ്പോൾ മഹാപുരോഹിതന്മാരും ശാസ്ത്രിമാരും മൂപ്പന്മാരും അടുത്തു വന്ന് എന്ത് അധികാരം കൊണ്ടു ഇത് ചെയ്യുന്നു. ഈ അധികാരം നിനക്ക് തന്നത് ആർ എന്നു ഞങ്ങളോട് പറയുക എന്ന് പറഞ്ഞു. യഹൂദ സമുദായത്തിന്റെ മേലദ്ധ്യക്ഷന്മാരാണ് നസ്രായനായ യേശുവിനെ ചോദ്യം ചെയ്യുന്നത്. എന്നാൽ ഇതിന് മറുചോദ്യമായി കർത്താവ് ഇപ്രകാരം ചോദിക്കുന്നുണ്ട്. "യോഹന്നാന്റെ സ്നാനം മനുഷ്യരിൽ നിന്നോ സ്വർഗ്ഗത്തിൽ നിന്നോ ഉണ്ടായത്". ഒരു വിധത്തിൽ ഉത്തരം നൽകാൻ സാധിക്കാത്ത വിധത്തിൽ ശാസ്ത്രിമാർ ആശങ്കയിലായി. സ്വർഗ്ഗത്തിൽ നിന്ന് എന്നു പറഞ്ഞാൽ നിങ്ങളവനെ വിശ്വസിക്കാത്തത് എന്ത് എന്ന് അവൻ നമ്മോട് ചോദിക്കും (വി. മത്തായി 21:32). മനുഷ്യരിൽ നിന്ന് എന്നു പറഞ്ഞാൽ ജനം എല്ലാം യോഹന്നാൻ ഒരു പ്രവാചകനാണെന്ന് വിശ്വസിച്ചിരിക്കുന്നതിനാൽ (മത്തായി 11:7–9,14:5) നമ്മെ കല്ലെറിയും. അതുകൊണ്ട് അവർ അതിന് ഉത്തരം പറയാൻ തയ്യാറായില്ല. നമ്മുക്ക് അറിയാം യോഹന്നാൻ സ്നാപകൻ ദൈവപുത്രനു വഴിയൊരുക്കുവാൻ വന്നതാണല്ലോ. സ്നാപക യോഹന്നാൻ വെള്ളത്തിൽ സ്നാനം കൊടുത്ത് ജനത്തെ ദൈവത്തിങ്കലേയ്ക്ക് നയിച്ചു. ലോകത്തിലേയ്ക്ക് ആഗതനാകുന്ന യേശുവിനെ മറ്റുള്ളവർക്ക് ചൂണ്ടിക്കാണിച്ചു കൊടുക്കുവാനുള്ള പരിശുദ്ധാത്മ നിറവ് അവൻ ജനനത്തിൽ തന്നെ പ്രാപിച്ചു.

കർത്താവ് നമ്മോട്കൂടെയുണ്ടാവുമെന്നും നാം ഒറ്റക്കല്ല എന്ന മനോഭാവത്തോട് ജീവിക്കുവാനും ലോകംമുഴുവൻ എതിർത്താലും കർത്താവ് എന്നും നമ്മെ അനുഗ്രഹിക്കും. മനസ്സാക്ഷിയെ വ്രണപ്പെടുന്ന സകല തെറ്റുകളും പാപങ്ങളും സത്യകുമ്പസാരത്തോടുകൂടി ദൈവസന്നിധിയിൽ ഏറ്റ് പറഞ്ഞു ജീവിക്കാൻ സാധിക്കട്ടെ.

# Five Crowns in Bible

മിനി റജി, പടിയറ, എണ്ണിക്കാട് (യു.കെ.)

**1) വാടാത്ത കിരീടം:–** The 'Crown' of imperishable കൊരി. 9:25

ആരാണോ ജീവിതത്തിൽ വിശുദ്ധിയും വേർപാടും പാലിച്ച് എല്ലാത്തിൽ നിന്നും പ്രത്യേകിച്ച് ലോകത്തിന്റെ മോഹങ്ങളിൽ നിന്നും വർജ്ജനം ആചരിക്കുന്നത് അവർക്കായിരിക്കും വാടാത്ത കിരീടം ലഭിക്കുന്നത്.

**2) പ്രശംസാകിരീടം:** The 'Crown of Rejoicing 1 തെസ്സ. 2:19.

പ്രശംസാകിരീടം: or Crown of Rejoicing ലഭിക്കുന്നത് കർത്താവിനുവേണ്ടി പ്രവർത്തിച്ച് അവനായി ആത്മാക്കളെ നേടുന്നവർക്കാണ്.

**3) നീതിയുടെ കിരീടം:** Crown of Righteousness 2 തീമോ. 4:8.

യേശു പറഞ്ഞതുപോലെ അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച്, അവൻ നീതിയോടെ വിധിക്കുന്നതിനായി കാത്തിരിക്കുന്നവർക്കുള്ളത്. അവന്റെ വചനങ്ങൾ അനുസരിച്ച് കല്പനകളെ പ്രമാണിച്ചുകൊണ്ട് righteous ആയി ജീവിക്കുന്നവർക്ക് തന്നെ.

**4. ജീവകിരീടം:** The Crown of life യാക്കോബ് 1:12, വെളി. 2:10.

യേശുക്രിസ്തുവിലുള്ള വിശ്വാസംമൂലം എന്തൊക്കെ നേരിടേണ്ടിവന്നാലും അവനെ വിട്ടുപിരിയാതെ മരണത്തിനുപോലും കീഴടങ്ങാൻ തയ്യാറാകുന്നവർക്കുവേണ്ടി കർത്താവ് കൊടുക്കുന്നത്.

**5. തേജസ്സിന്റെ കിരീടം:** The Crown of Glory 1 പത്രോസ് 5:14 .

കർത്താവിന്റെ ആട്ടിൻകൂട്ടത്തിന് മാതൃകയായിത്തീർന്ന് സന്തോഷത്തോടെയും ഉന്മേഷത്തോടുകൂടെയും എന്നാൽ യാതൊരുവിധ ദുരാഗ്രഹത്തോടെയുമല്ലാതെ, അവരെ നയിക്കുന്നവർക്കുള്ളതാണ്.

**വാടാത്തകീരീടം**

അക്കാലത്ത് ഒളിമ്പിക്സ് കളിയിൽ വിജയിക്കുന്നവർക്ക് കിട്ടിയിരുന്നത് വാടിപോകുന്ന ഒലിവിലയുടെ കിരീടമായിരുന്നു. എന്നാൽ അതോടൊപ്പം വേറെ വിലപിടിപ്പുള്ള സമ്മാനങ്ങളും ലഭിച്ചിരുന്നു. എങ്കിലും കിരീടം വാടിപ്പോകുന്നതായിരുന്നു.

കർത്താവ് നമുക്ക് തരുന്ന കിരീടം വാടാത്തതാണ്. അതിനുള്ള കാരണം, ഈ ലോകത്തിൽ വർജ്ജനം ആചരിക്കുന്നവർക്കാണ് അത് കൊടുക്കുന്നത്. വർജ്ജനം എന്നാൽ ലോകത്തിന്റെ ഇമ്പങ്ങളെയും, അതിന്റെ മോടിയും, സുഖങ്ങളും, സൗകര്യങ്ങളെയും, ധനമാനങ്ങളും, പിന്നെ നമുക്ക് നമ്മെത്തന്നെ നിയന്ത്രിക്കാൻ കഴിയേണ്ട മോഹങ്ങൾ, ആഗ്രഹങ്ങൾ മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠരെന്നു എണ്ണുക എന്ന് കർത്താവ് പറഞ്ഞ കാര്യങ്ങൾ – ഇവയിലെല്ലാം നാം വിജയം നേടണം. മോഹങ്ങൾ എന്നു പറയുമ്പോൾ എന്തിനോടുള്ള അത്യാർത്തി അത് ഭക്ഷണത്തിനോടോ വേഷഭൂഷാദികളോടോ, ആഭരണങ്ങളോടോ (അനാവശ്യമായി എന്തും വാങ്ങിക്കൂട്ടുന്നതിനുള്ള ഒരു തരം ആർത്തി അല്ലെങ്കിൽ അതിനോടൊക്കെയുള്ള ഒരു തരം ആസക്തി) ഒന്നിനോടും അമിതമാകരുത്.

ഇതിനേക്കാളൊക്കെയുള്ള പ്രാധാന്യം ക്രിസ്തുവിനെ നേടിയെടുക്കുന്നതിൽ കാണിക്കാത്തവർ ഈ കിരീടം ലഭിക്കാത്തവരായിത്തീരും. പൗലോസ് 1 കോരി. **9:27** ൽ പറയുന്നതുപോലെ "ഇതൊക്കെ മറ്റുള്ളവരോട് പ്രസംഗിച്ചശേഷം ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രെ ചെയ്യുന്നത്" 1 കോരി. 9:25 അങ്കം പൊരുതുന്നവരൊക്കെയും സകലത്തിനും വർജ്ജനം ആചരിക്കുന്നുവെങ്കിൽ നമ്മുടെ കർത്താവിനോടുള്ള നിത്യതയിൽ ജീവിക്കാൻ നാം എത്രയധികം ചെയ്യണം.

**പ്രശംസാകിരീടം**

കായികമത്സരങ്ങളിൽ സമ്മാനമായി നൽകുന്ന ഒലിവിലകൊണ്ടുള്ള കിരീടമാണ് ഇവിടെയും പറയുന്നത്. ഇവിടെ കീരീടത്തിന് മൂലഭാഷയായ ഗ്രീക്കിലുപയോഗിക്കുന്നത് **സ്റ്റേഫാനോസ്** എന്ന വാക്കാണ്. അന്ന് രാജാക്കന്മാർ ഉപയോഗിച്ചിരുന്ന കിരീടത്തിന് (Diadem) ഡെയ്ഡം എന്നാണ് പറയുന്നത്. 1 തെസ്സ. 2:17–20 വരെയുള്ള ഭാഗങ്ങളിൽ അവിടുത്തെ വിശ്വാസികൾക്കുണ്ടായ ഒരു ആപൽഘട്ടത്തിൽ പൗലോസ് അവരെ സന്ദർശിക്കാൻ താൽപര്യമുണ്ടായിരുന്നെങ്കിലും അതിന് കഴിയാതിരുന്ന സാഹചര്യങ്ങൾ വിശദീകരിക്കുന്നു. അപ്പോൾ ശുശ്രൂഷിച്ചുകൊണ്ടിരുന്ന സഭയിലെ ചില പ്രശ്നങ്ങളാണ് പൗലോസിന്റെ യാത്രയ്ക്ക് തടസ്സമായത്. വാസ്തവത്തിൽ അവരെ കാണാൻ പൗലോസ് വളരെ ആഗ്രഹിച്ചിരുന്നു. പൗലോസ് തെസ്സലോനിക്യയിലെത്തി അവിടെ കർത്താവിനായി വളരെ അധികം ബുദ്ധിമുട്ടി വേല ചെയ്ത് നേടിയെടുത്ത ഒരു സഭയായിരുന്നു അത്. അതിനാൽ തന്നെ അവിടെയുള്ള വിശ്വാസികൾ കർത്താവിന്റെ പ്രത്യക്ഷതയിൽ അവനുള്ള കിരീടമാണെന്ന് പൗലോസിനറിയാമായിരുന്നു. യേശുകർത്താവിന്റെ ജനനം, മരണം, പുനഃരുത്ഥാനമെന്ന സുവിശേഷം എല്ലായിടത്തും എല്ലാവരിലും എത്തിക്കുക എന്നത് അവനെ അറിയുന്നു അല്ലെങ്കിൽ അനുകരിക്കുന്നു എന്നും പറയുന്ന ഏതൊരാളും ചെയ്യേണ്ടതാകുന്നു. അതായത് സുവിശേഷത്തിലൂടെ ഓരാളെയെങ്കിലും കത്താവിനോടടുപ്പിക്കാൻ കഴിഞ്ഞാൽ അത് നമ്മെ ഈ പ്രശംസാ കിരീടത്തിന് അർഹരാക്കും. അങ്ങനെ കർത്താവിന്റെ പ്രത്യക്ഷതയിൽ നമുക്കു ലഭിക്കാവുന്ന ഒരു വലിയ നേട്ടമാണ് ഈ പ്രശംസാകിരീടം.

**നീതിയുടെ കിരീടം**

ഈ കിരീടവും കർത്താവിന്റെ പ്രത്യക്ഷതയിൽ നമുക്കു ലഭിക്കാവുന്ന ഒന്നാണ്. ഇതു ലഭിക്കുന്നതിനെക്കുറിച്ച് പൗലോസ് പറയുന്ന ഭാഗങ്ങളാണ് 2 തിമോ.4:6–8. ഈ ലോകത്തിൽ നമ്മൾ ആയിരിക്കുമ്പോൾ നമുക്ക് നയിക്കേണ്ടിവരുന്നത് ഒരു പോരാട്ട ജീവിതമാണ്. അതിൽ വിജയിക്കുന്ന ഒരു പടയാളിയുടെയോ കായികാഭ്യാസിയുടെയോ നേട്ടത്തോട് ഉപമിക്കുന്നതുകൊണ്ടാണ് ഇവിടേയും കിരീടത്തെപ്പറ്റി പറയുന്നത്. പൗലോസ് നടത്തിയത് ദൈവകൃപയിൽ ആശ്രയിച്ചുള്ള ഒരു വിശ്വാസജീവിതമായിരുന്നുവെന്നും, കർത്താവിനുവേണ്ടി അവൻ നല്ലപോർ പൊരുതി ഓട്ടം തികച്ചിരിക്കു

ന്നുവെന്നും ഈ ഭാഗങ്ങളിൽ വ്യക്തമാക്കുന്നു. അങ്ങനെ ലോകം, ജഡം, പിശാച് എന്നിവയോട് പൊരുതി ജയിച്ച പൗലോസ് നീതിയുടെ കിരീടത്തിനായി കാത്തിരിക്കുന്ന തായി വെളിപ്പെടുത്തിയിരിക്കുന്നു.

ജീവിതത്തിൽ വിശ്വാസം കാക്കുന്നവർക്കാണ് നീതിയുടെ കിരീടം ലഭിക്കുന്നത്. നമ്മുടെ കർത്താവ് നമ്മുടെ പാപ ങ്ങൾക്കായി ജനിച്ച്, മരിച്ച്, ഉയർത്തെഴുന്നേറ്റ് പിതാവിന്റെ വലതുഭാഗത്ത് ഇരുന്നുകൊണ്ട് നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. ഇതാണ് നാം വിശ്വസിക്കേണ്ടത്. ഈ വിശ്വാസം എന്നു പറയുന്നത് ദൈവത്തിലുള്ള വ്യക്തിപരമായ ആശ്രയം എന്ന് അർത്ഥത്തിലാണ്. മാത്രമല്ല, കർത്താവിന്റെ പ്രത്യ ക്ഷതയിൽ പ്രിയം വച്ച് നാം അവനോടൊപ്പം നിത്യതയിൽ പ്രവേശിക്കുമ്പോൾ ഈ നീതിയുടെ കിരീടം അവൻ നമു ക്കായി തരും. നമുക്ക് ഉറപ്പായ ഒരു വിശ്വാസം ഉണ്ടെങ്കിൽ മാത്രമേ അതു നമുക്ക് മറ്റുള്ളവരിലേയ്ക്ക് പകരുവാനും അവ രെയും ഈ അവകാശത്തിലേയ്ക്ക് അടുപ്പിക്കാനും കഴിയൂ.

**ജീവകിരീടം** വിജയികളായിരിക്കുന്നവർക്കുള്ളതാണ് കിരീടം. ജീവകിരീടവും വിജയിക്കുവാനുള്ള പ്രതിഫലമാ ണ്. യാക്കോബിന്റെ ലേഖനത്തിൽ 1:12,13 ൽ ഈ കിരീട ത്തെപ്പറ്റി വിശദീകരിക്കുന്നു. ജീവിതത്തിൽ വിവിധ പരിശോ ധനകൾ സഹിച്ച് വിജയികളാകുന്നവർക്ക് കർത്താവ് വാഗ്ദാനം ചെയ്തിട്ടുള്ള പ്രതിഫലമാണ് ഇത്. വെളിപാടിൽ സ്മിർണാ സഭയ്ക്കുള്ള ദൂത് കൊടുക്കുമ്പോൾ കർത്താവ്, അവർ സഹിക്കാനുള്ളതിനെക്കുറിച്ച് പറയുന്നു. അവരുടെ യിടയിൽ പിശാച് പ്രവർത്തിക്കുകയും പലരെയും തടവി ലാക്കി. പത്തുദിവസത്തേയ്ക്ക് അവർക്ക് ഉപദ്രവം നേരിടേണ്ടി വരുമെന്നു പറയുന്നുണ്ട്. എന്നാൽ ഏതു പരീക്ഷയേയും മരണപര്യന്തം വിശ്വസ്തതയോടെ നേരിടുന്നവർക്ക് ജീവ കിരീടം ലഭിക്കുമെന്നും അവിടെ വെളിവാക്കുന്നു (വെളി.2:10).

സ്മിർണാ ഏഷ്യാമൈനറിലെ ഒരു പ്രധാന പട്ടണമായി രുന്നെന്നും അവിടുത്തെ പ്രധാന വ്യവസായമായിരുന്നു 'മൂർ' മൂലമാണ് ഈ പട്ടണത്തിന് സ്മിർണാ എന്നു പേരുവന്ന തെന്നും പറയുന്നു. മൂർ കൈപ്പുള്ളതെങ്കിലും തീയിലിട്ടാൽ സൗരഭ്യവും സുഗന്ധവും നിറഞ്ഞതാകുന്നതുപോലെ അവി ടെയുണ്ടായിരുന്ന അനേകർ ദൈവത്തിന് സൗരഭ്യവാസന യുള്ള യാഗമായി രക്തസാക്ഷികളായിത്തീർന്നുവെന്ന് ചരിത്രരേഖകൾ തെളിയിക്കുന്നു.

യേശുവിനെ അഗാധമായി അതായത് യാതൊരു അതിർവരമ്പുകളുമില്ലാതെ സ്നേഹിക്കുന്നവർക്കു മാത്രമെ പരീക്ഷകളിൽ വിജയിക്കുവാൻ സാധിക്കൂ. യേശു നമ്മെ സ്നേഹിച്ചതിന് ഗ്രീക്കിൽ ഒരു വാക്കുണ്ട് 'അഗാപെ' (ത്യാ ഗപൂർണ്ണമായ സ്നേഹം). സാത്താനാണ് പരീക്ഷകൾ കൊണ്ടുവരുന്നതെന്നും, അത് പാപമാണെന്ന് തിരിച്ചറിഞ്ഞ് അതിനെ നമുക്ക് ചെറുത്തു നിൽക്കാൻ കഴിയണമെന്നും യാക്കോബ് പഠിപ്പിക്കുന്നു. യേശുവിനെപ്പോലും സാത്താൻ പരീക്ഷിച്ചുവെന്ന് തിരുവചനം സാക്ഷ്യപ്പെടുത്തുന്നു. യേശു വിന്റെ അഗാധമായ പിതൃസ്നേഹവും തിരുവചനത്തിലുള്ള ജ്ഞാനവും മൂലം സാത്താനെ ചെറുത്തുതോൽപ്പിക്കാൻ കഴിഞ്ഞു. നാമും ദൈവസ്നേഹത്തോടൊപ്പം തിരുവചനവും വായിക്കുകയും ധ്യാനിക്കുകയും ചെയ്താൽ പരീക്ഷകളിൽ നിന്ന് രക്ഷപ്പെടുവാനും ജീവകിരീടം നേടുവാനും നമുക്കു കഴിയും.

**തേജസ്സിന്റെ കിരീടം**

തേജസ്സിന്റെ കിരീടം ലഭിക്കുന്നത് ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ അഥവാ വിശ്വാസികളെ ശരിയായി മേയി ക്കുന്നവർക്കു വേണ്ടിയുള്ളതാണ്, ദൈവസഭയെ നയിക്കു ന്നവർ or ഭരിക്കുന്നവർ. സഭയുടെ ഉടമസ്ഥരല്ല മറിച്ച് സഭ യുടെ മേൽനോട്ടക്കാർ മാത്രമാണ്. അവർ എങ്ങനെ സഭയെ നയിക്കണമെന്ന് തിരുവചനത്തിൽ 1 പത്രോസ് 5:2,3 ൽ വിശ ദമായി പറയുന്നുണ്ട്. സഭയെ നയിക്കുന്നവൻ അത് ആരു ടെയും നിർബന്ധത്താൽ ചെയ്യണമെന്ന് ദൈവം ആഗ്രഹി ക്കുന്നില്ല. അവർ ഒരിക്കലും സഭയുടെ ഉടമസ്ഥരല്ല, പ്രത്യുത മേൽനോട്ടക്കാർ മാത്രമാണ്. അതുകൊണ്ടാണ് നിർബന്ധ ത്താലോ ദുരാഗ്രഹത്തോടെയോ, അധികാരിയായിട്ടോ അല്ല ആട്ടിൻകൂട്ടത്തെ നയിക്കേണ്ടതെന്ന് ഇവിടെ പ്രതിപാദിച്ചിരി ക്കുന്നു. എന്നാലോ മനഃപൂർവ്വമായും, ഉന്മേഷത്തോടെയും, മാതൃകാപരമായും വേണം അദ്ധ്യക്ഷത നടത്തേണ്ടത് or നയിക്കേണ്ടത്. അദ്ധ്യക്ഷനായിരിക്കേണ്ടതിന്റെ യോഗ്യത കൾ 1 തീമോ.3:1 മുതലുള്ള വാക്യങ്ങളിലും വ്യക്തമാക്കു ന്നുണ്ട്.

കർത്താവ് ആഗ്രഹിക്കുന്നവിധത്തിൽ തിരുവചനപ്രകാരം തന്റെ സഭയെ ഉത്തമമായി നയിക്കുന്നവർക്ക്, കർത്താവിന്റെ പ്രത്യക്ഷതയിൽ ലഭിക്കുന്നതാണ് തേജസ്സിന്റെ കിരീടം. സൗമ്യതയും താഴ്മയുള്ളവരായി പരസ്പരം കീഴടങ്ങിയി രിപ്പാനും ഈ വചനങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. ദൈവ സ്നേഹത്തിലും, വിശ്വാസത്തിലും സ്ഥിരതയുള്ളവരായി പിശാചിനോട് എതിർത്തു നിന്നാൽ അല്പകാലത്തേയ്ക്ക് കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യ തേജസ്സിനായി ദൈവം വിളിച്ചിരിക്കുന്നു. അതായത് ഒരു യഥാർത്ഥ ഭക്തനെ യഥാർത്ഥ നായകനായിരിക്കാൻ കഴിയൂ.

**യഥാർത്ഥഭക്തന്റെ സമ്പത്തുകൾ** (സങ്കീ.112:3)

സംതൃപ്തി, സമാധാനം, സുരക്ഷിതത്വം, പ്രാർത്ഥനാ ജീവിതം, ദൈവിക വാഗ്ദത്തങ്ങൾ, ദൈവിക കരുതൽ.

അഞ്ചു കിരീടങ്ങളെപ്പറ്റി പ്രതിപാദിച്ചെങ്കിലും ഇതിൽ ഏതെങ്കിലും നമുക്ക് കിട്ടുമോ എന്നതിനെക്കുറിച്ച് ഒരു അവ ലോകനം ചെയ്യുന്നത് നന്നായിരിക്കും.

ഒരു കിരീടത്തിൽ അവകാശിയാകുക എന്നത് എപ്പോഴും ഒരു വ്യക്തിയായിരിക്കും. പ്രത്യേകിച്ച് ഒരു മത്സരത്തെപ്പറ്റി ഇവിടെ പറഞ്ഞിരിക്കുമ്പോൾ അത് അങ്ങനെതന്നെയായി രിക്കും. അതായത് മത്സരത്തിൽ ഒന്നാമനാകുന്നത് ഒരാൾ എന്നു പറഞ്ഞതുപോലെ, നിത്യരക്ഷ നമുക്ക് ലഭിക്കുന്നത് തികച്ചും വ്യക്തിപരമായിരിക്കും.

നമ്മുടെ ഈ ലോകവാസം നമുക്കൊരു പരദേശപ്രയാ ണമായി കരുതണം. അങ്ങിനെയല്ലോ യാക്കോബും കരുതി യതും ഫറവോനോട് ഉണർത്തിച്ചതും (ഉല്പ. 47:9). നാം ഈ ലോകത്തിൽ ജീവിക്കുമ്പോൾ നമുക്കാവശ്യമായ തൊക്കെ തന്ന് വഴിനടത്താൻ നമ്മുടെ ദൈവം ശക്തനല്ലോ: കർത്താവു തന്നെ ഒരിക്കൽ പറഞ്ഞത് "ഉണ്ണാനും ഉടു ക്കാനും ഉണ്ടെങ്കിൽ അത് മതിയെന്നു വയ്ക്കുക" എന്നല്ലോ. നമുക്ക് അഗാധമായ വിശപ്പും ദാഹവും വേണ്ടത് ദൈവ ത്തിന്റെ വചനത്തോടായിരിക്കണം. "ലോകസ്നേഹം ദൈവ ത്തോട് ശത്രുത്വം ആകുന്നു'' എന്ന് യാക്കോബിന്റെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നു. (യാക്കോ.4:4). അതു പോലെ തന്നെ "ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു" (4:4). അതുപോലെ യാക്കോബിന്റെ ലേഖനത്തിൽ തന്നെ നമുക്ക് കാണാൻ കഴിയുന്ന ഒന്നാണ് ആത്മാവിനെയും (1:21) പ്രാണനെയും (5:20) ദേഹത്തെയും (2:16) രക്ഷിക്കുന്നതി നെക്കുറിച്ചുള്ള വാക്യങ്ങൾ. നമ്മുടെ ശത്രുക്കളായ ലോകം, ജഡം, പിശാച് എന്നിവയിൽ നിന്ന് (ഇവ മൂന്നും ഒന്നിൽ സംഗ്രഹിക്കാം - അതാണ് പിശാച്) രക്ഷപ്പെടാൻ യാക്കോബ് പറയുന്നത്. യാക്കോബ് 4:7 ൽ "നിങ്ങൾ ദൈവ ത്തിനു കീഴടങ്ങുവിൻ, പിശാചിനോട് എതിർത്തു നില്പിൻ; എന്നാൽ അവൻ നിങ്ങളെവിട്ട് ഓടിപ്പോകും"എന്നാണ്.

# മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ്

**2024** ആഗസ്റ്റ് 27-ാം തീയതി കൂടിയ മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷൻ യോഗത്തിൽ M.S.E Trust ന്റെ 2023-2024 വർഷത്തെ വാർഷിക റിപ്പോർട്ടും വരുവു ചെലവു കണക്കുകളും പാസ്സാക്കുകയുണ്ടായി. അസ്സോസിയേഷൻ യോഗത്തിൽ സംബന്ധിച്ച എല്ലാവർക്കും റിപ്പോർട്ട് ബുക്ക് വിതരണം ചെയ്തിട്ടുണ്ട്. ട്രസ്റ്റിന്റെ വാർഷികയോഗം ഉടൻ തന്നെ കൂടുന്നതാണ്. അതിനുമുമ്പ് ട്രസ്റ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി കൂടി സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യുന്നതാണ്.

മോർ സേവേറിയോസ് ദിന കവർ പിരിവ് ഇനത്തിൽ പള്ളികളിൽ നിന്നുള്ള തുക ലഭിച്ചുകൊണ്ടിരിക്കുന്നു. ഇതുവരെ ലഭിച്ച തുകയിൽ ഏറ്റവും കൂടുതൽ ലഭിച്ചത് ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളിയിൽ നിന്നുമാണ്. നല്ല സഹകരണം കാഴ്ചവച്ച ബഹു. വികാരി അച്ചനോടും പള്ളി കോ-ഓർഡിനേറ്ററോടും പള്ളിക്കമ്മിറ്റിക്കാരോടും ട്രസ്റ്റിനുള്ള നന്ദി അറിയിക്കുന്നു. കേരളത്തിനു പുറത്തും വിദേശരാജ്യങ്ങളിലും കവർ ലഭിക്കാത്ത പള്ളിക്കാർ വികാരിമാരുടെ നേതൃത്വത്തിൽ പിരിവ് നടത്തി സഹകരിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. പള്ളികളിൽ ലഭിച്ച തുകയും പള്ളിയിൽ നിന്നും ഉള്ള സംഭാവനയും ചേർത്ത് ട്രസ്റ്റിന്റെ ഓഫീസിൽ എത്തിക്കണം. ചിങ്ങവനം ക്ലീമ്മീസ് സെന്ററിൽ ഉള്ള എം. എസ്. ഇ. ട്രസ്റ്റിന്റെ ഓഫീസ് എല്ലാ ചൊവ്വാഴ്ചയും രാവിലെ 9.30 മുതൽ 12.30 വരെ പ്രവർത്തിക്കുന്നതാണ്. ഓഫീസിൽ വന്ന് തുക അടയ്ക്കുവാൻ സാധിക്കാത്തവർക്ക് ബാങ്കുകൾ മുഖേന അടയ്ക്കാവുന്നതാണ്.

(1) South Indian Bank, Kottayam
Ac.No.0037073000003313,
IFSC: SIBL0000037

(2) SBI Chingavanam
Ac.No. 57004254347,
IFSC: SBIN0070128.

തുക അടച്ച വിവരം എക്സിക്യൂട്ടീവ് ട്രസ്റ്റികളെയോ, ഓഫീസ് Ph: 9526728991/9495444098 Whatsapp. നമ്പറിലോ അറിയിക്കുന്ന മുറയ്ക്ക് രസീത് അയച്ചുതരുന്നതാണ്.

ലോൺ വാങ്ങി പഠിച്ച് നല്ല ജോലിയിൽ കഴിയുന്ന പലരും തങ്ങളുടെ വായ്പ തുകയിൽ ഒട്ടും തന്നെ തിരികെ അടയ്ക്കാത്തവരായിട്ടുണ്ട്. അപ്രകാരം ഓവർ ഡ്യൂ ആയ തുക ഒന്നര കോടിയിൽ പരം രൂപ ഉണ്ട്. പലർക്കും കുടിശ്ശികയെക്കുറിച്ച് പറയുകയും ചോദിക്കുകയും ചെയ്യുന്നത് ഒട്ടും താൽപര്യവും ഇല്ല. പുതിയ അപേക്ഷകൾ ധാരാളം കിട്ടിക്കൊണ്ടിരിക്കുന്നു. കുടിശ്ശിക അടച്ച് സഹായിക്കുന്നവരോടുള്ള നന്ദി അറിയിക്കുന്നു. അടയ്ക്കാനുള്ളവർ ഗഡുക്കളായിട്ടെങ്കിലും അടച്ച് നമ്മുടെ സഹോദങ്ങളെ സഹായിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. കുടിശ്ശിക ഉള്ളവരുടെ ഇടവക തിരിച്ചുള്ള ലിസ്റ്റ് ക്നാനായ ദീപം മാസികയിൽ പ്രസിദ്ധീകരിക്കുന്നതാണ്.

M.S.E Trust ന്റെ പ്രവർത്തനങ്ങളിൽ പള്ളി കോ-ഓർഡിനേറ്ററുടെ പങ്ക് വളരെ വലുതാണ്. പല കോ-ഓർഡിനേറ്റർമാരും അവരുടെ ഉത്തരവാദിത്വം നിറവേറ്റുന്നതിൽ വലിയ ഉത്സാഹം കാണിക്കുന്നില്ല. ആർക്കെങ്കിലും തൽസ്ഥാനത്ത് തുടരുവാൻ അസൗകര്യമോ താൽപ്പര്യക്കുറവോ ഉണ്ടെങ്കിൽ ആ വിവരം ബഹു. വികാരി അച്ചനെ അറിയിക്കണം പള്ളി പൊതുയോഗമോ നിർവ്വാഹകസമിതിയോ കൂടുമ്പോൾ ഒരാളെ കോ-ഓർഡിനേറ്ററായി തെരഞ്ഞെടുക്കാവുന്നതാണ്. ബഹു. വികാരി അച്ചൻ ഈ വിവരം പള്ളിയിൽ പ്രസ്താവിക്കുകയും എക്സിക്യൂട്ടീവ് ട്രസ്റ്റികളെ അറിയിക്കുകയും ചെയ്യണമെന്നും ഓർമ്മപ്പെടുത്തുന്നു. എല്ലാവരുടെയും സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു.

എക്സിക്യുട്ടീവ് ട്രസ്റ്റികൾ

**ഫാ. കെ. കെ ഏബ്രഹാം**
കുറ്റിയിൽ,
9447360743

**തമ്പാൻ തോമസ്**
കോളഭാഗത്ത്,
9447216944

# ക്നാനായ ദീപം ദീപാങ്കുരം 2024

ക്നാനായ സമുദായത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ ക്നാനായ ദീപത്തിന്റെ ആഭിമുഖ്യത്തിൽ ദീപാങ്കുരം 2024 ചിങ്ങവനം മാർ അപ്രേം സെമിനാരിയിൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസിന്റെ അധ്യക്ഷതയിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. ക്നാനായ സമുദായ സെക്രട്ടറി ടി.ഒ. എബ്രഹാം തോട്ടത്തിൽ മുഖ്യപ്രഭാഷണം നടത്തി. ശ്രീ. സുനിൽ ഡി. കുരുവിള (ഇൻസൈറ്റ് മിഷൻ, മാവേലിക്കര) ക്ലാസ് നയിച്ചു. വെരി. റവ. റോയി മാത്യൂസ് കോർ -എപ്പിസ്കോപ്പ മുളമൂട്ടിൽ (ക്നാനായ ദീപം ചീഫ് എഡിറ്റർ), ഫാ. ജേക്കബ് കല്ലുകുളം (മാനേജിങ് എഡിറ്റർ), ടി.സി. തോമസ് തോപ്പിൽ (സമുദായ ട്രസ്റ്റി), ഫാ. ഷെറിൻ കൊല്ലം പറമ്പിൽ (ക്ലിമ്മിസ് പ്രസ് മാനേജർ) എന്നിവർ പ്രസംഗിച്ചു. പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന വെരി. റവ. റോയ് മാത്യൂസ് കോർ-എപ്പിസ്കോപ്പ മുളമൂട്ടിലിന് അനുമോദനം നൽകി. ദീപാങ്കുരം മത്സര വിജയികൾക്ക് സമ്മാനം നൽകി.




## വിഡ്ഢികൾ ഏറ്റു മുട്ടുന്നു

സിംഹവും കരടിയും കാട്ടിലെ രണ്ട് മല്ലന്മാർ ഇര തേടി അലയുകയായിരുന്നു. അവർ ഒരേ സമയത്താണ് അല്പം അകലെയായി ഒരു മാൻ കുട്ടിയുടെ ജഡം കണ്ടത്?

പരസ്പരം തുറിച്ച് നോക്കിക്കൊണ്ട് അവർ അടിവച്ച് അടിവച്ച് ജഡത്തിനടുത്തേക്ക് നീങ്ങി 'ഇത് എനിക്ക് അവകാശപ്പെട്ടതാണ്. നീ കടന്നുപോകൂ!' എന്നായിരുന്നു രണ്ടുപേരുടെയും നോട്ടത്തിന് അർത്ഥം.

വളരെ അടുത്തെത്തിയപ്പോൾ അവർ നിന്നു. നോട്ടത്തിന്റെ ശക്തി കൂടി. പിന്നെ അകലെ നിന്നുള്ള ഇടിമുഴക്കംപോലെ മുരണ്ടു. മുരൾച്ച ഉടനെ അലർച്ചയായി മാറി തുടർന്ന് കൈപ്രയോഗങ്ങളായി കടിക്കലും മാന്തലും കെട്ടു പിണഞ്ഞ് നിലത്തു വീണുരുളലും ആയപ്പോൾ ആകെ ബഹളമായി മരമുകളിലെ കിളിക്കൂട്ടം ഭയന്ന് പറന്നുപോയി.

ബഹളം കേട്ട് ഒരു കുറുക്കൻ സംഭവസ്ഥലത്ത് വന്നു. കാട്ടു മല്ലന്മാരുടെ യുദ്ധം അപ്പോൾ അവസാനിക്കാറായിരുന്നു. അവശ നിലയിൽ അവർ വീണു കഴിഞ്ഞു. വീണ്ടും എഴുന്നേൽക്കണമെന്നും ഏറ്റുമുട്ടണമെന്നും ആഗ്രഹമുണ്ട്. പക്ഷേ, സാധിക്കുന്നില്ല. ഏന്തിവലിഞ്ഞു മാൻകുട്ടിയുടെ ജഡത്തിനടുത്ത് എത്താനെങ്കിലും കഴിഞ്ഞാൽ മതി. വിശപ്പടക്കണമല്ലോ. പക്ഷേ, അതുകൂടി വയ്യ.

അത്രമേൽ അവശരായി വീണുകിടക്കുന്ന മല്ലന്മാരുടെ നടുവിലേക്ക് കുറുക്കൻ വന്നുനിന്നു. രണ്ടുപേരെയും ഒന്നു സന്തോഷത്തോടെ നോക്കി. എന്നിട്ട് ആ ഇളംമാനിന്റെ ശരീരം വലിച്ചിഴച്ച് സ്വന്തം മാളത്തിലേക്ക് കൊണ്ടുപോവുകയും ചെയ്തു.

***വിഡ്ഢികൾ വെറുതെ ഏറ്റുമുട്ടി വീഴുന്നു. അതിനിടയിൽ സമർത്ഥന്മാർ കാര്യം നേടുന്നു.***

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**ന്യായാധിപൻമാരുടെ പുസ്തകത്തിൽനിന്നും ഒക്ടോബർ മാസത്തിലെ ചോദ്യങ്ങൾ**

1. യോശുവയുടെ മരണശേഷം അനാക്യരോടു യുദ്ധം ചെയ്‌വാൻ ആദ്യം പുറപ്പെട്ട ഗോത്രം ഏത്?
2. അപ്പനോടു നീരുറവകൾ ചോദിച്ചു വാങ്ങിയവൾ ആര്?
3. ഇടങ്കയ്യനായ ന്യായാധിപൻ ആര്?
4. യിസ്രായേലിൽ മാതാവായെഴുന്നേറ്റവൾ ആര്?
5. ഗിദെയോൻ യഹോവക്കു പണിത യാഗപീഠത്തിന്റെ പേരെന്ത്?
6. ശെഖേം ഗോപുര നിവാസികളെ ചുട്ടുകളയുവാൻ അബിമേലെക്കും പടജ്ജനവും ഏതു മലയിൽ നിന്നാണ് മരക്കൊമ്പു വെട്ടിയത്?
7. യിപ്താഹ് തന്റെ സഹോദരൻമാരെ വിട്ടു പാർത്തതെവിടെ?
8. കയ്യിൽ ഒന്നും ഇല്ലാതിരിക്കെ സിംഹത്തെ ഒരു ആട്ടിൻകുട്ടിയെപ്പോലെ കീറിക്കളഞ്ഞവൻ ആര്?
9. മീഖാവ് ബേത്ത്-ലേഹെമ്യനായ ലേവ്യനു കൊടുത്ത ശമ്പളം എന്ത്?
10. "ദൈവത്തെ കണ്ടതുകൊണ്ട് നാം മരിച്ചുപോകും?" ആര് ആരോടു പറഞ്ഞു?

**സെപ്റ്റംബർ മാസത്തിലെ ഉത്തരങ്ങൾ**

**യോശുവായുടെ പുസ്തകം**

1. രാഹാബിന്റെ (2:1)
2. കൊയ്ത്തുകാലത്ത് (3:15)
3. ഗിൽഗാലിൽ (2:1)
4. യെഹൂദാ (7:1)
5. യോശുവ (7:6)
6. ലൂസ് (18:13)
7. ഏദ് (22:34
8. ശേഖേമിൽ (24:32)
9. മാഖീർ (17:1)
10. ഹെബ്രോൻ മല (14:13)

**ശുഭചിന്തകൾ**

**ഉറച്ച തീരുമാനത്തോടെ എഴുന്നേല്ക്കുക. തികഞ്ഞ സംതൃപ്തിയോടെ ഉറങ്ങുക**

പുണ്യശ്ലോകനായ അഭി. എബ്രഹാം മോർ ക്ലീമീസ് വലിയമെത്രാപ്പോലീത്തായുടെ

# 22-ാം ശ്രാദ്ധപ്പെരുന്നാൾ

2024 സെപ്റ്റംബർ 29, 30
ചിങ്ങവനം
സെന്റ് ജോൺസ് ദയറാപള്ളിയിൽ



# Congratulations

UK യിൽ ബ്രാഡ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ നിന്നും M.Pharm ബിരുദം ഫസ്റ്റ് ക്ളാസോടുകൂടി കരസ്ഥമാക്കിയ

**മരിയ തോമസ്.**

കല്ലിശ്ശേരി സെന്റ്മേരീസ് വലിയപള്ളി ഇടവകാംഗവും മാഞ്ചസ്റ്റർ സെന്റ് ജോർജ്ജ് പള്ളി അംഗവുമായ ചരിവുപറമ്പിൽ തോമസ് ചാക്കോ (ജയ്മോൻ) ഷീബാ തോമസ് ദമ്പതികളുടെ പുത്രിയാണ്. സഹോദരൻ കെവിൻ തോമസ്



Advt - O


## സ്നേഹ ഭവനം പദ്ധതി



ക്നാനായ വനിതാ സമാജം ചിങ്ങവനം മേഖല സ്നേഹ ഭവനം പദ്ധതിയുടെ പ്രഥമ ഭവനത്തിന്റെ താക്കോൽദാനം വെളിയനാട് മാർ സ്തേഫാനോസ് വലിയ പള്ളിയിൽ **ക്നാനായ വലിയ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ്** ഫാ. മാത്യൂസ് ചെറുകരേത്തിനു നൽകി നിർവഹിക്കുന്നു. ഫാ. ജേക്കബ് കല്ലുകുളം, ഫാ. ഏലിയാസ് പാറക്കുളം, ഫാ. തോമസ് എബ്രഹാം, ഫാ. എം.സി. സക്കറിയ, ഫാ. മോനായി കെ. ഫിലിപ്പ്, ഫാ. കൊച്ചുമോൻ തോമസ്, ഫാ. ജിജി പുത്തൻപുരയ്ക്കൽ, ഓമന സാബു, സിസ്റ്റർ മരിയ, സെലീമ ജോസഫ്, ജെസ്സി ചാക്കോ എന്നിവർ സമീപം



## വെരി.റവ. ഡോ. എം.കെ. തോമസ് കോർ–എപ്പിസ്കോപ്പ 25–ാം ചരമവാർഷികദിനവും ചാരിറ്റി ഫണ്ട് ഉദ്ഘാടനവും



വെരി.റവ. ഡോ. എം.കെ. തോമസ് കോർ– എപ്പിസ്കോപ്പയുടെ 25–ാം ചരമവാർഷികദിനവും ചാരിറ്റി ഫണ്ട് ഉദ്ഘാടനവും സെപ്റ്റംബർ 6–ാം തീയതി തെങ്ങേലി സെന്റ് മേരീസ് ക്നാനായ പള്ളിയിൽ സമുദായ വലിയ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവ്വഹിക്കുന്നു.

## ക്നാനായദീപം പരസ്യനിരക്ക്

**ക്നാനായദീപം വരിസംഖ്യ**

| | |
|---|---|
| ഒരുവർഷം | - 200 |
| പത്തുവർഷം | - 2000 |
| വിദേശത്തേയ്ക്ക് (ഒരു വർഷം) | - 4000 |

**പരസ്യനിരക്ക്**

| | |
|---|---|
| ഉപകാരസ്മരണ | - 450 |
| പേര് മാത്രം | - 350 |
| മാട്രിമോണിയൽ | - 750 |

**ബ്ലായ്ക്ക്& വൈറ്റ്**

| | |
|---|---|
| എട്ടിലൊന്ന് ബ്ലായ്ക്ക് & വൈറ്റ് | - 1000 |
| കാൽപേജ് | - 2000 |
| അരപേജ് | - 4000 |
| ഫുൾപേജ് | - 6000 |

**കളർ പരസ്യനിരക്ക്**

| | |
|---|---|
| കാൽപേജ് | - 5000 |
| അരപേജ് | - 7500 |
| ഫുൾ പേജ് | - 12000 |
| കവർ ഇൻസൈഡ് | - 15000 |
| ബായ്ക്ക് കവർ | - 17500 |

# ദീപാങ്കുരം 2024



ക്നാനായ ദീപത്തിന്റെ ആഭിമുഖ്യത്തിൽ ചിങ്ങവനം മാർ അപ്രേം സെമിനാരിയിൽ ദീപാങ്കുരം 2024 ക്നാനായ കൂട്ടായ്മയും പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ചീഫ് എഡിറ്റർ റോയി മാത്യു കോർ – എപ്പിസ്കോപ്പ മുളമൂട്ടിലിന് അനുമോദനവും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു. ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ്, റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ഫാ. ജേക്കബ് കല്ലുകളും, റോയ് മാത്യുസ് കോർ – എപ്പിസ്കോപ്പ, റ്റി. സി. തോമസ് തോപ്പിൽ, ഫാ. ഷെറിൻ കൊല്ലംപറമ്പിൽ, സജി താന്നിക്കൽ, ജോബി കാരിക്കോട്ട്, തോമസുകുട്ടി ആപ്പീസിൽ, ബെന്നി കരിയിൽ, സോണി കുന്നുംപുറത്ത്, റ്റി. എസ്. മാത്തുക്കുട്ടി, വെയിൽസ്കുട്ടി പാരുമലയിൽ എന്നിവർ സമീപം.


**പരസ്യചാർജ്ജുകളും, വരിസംഖ്യയും അടയ്ക്കുന്നതിന്**

**Knanayadeepam Bank Details**

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

SCAN & PAY

A/c No: 57004254154
Chief Editor & Mg. Editor,
Knanaya Deepam
SBI, Chingavanam,
IFSC SBIN0070128

M/S Knanaya Deepam
A/c No: 12990200001178
Federal Bank,
Chingavanam
IFSC FDRL0001299

E-mail: kna.deepam@gmail.com,
Whats App No. 8547584440

ഫാ. ജേക്കബ് കല്ലുകുളം, മാനേജിംഗ് എഡിറ്റർ
9447563240, 8547584440



**10th Death Anniversary**
29-10-2024



**GEORGE ABRAHAM**
Kochumangara house(ezhupathil)
kumarakom po, ktm
DOB. 08.04.1948 - DIED. 29.10.2014

Advt - O

## 1 –ാം ചരമവാർഷികം

**15 – 11 – 2024**



Advt -O

### കെ.യു ജേക്കബ്

**കുന്നുതറയിൽ, ചിങ്ങവനം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 –ാം ചരമദിനം

**07 – 10 – 2024**



Advt -O

### അജിത ഫിലിപ്പ്

**കിഴക്കേക്കളത്തിൽ, പരുത്തുംപാറ**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40TH DAY OF REMEMBRANCE

**31-10-2024**



Advt -S

### C.P. JOHN

**Kulamadayil, Ranni**

Precious in the sight of the lord is the death of
his faithful servants." Psalms 116:15

By sorrowing Family

## 8 –ാം ചരമവാർഷികം

**26 – 10 – 2024**



Advt - S

### K.M. Thomas (Aniyan)

**Kalatharayil, Thiruvanvandoor**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*



## 32 – ാം ചരമവാർഷികം
26 – 10 – 2024

# ശോശാമ്മ ഏബ്രഹാം
പള്ളിയമ്പിൽ
പടിഞ്ഞാറ്റോതറ
തിരുവല്ല

പോബ്സ് ഗ്രൂപ്പ്

Advt -S

18 – ാം
ചരമവാർഷികം
25 – 10 – 2024

7 – ാം
ചരമവാർഷികം
22 – 08 – 2024





## ചെറിയാൻ ഉതുപ്പാൻ  തങ്കമ്മ ഉതുപ്പാൻ
ഊരാക്കമണ്ണിൽ, ഇരവിപേരൂർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 16th Death Anniversary
28-10-2024



# Biju Joseph
Chirayilpeedikayil, Bangalore
(Jose villa, Puthanangadi, Kottayam)

By Sorrowing family

Advt -S

## 40 – ാം ചരമദിനം

11 – 10 – 2024



Advt -O

## റോണി മാത്യു (മോൻ)

**കാളിശ്ശേരിൽ ഗാർഡൻസ്, ചിങ്ങവനം**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1st Death Anniversary

05 – 11 – 2024



Advt -O

## P.A. Markose (Sunny)

**Puthiyamadom, USA**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ*

## 1 – ാം ചരമവാർഷികം

29 – 10 – 2024



Advt -S

## ഏബ്രഹാം മാത്യു (തമ്പി)

**മുക്കടയിൽ, കുറ്റൂർ, തിരുവല്ല**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 41st Day of Remembrance

19 – 10 – 2024



Advt - R

## V.S. Punnoose (Pappachen)

**Vazhaparampil, Kurichy**

Sorrowing Family



## 5th Birthday in Heaven
(03-10-2024)

## കുന്നുപറമ്പിൽ പുന്നൂസ് പുന്നൂസ്
(സണ്ണി)

**കുന്നുപറമ്പിൽ, കുറിച്ചി**

"ഞാൻ നിങ്ങളിൽനിന്നും
അകന്നുപോയെങ്കിലും എന്റെ സ്നേഹം
എന്നും നിങ്ങളോടുകൂടി ഉണ്ടായിരിക്കും
സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ
നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണമെ."

*സന്തപ്ത കുടുംബാംഗങ്ങൾ*



## 3rd Birthday in Heaven
(01-09-2024)

## ശാന്തമ്മ പുന്നൂസ്
**കുന്നുപറമ്പിൽ, കുറിച്ചി**

"ഞാൻ നിങ്ങളിൽനിന്ന് വേർപിരിഞ്ഞെങ്കിലും
എന്റെ സ്നേഹവും സ്വർഗ്ഗപിതാവിന്റെ
പക്കലുള്ള എന്റെ പ്രാർത്ഥനയും എപ്പോഴും
നിങ്ങളോടുകൂടി ഉണ്ടായിരിക്കും.
നിങ്ങളുടെ പ്രാർത്ഥനയിൽ
എന്നെയും ഓർക്കേണമേ."

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 40 – ാം ചരമദിനം

17 – 10 – 2024



Advt -R

## വി.എം. മത്തായി (കുഞ്ഞുമോൻ)

കാഞ്ഞിരക്കാട്ടായ വടക്കേകാലായിൽ, വാകത്താനം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

*സ്നേഹസ്മരണയ്ക്ക്*

## 25 – ാം ചരമവാർഷികം

31 – 10 – 2024



Advt -O

## P.S. മാത്തുക്കുട്ടി (KUNJUMON)

പ്ലാക്കുഴിയിൽ, വാകത്താനം

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

01 – 10 – 2024



Advt -O

## ഏലിക്കുട്ടി ഏബ്രഹാം

അമ്പലപ്പാട്ട്, തിരുവൻവണ്ടൂർ

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

## 1st Death Anniversary

11 – 10 – 2024



Advt - O

## V.C. Jacob

**Vadakkemannil (H), Mannamaruthy, Ranny**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

# നിത്യ സത്യങ്ങളെക്കുറിച്ചുള്ള വിചിന്തനങ്ങൾ

പ്രൊഫ. എം.എ. ഏബ്രഹാം, മണിമലേത്ത്, കോതമംഗലം

*(തുടർച്ച)*

**മരണത്തോടുകൂടി ഈ ലോകത്തിലെ എല്ലാം കഴിയുകയും നമ്മിൽ നിന്ന് എല്ലാം എടുത്തുകളയുകയും ചെയ്യുന്നു**

"നാളത്തെ നിങ്ങളുടെ ജീവിതം എങ്ങനെയുള്ളതായിരിക്കുമെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടാ. അല്പകാലത്തേക്ക് പ്രത്യക്ഷപ്പെടുകയും അതിനുശേഷം അപ്രത്യക്ഷമാകുകയും ചെയ്യുന്ന മൂടൽ മഞ്ഞാണ് നിങ്ങൾ" (യാക്കോബ് 4:15). സൂര്യപ്രകാശം കടന്നുവന്നു കഴിയുമ്പോൾ മഞ്ഞ് ഉരുകി പോകുന്നു. അതിന്റെ മനോഹാരിതയ്ക്ക് എത്ര ദൈർഘ്യമാണുള്ളത്? ഇതുപോലെ തന്നെയല്ലെ മനുഷ്യജീവിതവും. മഹാനും കുലീനനുമായ ഒരു മനുഷ്യൻ ജീവിച്ചിരുന്നപ്പോൾ മറ്റുള്ളവർ അദ്ദേഹത്തെ ഭയപ്പെടുകയും ആരാധിക്കുകയും ചെയ്തേക്കാം. എന്നാൽ അതേ ആൾ മരിച്ചു കഴിയുമ്പോൾ ലോകം അദ്ദേഹത്തെ നിന്ദിക്കുകയും, ദുഷിക്കുകയും ശപിക്കുകയും, ചവിട്ടിത്താഴ്ത്തുകയും ചെയ്യുന്നു.

"മരണത്തോടുകൂടി നാം എല്ലാം വിട്ടൊഴിഞ്ഞു പോകുന്നു. ദൈവത്തിന്റെ വലിയ ശുശ്രൂഷകനായിരുന്ന തോമസ് അക്കമ്പീസിന്റെ സഹോദരൻ മനോഹരമായ ഒരു വീട് പണിതു. അദ്ദേഹത്തിന്റെ സുഹൃത്ത് ഈ വീടു കണ്ടിട്ട് അതിന് വലിയൊരു കുറവുണ്ടെന്നു പറഞ്ഞു. ആകാംഷയോടുകൂടി അത് എന്താണെന്ന് ചോദിച്ചപ്പോൾ അതിൽ ഉപയോഗിച്ചിരുന്ന ഒരു വാതിലിനെ കുറിച്ചാണെന്ന് അദ്ദേഹം സൂചിപ്പിച്ചു. വാതിൽ എങ്ങനെ ആ വീടിന് ഒരു കുറവുള്ളതായി മാറും എന്ന് അക്കമ്പീസിന്റെ സഹോദരൻ ചോദിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടി ഇപ്രകാരമായിരുന്നു. ഒരു ദിവസം നിങ്ങൾ മരിച്ചു കഴിയുമ്പോൾ ഈ വാതിലിലൂടെ നിങ്ങൾ പുറത്തേക്ക് എടുക്കപ്പെടുകയും, ഈ വീട്ടിലുള്ള സകലതിനേയും നിങ്ങൾ ഉപേക്ഷിച്ചു പോവുകയും ചെയ്യുമായിരുന്നു എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

ഏഷ്യയിലെ അനേകം രാജ്യങ്ങൾ പിടിച്ചെടുത്ത സലാഡിൻ തന്റെ മൃതശരീരം സംസ്കരിക്കുവാൻ കൊണ്ടുപോകുമ്പോൾ താൻ ഉപയോഗിച്ചിരുന്ന പുതപ്പ് ഒരു ദണ്ഡിൽ ഉയർത്തിപ്പിടിച്ച് കൊണ്ടുപോകണമെന്നും, ഇതു മാത്രമാണ് സലാഡിൻ കുഴിമാടത്തിലേക്ക് കൊണ്ടുപോകുന്നതെന്ന് വിളിച്ചു പറഞ്ഞുകൊണ്ടിരിക്കാൻ ആവശ്യപ്പെട്ടിരുന്നു.

എത്രയധികം ഉന്നതനായിരുന്ന ഒരു വ്യക്തിയുടെ മൃതശരീരം സംസ്കരിച്ചു കഴിയുമ്പോഴും അതിൽനിന്ന് മാംസം ചീഞ്ഞ് വിട്ടുപോവുകയും, അസ്തിപഞ്ചരം മാത്രം അവശേഷിക്കുകയും ചെയ്യും. ഒരു സാധാരണ മനുഷ്യന്റേയും മൃതശരീരത്തിനും ഇതുതന്നെയാണ് സംഭവിക്കുന്നത്. ഇതിനു ശേഷം ഈ അസ്തിപഞ്ചരങ്ങൾ കാണുമ്പോൾ ഇതിൽ ഏതാണ് ഉന്നതനായവന്റേതെന്നോ, സാധാരണക്കാരന്റേയെന്നോ തിരിച്ചറിയുവാൻ ബുദ്ധിമുട്ടായിരിക്കും. ഇതേക്കുറിച്ചോർത്ത് നാം വ്യസനിക്കേണ്ടിയിരിക്കുന്നു. ജനിക്കുമ്പോൾ മനുഷ്യരെല്ലാം വത്യസ്ഥ നിലയിലായിരിക്കും. എന്നാൽ മരിക്കുമ്പോൾ എല്ലാവരും സമരായിരിക്കും. ചുരുക്കത്തിൽ മരണത്തോടുകൂടി നമ്മൾ നേടിയെടുത്തതെല്ലാം ഉപേക്ഷിച്ചിട്ട് കുഴിമാടത്തിലേക്ക് മടങ്ങുന്നു.

**പ്രാർത്ഥന**

എന്റെ ദൈവമേ ലോകത്തിൽ വിലമതിക്കുന്നതായി കാണുന്നതെല്ലാം, മിഥ്യയും ഭോഷത്തവുമാണെന്ന് മനസ്സിലാക്കുവാനുള്ള ഉൾക്കാഴ്ച്ചയും ജ്ഞാനവും എനിക്കു നൽകി ഇതിൽ നിന്നെല്ലാം വിട്ടുനിൽക്കുന്നതിനുള്ള ശക്തി എന്റെ മരണത്തിനു മുമ്പ് എന്റെ ഹൃദയത്തിന് നൽകണമേ. ലോക സുഖങ്ങളിലും, നികൃഷ്ടമായ കാര്യങ്ങളിലും ഞാൻ ഏർപ്പെട്ട് അനന്ത നന്മയായ അങ്ങയെ ഞാൻ മുറിപ്പെടുത്തിയല്ലോ. സ്വർഗ്ഗീയ വൈദ്യനായ യേശുവേ, പാപിയായ എന്റെ ആത്മാവിലേക്ക് അവിടുത്തെ തൃക്കണ്ണുകൾ തിരിക്കേണമേ. എന്റെ പാപംമൂലം ഞാൻ എന്റെ ആത്മാവിൽ സൃഷ്ടിച്ച മുറിവുകളിലേക്ക് അങ്ങ് കരുണയോടുകൂടി നോക്കേണമെ. കർത്താവേ അങ്ങേക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും എന്നു താണുവണങ്ങിപ്പറഞ്ഞ കുഷ്ഠരോഗിയെപ്പോലെ (മത്താ. 8:2). ഞാനും ഏറ്റുപറയുന്നു. അങ്ങേക്ക് നിശ്ചയമായി മനസ്സുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. എങ്കിലും അതിനു മുമ്പായി അങ്ങേക്കെതിരായി ചെയ്ത പാപങ്ങളെക്കുറിച്ചോർത്ത് ഞാൻ ആഴമായി അനുതപിക്കേണ്ടിയിരിക്കുന്നു. എന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നും ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു. എന്നെ സൗഖ്യപ്പെടുത്തണമേ. അങ്ങയെ ഞാൻ പലപ്പോഴും മറക്കാറുണ്ടെങ്കിലും, അവിടുന്നെന്നെ ഒരിക്കലും മറക്കാറില്ല എന്ന് ഞാൻ മനസ്സിലാക്കുന്നു."ദുഷ്ടൻ താൻ ചെയ്ത പാപങ്ങളിൽ നിന്നെല്ലാം പിൻതിരിയുകയും എന്റെ കല്പനകൾ അനുസരിക്കുകയും നീതിയും ന്യായവും പ്രവർത്തിക്കുകയും ചെയ്താൽ അവൻ ചെയ്തിട്ടുള്ള അതിക്രമങ്ങൾ അവനെതിരായി പരിഗണിക്കപ്പെടുകയില്ല" എന്ന് യെഹെസ്കേൽ 18:21 ലൂടെ അവിടുന്ന് അരുളിചെയ്തിട്ടുണ്ടല്ലോ. ഈ വചനത്തിൽ ഉറച്ചു വിശ്വസിച്ചുകൊണ്ട് ഞാൻ ചെയ്ത പാപങ്ങളെയെല്ലാം ഞാൻ വെറുത്തുപേക്ഷിക്കുന്നു. ഇനി മേലിൽ ഞാൻ ഈ പാപങ്ങൾ ചെയ്ത അങ്ങ് തന്ന കൃപകൾ

നഷ്ടപ്പെടുന്നതിനേക്കാൾ ഭേദം മരിക്കുകയായിരിക്കും എന്ന് ഞാൻ ഏറ്റുപറയുന്നു. അവിടുത്തെ കൃപയിൽ ആശ്രയിച്ച് ജീവിക്കാതെ ഈ ലോകം നൽകുന്ന സുഖങ്ങൾ എനിക്കൊരു ഗുണവും ചെയ്യുകയില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്റെ ബലഹീനതയിൽ അങ്ങെന്നെ സഹായിക്കണമേ. സാത്താൻ എന്നെ പ്രലോഭിപ്പിക്കുകയും അവന്റെ അടിമയാക്കാൻവേണ്ടി എന്നെ ആക്രമിക്കുകയും ചെയ്യുന്നു. യേശുവേ എന്നെ ഉപേക്ഷിക്കരുതേ. ഞാൻ അങ്ങയുടെ സ്നേഹത്തിന്റെ അടിമയാകുവാൻ ആഗ്രഹിക്കുന്നു. അവിടുന്ന് മാത്രമാണ് എന്നെ സൃഷ്ടിച്ചതും രക്ഷിച്ചതും. അങ്ങു മാത്രമാണ് മറ്റാരേക്കാളും എന്നെ സ്നേഹിച്ചത് എന്നു ഉൾക്കൊണ്ടുകൊണ്ട് ഞാൻ അങ്ങയെ മാത്രം സ്നേഹിക്കുന്നു.

**മരണക്കിടക്കയിൽ വെച്ചുള്ള കീർത്തിയും ശക്തിയും**

മരണ നാഴിക അടുത്തപ്പോൾ സ്പെയിനിലെ രാജാവായ ഫിലിപ്പ് രണ്ടാമൻ തന്റെ മകനെ വിളിച്ച് തന്റെ വിശിഷ്ട വസ്ത്രം ഊരി മാറ്റി. അദ്ദേഹത്തിന്റെ നെഞ്ചുഭാഗത്ത് പുഴുവരിച്ചിരുന്നത് കാണിച്ചു കൊടുത്തിട്ട് ഇപ്രകാരം പറഞ്ഞു. രാജകുമാരാ നമ്മൾ മരിക്കുമ്പോൾ എങ്ങനെയാണെന്ന് നോക്കുക. ഈ ലോകത്തിന്റെ ആഡംഭരങ്ങളും പ്രതാപവും മഹത്വവും എങ്ങനെ അവസാനിക്കുന്നു എന്ന് നോക്കുക. മരണം ധനത്തേയോ, അധികാരത്തേയോ ഒന്നും ഭയക്കുന്നില്ല. രാജാവോ അടിമയോ ആരുമാകട്ടെ മരണത്തോടുകൂടി എല്ലാവരേയും അനുഗമിക്കുന്നത് അഴുകലും ചീഞ്ഞുപോകലും മാത്രമാണ്.

മഹാനായ അലക്സാണ്ടർ മരിച്ചു കഴിഞ്ഞപ്പോൾ ഒരു തത്വജ്ഞാനി ഇപ്രകാരം വെളിപ്പെടുത്തി. "ഇന്നലെവരെ ഭൂമിയുടെ മുകളിൽ കൂടി ചവിട്ടിമെതിച്ചു നടന്ന ആ മനുഷ്യൻ ഇപ്പോൾ ഭൂമിക്കുള്ളിൽ അടക്കം ചെയ്യപ്പെട്ടിരിക്കുന്നു. ഇന്നലെവരെ അദ്ദേഹത്തിനു ഈ ഭൂമി മുഴുവൻ കിട്ടിയാലും മതിയാകുമായിരുന്നില്ല. ഇപ്പോൾ അദ്ദേഹത്തിന് ആറടി മണ്ണുമതി. ഇന്നലെവരെ അദ്ദേഹം തന്റെ പട്ടാളത്തെ മുഴുവൻ നയിച്ചുകൊണ്ട് ഭൂമിയിലൂടെ നടന്നു. ഇന്ന് അദ്ദേഹത്തെ ചില ചുവടുകാർ ശവപ്പറമ്പിലേക്ക് നയിച്ചുകൊണ്ടു പോകുന്നു. പൊടിയും ചാരവുമായ മനുഷ്യന് അഹങ്കരിക്കുവാൻ എന്തുണ്ട്? ജീവിച്ചിരിക്കെ തന്നെ അവന്റെ ശരീരം ജീർണ്ണിക്കുന്നു. ഇന്ന് രാജാവ്, നാളെ ജഡം-മരിച്ചു കഴിഞ്ഞാൽ പുഴുവിനും, കൃമിക്കും, വന്യമൃഗങ്ങൾക്കും അവകാശം.

അല്ലയോ മനുഷ്യാ, നീ വെറും പൊടിയും ചാരവുമാണെന്ന് അറിയുന്നില്ലെ. ലോകകാര്യങ്ങളും അതിന്റെ മഹത്വത്തേയും കുറിച്ച് ചിന്തിച്ച് നീ എത്രയധികം സമയം പാഴാക്കുന്നു. മരണം നിശ്ചയമായും കടന്നുവരും. അപ്പോൾ നിന്റെ മഹത്വവും നീ തയ്യാറാക്കുന്ന പദ്ധതികളും എല്ലാം അതോടുകൂടി അവസാനിക്കും. ആ ദിവസം അവരുടെ ചിന്തകളെല്ലാം ഇല്ലാതായി തീരുമെന്നാണല്ലോ ദാവീദ് സങ്കീർത്തനത്തിലൂടെ നമ്മോടു പറയുന്നത്.

"മരണം വരുമൊരുനാൾ
ഓർക്കുക മർത്യ, നീ
കൂടെ പോരും നിൻ
ജീവിത ചെയ്തികളും
സൽകൃത്യങ്ങൾ ചെയ്യുക നീ
അലസത കൂടാതെ"

ഈ ഗാനം നമ്മെ ഓർമ്മിപ്പിക്കുന്നത് ജീവിത കാലം മുഴുവൻ സൽകൃത്യങ്ങൾ ചെയ്തുകൊണ്ട് ജീവിക്കുവാനാണല്ലോ. അതായത് മരണംവരെ. എന്നാൽ മരണം വരെ സൽകൃത്യങ്ങൾ മാത്രമല്ല, മറ്റു ചില കാര്യങ്ങൾ കൂടി ചെയ്യേണ്ടതായുണ്ട്. പാപത്തെ ഉപേക്ഷിച്ച് അനുതാപമുള്ള ഒരു ഹൃദയത്തോടുകൂടി ജീവിക്കേണ്ടതായുണ്ട്. അതിനായി വി. കുമ്പസാരം എന്ന കൂദാശ സ്വീകരിച്ചുകൊണ്ട് വി. കുർബ്ബാനയിൽ പങ്കെടുത്ത് യേശുവിന്റെ തിരുശരീരരക്തങ്ങൾ നിരന്തരമായി സ്വീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഒപ്പംതന്നെ ഒരു നല്ല മരണം ലഭിക്കാനുള്ള കൃപയ്ക്കായി എപ്പോഴും പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. കൃപനിറഞ്ഞ മറിയമെ എന്ന പ്രാർത്ഥനയുടെ അവസാനഭാഗത്ത് ദൈവമാതാവിന്റെ മാദ്ധ്യസ്ഥം നമ്മൾ അപേക്ഷിക്കുന്നത് ഈ ലക്ഷ്യത്തോടുകൂടിയാണല്ലോ. ഇതിനായി ദൈവമാതാവിന്റെ മാദ്ധ്യസ്ഥം എല്ലാവരേയും സഹായിക്കട്ടെ.

## വെരി.റവ. ഡോ. എം.കെ. തോമസ് കോർ-എപ്പിസ്കോപ്പ 25-ാം ചരമവാർഷികദിനവും ചാരിറ്റി ഫണ്ട് ഉദ്ഘാടനവും

വെരി.റവ. ഡോ. എം.കെ. തോമസ് കോർ-എപ്പിസ്കോപ്പയുടെ 25-ാം ചരമവാർഷികദിനവും ചാരിറ്റി ഫണ്ട് ഉദ്ഘാടനവും സെപ്റ്റംബർ 6-ാം തീയതി തെള്ളകം സെന്റ് മേരീസ് ക്നാനായ പള്ളിയിൽ വച്ച് വി. കുർബ്ബാനയ്ക്കുശേഷം സമുദായ വലിയ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവ്വഹിച്ചു. അനുസ്മരണ സമ്മേളനത്തിൽ വികാരി റവ.ഫാ. ബിബി ഏബ്രഹാം കിഴക്കേമുറിയിൽ അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ. എം.കെ. കുര്യൻ മണലിത്തറ, ഫാ. മാത്യു കുരുവിള എരുത്തിപ്പാട്ട്, ഫാ. പുന്നൂസ് കുന്നേൽ, സമുദായ ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ, സാബു കണ്ണാട്ടിപ്പുഴയിൽ, ഡോ. റ്റി.എം. ഇടിക്കുള തുണ്ടിയിൽ, ഇടവക ട്രസ്റ്റി റോയി കണിയാംമലയിൽ, സെക്രട്ടറി പീലിപ്പോസ് ഏബ്രഹാം വെൺപാലവീട്ടിൽ, കെ.ഐ. ഏബ്രഹാം കളപ്പുരയ്ക്കൽ, സാജു ഏബ്രഹാം മണലിത്തറ, മനോജ് മാത്യു മണലിത്തറ, സണ്ണി വേങ്ങാട്ട് എന്നിവർ അച്ചനെ അനുസ്മരിച്ചുകൊണ്ട് സംസാരിച്ചു.

# A Summary of The Gospel According to Saint John

**Meekhal Rachel Thomas**
Student of St. George Sunday School, Venpala

**Introduction**

The gospel according to St.John is quite different in character from the three Synoptic gospels. It is highly literary and symbolic. It does not follow the same order or reproduce the same stories as the Synoptic gospels. To a much greater degree, it is the product of a developed theological reflection and grows out of a different circle and tradition. It was probably written in the 90s of the 1st century. The gospel according to John, 4th of the New Testament narratives recounting the life and death of Jesus Christ. John's is the only one of the four not considered among the Synoptic gospels (i.e. those presenting a common view).

**Author**

The traditional belief of Christians is that the gospel is ostensibly written by Saint John the apostle, 'the beloved disciple of Jesus'.There has been considerable discussions of the actual identity of the author also. The language of the gospel and its well developed theology suggests that the author may have lived later than John and based his writing on John's teachings and testimonies. Moreover, the facts that several episodes in the life of Jesus are recounted out of sequence with the Synoptics and that the final chapter appears to be a later addition suggest that the text may be composite.



**Place and Date of Composition**

The gospel's place and date of composition are uncertain. Many scholars suggest that it was written in Ephesus, in Asia minor, about 100 CE for the purpose of communicating the truths about Christ to Christians of Hellenistic background. Many support a location in Syria, perhaps the city of Antioch, while some have suggested other places, including Alexandria.

The principal divisions of the gospel according to John are the following:

I.Prologue, II. The Book of Signs, III. The Book of Glory, IV. Epilogue: The Resurrection Appearance in Galilee.

**I. Prologue**

